# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

For Private circulation only

GULF EDITION

Issue No.7, October 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


## ഇത്രത്തോളം യഹോവ സഹായിച്ചു...

*1977 ജൂണിൽ ബഹറിൻ എന്ന ദ്വീപ് സമൂഹത്തിലേക്ക് വന്ന ലാജി പാസ്റ്റർ എന്ന് സ്നേഹത്തോടെ ദൈവമക്കൾ വിളിക്കുന്ന പാസ്റ്റർ വർഗീസ് മാത്യു, 40 വർഷത്തെ പ്രവാസജീവിതവും ദൈവം വിശ്വസ്തനെണ്ണി തന്നെ ഭരമേൽപ്പിച്ച ശുശ്രൂഷയും തികച്ചു സ്വദേശമായ ചെന്നിത്തലയിലേക്ക് മടങ്ങിപോകുന്നു.*

നാട്ടിൽ സാധാരണ ഒരു സഭാവിശ്വാസിയായി തുടരുന്നതിനിടയിൽ തന്റെ പിതാവ് പെട്ടെന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെടുവാനിടയായി. അതിനു രണ്ട് വർഷം മുമ്പ് രക്ഷാനിർണ്ണയം പ്രാപിച്ച് ഒരു ദൈവഭക്തനായാണ് പ്രിയ പിതാവ് കർത്താവിൽ നിദ്രപാപിച്ചത്. ചുരുങ്ങിയ രണ്ടു വർഷകാലയളവിൽ പിതാവിലൂടെ തന്റെ ഹൃദയത്തിൽ വിതക്കപ്പെട്ട ദൈവവചനമെന്ന വിത്താണ് പിൽക്കാലങ്ങളിൽ ദൈവകൃപ അനുഭവിപ്പാൻ പാസ്റ്റർ ലാജിയെ സഹായിച്ചത്.



പാസ്റ്റർ വർഗീസ് മാത്യുവും ഭാര്യ ജെസ്സി മാത്യുവും

ഒരു ജോലിക്കായി അപേക്ഷിച്ച തനിക്ക് വിസയാണ് ലഭിച്ചത്. അങ്ങനെ അത്ഭുതകരമായ ദൈവീക ഇടപെടലുകളിലൂടെ ബഹറിനിൽ ഗൾഫ് എയറിൽ ജോലി ലഭിച്ചു. അന്ന് ഉൾപ്പെട്ടു നിന്ന പള്ളി ഇവിടെ ഇല്ലായെന്നുള്ളത് ചില നാളുകൾക്കുള്ളിൽ മനസിലാക്കുവാൻ കഴിഞ്ഞു. ജോലി സ്ഥലത്തു നിന്ന് ലഭിച്ച ചില സുഹൃത്തുകളെ സംഘടിപ്പിച്ച് അതിനായി പ്രവർത്തിക്കുകയും അത് സാക്ഷാത്കരിക്കുകയും ചെയ്തു.

1981 -ൽ കുടുംബ ജീവിതത്തിലേക്ക് പ്രവേശിപ്പാൻ ദൈവം സഹായിച്ചു. അങ്ങനെ കുടുംബമായി പാർത്തുവരവേയാണ് 1985 -ൽ സ്വദേശീകരണത്തിന്റെ ഭാഗമായി ജോലിയിൽ നിന്ന് മാറേണ്ട അവസ്ഥയുണ്ടായി. ആ സമയത്ത് നിരന്തരമായി ചില ദൈവമക്കളുടെ സന്ദർശനവും പ്രാർത്ഥനകളും ഒരു ആശ്വാസമായി മാറുകയും അത് കർത്താവിങ്കലേക്ക് കൂടുതലായി അടുക്കാൻ കാരണമായിത്തീരുകയും ചെയ്തു.

സൽമാനിയയിലെ ഒരു ഭവനത്തിൽ ആ സമയങ്ങളിൽ മലയാള കൂടിവരവുണ്ടായിരുന്നു. അതിൽ പങ്കെടുക്കവേ കേട്ട ദൈവവചനവും പിതാവ് തന്റെ ഹൃദയത്തിൽ പാകിയ വിത്തുകളും മുളയ്ക്കുവാൻ തുടങ്ങി. അന്ന് അമേരിക്കൻ ചാപ്പലിൽ പ്രൈസ് ആന്റ് പ്രയർ ഫെല്ലോഷിപ്പ് എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീറ്റിംഗും ഉണ്ടായിരുന്നു. ഇവ രണ്ടും ഒരുമിച്ച് ഫിലദെൽഫ്യ എന്നൊരു കൂട്ടായ്മ ഉണ്ടായി. അങ്ങനെ 1985 -ൽ ഫിലദെൽഫ്യയിൽ വന്നു. 1990 -ൽ ഡീക്കനായി, 1995-ൽ എൽഡർ ആയി, 1998 -ൽ പാസ്റ്റർ ആയി, കൃപയാൽ ഇടയശുശ്രൂഷയിലേക്ക് ദൈവം നടത്തി. പാസ്റ്റർ ലൊനൻ ജോർജ്, പാസ്റ്റർ കോശി മാത്യു, ബ്രദർ പി.ജി.വർഗീസ് എന്നീ ദൈവദാസന്മാർ വഴികാട്ടികളായി തന്നെ ശുശ്രൂഷയിൽ വളരുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ടവരാണ്.

13 ഭാഷകളിൽ ആരാധന നടക്കുന്ന ഫിലദെൽഫിയ എന്ന വലിയ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ 12 വർഷത്തെ ട്രഷററായും സി.ഇ.എഫ് എന്ന പ്രസ്ഥാനത്തിൽ വളരെ വർഷങ്ങൾ ട്രഷററായും നാഷണൽ കമ്മിറ്റി മെമ്പറായും പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ദൈവസന്നിധിയിൽ നന്ദി ഉള്ളവനാണെന്നും പാസ്റ്റർ വർഗീസ് മാത്യു പറഞ്ഞു.

ഇന്ന് സഭകൾ എണ്ണത്തിൽ പെരുകി, സഭകളിൽ വിശ്വാസികളും വർദ്ധിച്ചു എങ്കിലും പഴയകാല ആത്മീകനിലവാരം കുറഞ്ഞോ എന്ന് ഒരു സംശയം ഉണ്ടെന്നുള്ള കാര്യം തുറന്നു പറയുകയും ദൈവജനം കൂടുതൽ ദൈവവചനം പഠിക്കാൻ സമയം കണ്ടെത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

.....ശേഷം 19 -ാം പേജിൽ

## HH കുഞ്ഞാപ്പി & ഇന്നാമ്മ




## പാറയിൽ നിന്ന് തേൻ!



ജിജോ അങ്കമാലി

സാധിക്കുമോ? സാധിക്കില്ലെന്ന് ആർക്കാണറിയാത്തത്? പാറയിൽ നിന്ന് തേനോ ? തീർത്തും അസാദ്ധ്യം. കാരണം പ്രകൃതി നൽകുന്ന മധുരങ്ങളിൽ ഏറ്റവും മേത്തരമായ മധുരമാണ് തേൻ. അതുപോലെ തന്നെ പ്രകൃതിയിലെ ഏറ്റവും കഠിനമായ വസ്തുക്കളിൽ ഒന്നാണ് പാറ. എന്നാൽ സങ്കീ.81:16-ൽ 'ഞാൻ പാറയിൽ നിന്നുള്ള തേൻകൊണ്ടു നിനക്ക് തൃപ്തി വരുത്തുമായിരുന്നു' എന്നാണ് ദൈവം പറയുന്നത്. ഇതെങ്ങനെയാണ് സാധ്യമാവുക?

പാറയിൽ നിന്നല്ല പിന്നെയോ തേൻകട്ടയിൽ നിന്നാണ് അഥവാ തേനീച്ചക്കൂട്ടിൽ നിന്നാണ് തേൻ ലഭിക്കുക. എന്നാൽ ഇവിടെ ദൈവം പറയുന്നത് നമ്മുടെ ജീവിതാനുഭവങ്ങളോട് ബന്ധപ്പെടുത്തിയാണ്. എറ്റവും കഠിനമായതും കണ്ണ് നനയിക്കുന്നതുമായ ജീവിതാനുഭവങ്ങളിൽ കൂടി നിങ്ങൾ കടന്നു പോയാലും അതിൽ നിന്നും ഏറ്റവും മധുരതരമായ അനുഭവങ്ങളെ നൽകി നിങ്ങളെ തൃപ്തിപ്പെടുത്തും എന്നാണ് വാഗ്ദത്തം. ജീവിത വീഥിയിലെ പാറകളെ ദൈവം എന്തുകൊണ്ടാണ് നീക്കാത്തത് എന്നാണ് നമ്മുടെ ചോദ്യവും സംശയവും. പാറക്കു പകരം പുല്ലും പൂവും നിറഞ്ഞ വഴികളിലൂടെ സഞ്ചരിച്ചു നീങ്ങാനാണ് നമുക്ക്

.....ശേഷം 29 -ാം പേജിൽ

## യാത്രയായി....

ചെങ്ങന്നൂർ പാണ്ടനാട് സ്വദേശി

**ബിനു കെ ജോയി**

ബഹ്റിനിൽ വെച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ.പി.സി ബേഥെസ്ദാ-സൽമാബാദ് സഭാംഗമാണ്.

ഭാര്യ: റോബി ബിനു

(ബഹറിൻ സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ)

മക്കൾ: ഇവാ, ഹെലൻ



EDITORIAL

# നാം ക്രിസ്തുവിനാൽ പിടിക്കപ്പെട്ടവരാണ്



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

ശ്രദ്ധിക്കുക! വെറും രക്ഷക്കായി മാത്രം വിളിക്കപ്പെട്ടവരല്ല നാം. രക്ഷ എന്നത് ചില വലിയ സംഗതികൾക്കുള്ള ഒരു തുടക്കം മാത്രമാണ്. നമ്മെ തിരഞ്ഞെടുത്തതിന്റെ അതിപ്രധാനമായ ദൈവീകോദ്ദേശം മറ്റുപല നല്ലകാര്യങ്ങൾ ചെയ്യുന്നതിനിടയിൽ നാം മറന്നുപോകരുത്.

ദൈവം നമ്മോട് ഇടപെടുന്നത് ദൈവത്തിന് നമ്മെപ്പറ്റിയുള്ള പ്രത്യേകമായ ഉദ്ദേശത്തിന്റെ വെളിച്ചത്തിലാണ്, അല്ലാതെ നമ്മെകൊണ്ടുള്ള സാമാന്യമായ ഉപയോഗത്തിന്റെ വെളിച്ചത്തിലല്ല. നമ്മിലുള്ള പ്രശംസാഹർമായ കാര്യങ്ങൾ കണ്ട് തൃപ്തിപ്പെടുന്നവനല്ല ദൈവം. നമ്മെ പിടിച്ചത് പ്രധാനമായും എന്ത് ഉപയോഗത്തിനാണ് എന്നത് പരിഗണിച്ചാണ് നമ്മുടെമേലുള്ള ദൈവത്തിന്റെ ന്യായവിധി.

ദൈവത്തിന്റെ ഉദ്ദേശവും ദൈവം നമുക്കുവേണ്ടി എന്താണ് പ്ലാൻ ചെയ്തിരിക്കുന്നത് എന്നുള്ളതും നാം മനസിലാക്കുമ്പോൾ നാമധേയമായ ക്രിസ്ത്യാനിത്വവും ഉപരിപ്ലവമായ ഭൗതീക നന്മകളും കണ്ട് തൃപ്തിപ്പെടാൻ നമുക്ക് സാധിക്കുകയില്ല. നമുക്ക് മഹത്തായ ഒരു ഭൂതകാലം ഉണ്ടായിരുന്നു എന്നതോ ദൈവീകാനുഗ്രഹങ്ങളുടേയും ഉപയോഗത്തിന്റേയും മഹത്വകരമായ ചരിത്രം ഉണ്ട് എന്നതോ നമ്മെ തുടർന്നും നിലനിർത്താൻ ദൈവ മുമ്പാകെ മതിയായ കാരണമല്ലെന്ന് ദൈവവചനം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. ഏത് ഉദ്ദേശത്തോടുകൂടിയാണോ ദൈവം നമ്മെ വിളിച്ചത് ആ ഉദ്ദേശം നിറവേറപ്പെടുന്നില്ലെങ്കിൽ ദൈവം നമ്മെ ഉപേക്ഷിക്കുക തന്നെ ചെയ്യും.

നാം ഓരോരുത്തരും ഈ പ്രസ്താവന വായിച്ചിരിക്കണം. പണ്ട് നാം നല്ല വ്യക്തിയായിരുന്നു, പ്രാർത്ഥിക്കുന്നവനായിരുന്നു എന്നതല്ല വിഷയം, നമുക്ക് ദൈവവുമായുള്ള ബന്ധം ഇപ്പോഴും ഉണ്ടോ? ദൈവീക പ്രകാശം ഇപ്പോഴും നമ്മിലുണ്ടോ ? ഇതാണ് പരമപ്രധാനമായ ചോദ്യം. ഇത് നമുക്ക് എല്ലാവർക്കും ബാധകമാണ്.

വിജയി എന്ന പദം തന്നെ എവിടെയോ പരാജയം ഉണ്ടെന്ന് സൂചിപ്പിക്കുന്നു. നാം ക്രിസ്തുവിൽ വിജയികളാണ്. എന്നാൽ ആ വിജയം മൊത്തമായും നമ്മുടെ ജീവിതത്തിൽ നിലനിർത്തണം എന്നത്രേ നമ്മെപ്പറ്റി ദൈവത്തിന്റെ ഉദ്ദേശം.

പുതിയനിയമം യേശുവിന്റെ സാക്ഷികളെന്ന് അംഗീകരിക്കുന്നത് യേശുവിനെപ്പറ്റി സംസാരിച്ചവരെയല്ല, മറിച്ച് അവന്റെ പുനരുത്ഥാനത്തിന്റെ ജീവനാൽ നിറഞ്ഞ്, സാക്ഷികളായവരെയത്രേ.

യേശു ജീവിക്കുന്നുവെന്നും അവൻ ലോകത്തിന്റെ അന്ധകാരപൂരിതമായ, നാശകരമായ പശ്ചാത്തലത്തിലും വിജയശ്രീലാളിതനാണെന്നും നാം സാക്ഷ്യം പറയണം.

ഈ ജീവന്റെ സാക്ഷ്യം പറയുവാനും നമ്മുടെ സാനിദ്ധ്യം കൊണ്ടു ഇത് വെളിപ്പെടുത്തുവാനുമാണ് നാം ഇവിടെ ആയിരിക്കുന്നത്. ഈ ദിവസത്തിന്റെ, ഈ മണിക്കൂറിന്റെ ആവിശ്യം അതാണ്. ഇതാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഇത് നമ്മിൽ കാണാൻ കഴിയുന്നില്ലെങ്കിൽ എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്താലും, ദൈവ മകൻ/മകൾ എന്ന പേരിൽ തുടരുന്നതിന് ന്യായീകരണം നഷ്ടപ്പെടുകയും അത്യന്തികമായി ദൈവത്താൽ ത്യജിക്കപ്പെടുകയും ചെയ്യും.

നാം ക്രിസ്തുവിനാൽ പിടിക്കപ്പെട്ടവരാണ്. നമ്മെ പിടിച്ചതിനു പിന്നിൽ ദൈവത്തിന് വലിയ ഒരു ഉദ്ദേശം ഉണ്ട്. യേശു ജീവിക്കുന്നു എന്ന് നമ്മുടെ ജീവിതം കൊണ്ടുതന്നെ നാം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതാണ് യാഥാർത്ഥ്യം, ഇതാണ് നാം ജീവിക്കുന്നതിന്റെ അടിസ്ഥാനം.

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-
Views and opinions expressed in various articles and features in “Hello Hope” are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
00973 17877171



## “ഹലോ ഹോപ്പ്” ഓൺലൈനിൽ



ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

## ഗ്രീൻ റേഡിയോ സംപ്രേഷണം തുടങ്ങി




പുതു ജീവിതം എന്ന സന്ദേശവുമായി ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കു എച്ച്ഡി ശ്രവ്യ മികവോടെ 24 മണിക്കൂർ പ്രക്ഷേപണത്തിലൂടെ ക്രൈസ്തവ മാധ്യമരംഗത്തു ഒരു പുതിയ ചുവടുവയ്പ്പുമായി ഗ്രീൻ റേഡിയോ സെപ്റ്റംബർ 25 മുതൽ സംപ്രേഷണം ആരംഭിച്ചു.

ഗ്രീൻ മിനിസ്ട്രീസ് നേതൃത്വം നൽകുന്ന ഈ റേഡിയോയിലൂടെ പഴയതും പുതിയതുമായ ക്രിസ്തീയ ഭക്തി ഗാനങ്ങൾ, ധ്യാന ചിന്തകൾ, നാടകങ്ങൾ, കുട്ടികൾക്കുള്ള വിവിധ പരിപാടികൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐഫോൺ, ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് സൗജന്യമായി ഈ റേഡിയോ ആപ് ഡൗൺലോഡ് ചെയ്യാം

# ത്യാഗം ഒരു യാഗമാണ്




പാസ്റ്റർ സാം റ്റി മുഖത്തല

ഫ്ളോറൻസ് നൈറ്റിംഗേൽ എന്ന സാധാരണക്കാരിയായ നഴ്സ് ചെയ്ത ത്യാഗപൂർണ്ണമായ സേവനം എല്ലാക്കാലത്തും മനുഷ്യസമൂഹം ഓർത്തിരിക്കും. ആധുനിക നഴ്സിംഗിന് അടിത്തറ പാകിയത് ഫ്ളോറൻസ് നൈറ്റിംഗേലാണ്. 1820 മെയ് 12 ന് ഇറ്റലിയിലെ ഫ്ളോറൻസ് നഗരത്തിലെ ബ്രിട്ടീഷ് കുടുംബത്തിലാണ് നൈറ്റിംഗേൽ ജനിച്ചത്. 'വിളക്കേന്തിയ വനിത' എന്ന പേരിലാണ് അറിയപ്പെട്ടത്. നൈറ്റിംഗേൽ ഒരു എഴുത്തുകാരിയുമായിരുന്നു. ക്രിമിയൻ യുദ്ധക്കാലത്ത് പരുക്കേറ്റ പട്ടാളക്കാർക്ക് നൽകിയ പരിചരണമാണ് അവരെ പ്രശസ്തയാക്കിയത്. യുദ്ധക്കാലത്ത് ബ്രിട്ടന്റെ സേന തുർക്കിയിൽ യുദ്ധം ചെയ്യുമ്പോൾ അവിടെയെത്തി പരിക്കേറ്റ പട്ടാളക്കാരെ രാപ്പകൽ ശുശ്രൂഷിച്ചത് ഫ്ളോറൻസ് നൈറ്റിംഗേലാണ്. പട്ടാളടെന്റുകളിൽ രാത്രിയിൽ വിളക്കുമായി ചെന്ന് മുറിവേറ്റ പട്ടാളക്കാരെ ശുശ്രൂഷിച്ചു. അതുകൊണ്ട് വിളക്കേന്തിയ വനിത എന്നു പേരു വന്നു. ബ്രിട്ടനിൽ സുഖമായി ജീവിക്കുന്നതിനു പകരം, ആരും പറയാതെ സ്വതവേ അവിടെയെത്തി മുറിവേറ്റ പട്ടാളക്കാർക്കുവേണ്ടി ജീവിച്ചു. സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ മറന്നുകളഞ്ഞ ഈ വനിത ഒടുവിൽ 90-ാം വയസ്സിൽ 1910 ആഗസ്റ്റ് 13 ന് അന്തരിച്ചു.

ഇത്തരം പ്രവർത്തികൾക്കാണ് ത്യാഗം എന്നു പറയുന്നത്. നമ്മുടെ ജീവിതത്തിൽ വിലപ്പെട്ടതിനെ മാറ്റിവെച്ച് മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്ന സേവനമാണ് ത്യാഗം. ഇങ്ങനെ നമ്മുടെ ജീവിതത്തിൽ വലിയ കാര്യം ഒന്നും ചെയ്തില്ലെങ്കിലും ചെറിയ കാര്യങ്ങളിലെങ്കിലും ത്യാഗം ചെയ്യുവാൻ പഠിക്കണം. സ്വന്തം കാര്യം മാത്രം നോക്കി ജീവിച്ച് അവസാനിക്കുന്നതിനേക്കാൾ അപരന്റെ കാര്യങ്ങൾക്ക് സമയവും പണവും ആരോഗ്യവും ചിലവഴിക്കാൻ കഴിയണം. സ്വന്തം ആഗ്രഹങ്ങളും ഇഷ്ടങ്ങളും ഇംഗിതങ്ങളും ഒക്കെ മാറ്റിവയ്ക്കുകയോ മറക്കുകയോ ചെയ്തിട്ട് മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു വേണ്ടി മനസ്സും മെയ്യും സമർപ്പിക്കുന്നതാണ് ത്യാഗം.

തിരുവചനം ത്യാഗജീവിതത്തെ ഓർമ്മിപ്പിക്കുന്നു. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ തന്നെത്താൻ താഴ്ത്തി വേഷത്തിൽ മനുഷ്യനായി തീർന്നു. ക്രൂശിലെ യാഗത്തോളം സമർപ്പിച്ചു. മനുഷ്യന് വേണ്ടിയുള്ള ത്യാഗപരമായ യാഗമാണ് ക്രൂശിൽ നടന്നത്. ദൈവമായിരുന്നവൻ മനുഷ്യനെ സ്നേഹിച്ച് മനുഷ്യനായത് ത്യാഗം തന്നെയാണ്. സമൂഹത്തിലെ സാധാരണക്കാരായിരുന്നവരെ കണ്ടെത്തി ദൈവരാജ്യത്തിൽ പ്രധാനികളാക്കിയത് ക്രൂശിലെ സ്നേഹമെന്ന ത്യാഗത്തിന്റെ പരിണിത ഫലമാണ്. മത്സ്യം പിടിക്കുന്ന സമൂഹത്തിലെ പത്രോസിനെ ദൈവരാജ്യത്തിന്റെ ഗൃഹവിചാരകൻ ആക്കിയത് ത്യാഗമാണ്.




അപ്പൊസ്തൊലനായ പൗലോസ് ത്യാഗിയായിരുന്നു. തന്റെ എഴുത്തുകളിലും, പ്രസ്താവനകളിലും അത് കാണാൻ കഴിയും. ഒരുവനെ നേടേണ്ടതിന് ഞാൻ അവനെപ്പോലെയായി എന്ന പ്രസ്താവന സുവിശേഷത്തിന് വേണ്ടിയുള്ള ത്യാഗത്തിന്റെ വാക്യമാണ്. ലാഭമായിട്ടുള്ളതെല്ലാം ക്രിസ്തു നിമിത്തം ചേതമെന്നെണ്ണി എന്ന വാക്യവും പൗലോസിന്റെ ത്യാഗമാണ്. യേശുവിനുവേണ്ടി ഒരുപാട് ലാഭങ്ങൾ വേണ്ട എന്ന് വെച്ചു. തനിക്കുണ്ടായിരുന്ന സകലബഹുമതിയും യേശുവിനായി ദൈവരാജ്യത്തിനായി സമർപ്പിച്ചു. ജീവനുള്ള യാഗം എന്ന തന്റെ പ്രബോധനം (റോമ.12:1,2), ദൈവത്തിന് പ്രസാദമുള്ള യാഗമായി ശരീരത്തെ മാറ്റുക എന്ന തന്റെ ഉപദേശം, ത്യാഗം ചെയ്ത് ശരീരത്തെ യേശുവിനായി സമർപ്പിക്കുക എന്ന അർത്ഥത്തിലാണ്. മോശെ വിശ്വാസത്താൽ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തേക്കാളും ദൈവജനത്തോട് കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു. മിസ്രയീമിലെ ഫറവോന്റെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി (എബ്രാ.11:24-26).

ഇങ്ങനെ തിരുവചനത്തിൽ അനേകം ഭക്തന്മാർ വലിയ ത്യാഗത്തിലൂടെ വിലപ്പെട്ടതിനെ ത്യജിച്ച് വിശ്വാസത്തോടെ ചേർന്നു നിന്നു. ചരിത്രം പഠിച്ചാൽ നമ്മുടെ പിതാക്കന്മാർ മിക്കപേരും ത്യാഗപൂർണ്ണമായി ജീവിതത്തിലൂടെയാണ് ക്രിസ്തുവിനെ കണ്ടെത്താൻ ശ്രമിച്ചത്. അവർ സ്ഥാനമോ, മാനമോ, സമ്പത്തോ നോക്കാതെ ദൈവരാജ്യത്തിന്റെ സത്യം മുറുകെ പിടിച്ചു. ഉണ്ടായിരുന്ന പാരമ്പര്യവും, പള്ളിയും, കുടുംബങ്ങളും വിലപ്പെട്ട പലതും ത്യാഗത്തോടെ ത്യജിച്ച് യേശുവിന്റെ പിന്നാലെ ഇറങ്ങിയവരാണ് നമ്മുടെ പിതാക്കന്മാർ. അറിഞ്ഞ സത്യത്തിനുവേണ്ടി മറ്റുള്ളവരെ നേടേണ്ടതിന് പിതാക്കന്മാർ എന്തെല്ലാം ത്യാഗം സഹിച്ചു. ഇന്ന് എവിടെ നോക്കിയാലും സ്വാർത്ഥത മാത്രമാണ്. ചെറിയ കാര്യങ്ങൾക്കു പോലും വിട്ടുവീഴ്ചാ മനോഭാവമില്ല. മാനവനോട് സ്നേഹമോ ഇല്ല. ത്യാഗത്തിലൂടേയും, സ്നേഹത്തിലൂടേയും പണിതെടുത്തതാണ് കാണുന്നതെല്ലാം. പക്ഷേ ഇന്ന് സ്വന്തം കാര്യസാധ്യത്തിനായി എന്തും ചെയ്യുന്നവരാണ്. നമുക്കും വേണ്ടേ ഒരു മടങ്ങി വരവ് ? പണ്ടത്തെപ്പോലെ നല്ല നാളിനായി പ്രാർത്ഥിക്കാം.



# ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് - വിവിധ കാലങ്ങളിൽ



പാസ്റ്റർ പി.സി വർഗീസ്

സകലകാലങ്ങൾക്കും കാരണഭൂതനായ ദൈവം തനിക്ക് ബോധിച്ച പുരുഷനായ ദാവീദിന്റെ ജീവിതത്തിൽ വിവിധ കാലങ്ങളിൽ ഇടപെട്ടതായി ദൈവവചനത്തിൽ കാണാം. ദൈവത്തിന് വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല. എന്നാൽ കാലാധീതനായ ദൈവം മനുഷ്യനു വേണ്ടി തന്നെതന്നെ ചുരുക്കി കാലത്തിന്റെ ആരംഭത്തിലും കാലാവസാനത്തിലും തന്റെ ഭൃത്യന്മാരുടെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്നത് ദൈവവചന വെളിച്ചത്തിൽ ഗ്രഹിക്കാവുന്നതാണ്. നിത്യതയെ മുറിച്ച് സമയം ഉണ്ടാക്കിയ സർവ്വശക്തൻ ഈ സമയത്തിനകത്ത് മനുഷ്യനെ കടത്തിവിടുന്ന 28 കാലങ്ങളെക്കുറിച്ച് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സഭാപ്രസംഗിയിൽ പറഞ്ഞിട്ടുണ്ട് - 3:2-8

സുഖദുഃഖ സമ്മിശ്രമായ ദാവീദിന്റെ ജീവിതത്തിൽ എടുത്ത തീരുമാനങ്ങൾ പലതും ശരിയോ തെറ്റോ എന്ന് താൻ തിരിച്ചറിഞ്ഞത് പിന്നിട്ട കാലങ്ങളിലാണ്. സുഖകാലത്ത് എടുക്കുന്ന തീരുമാനങ്ങൾ പലതും ശരിയായി കൊള്ളണമെന്നില്ല. അതുപോലെ ദുഖഃകാലത്ത് എടുക്കുന്ന തീരുമാനങ്ങൾ പലതും തെറ്റാണെന്ന ധാരണയും നന്നല്ല. ഏതു കാലത്തായാലും നാം ദൈവത്തിലാശ്രയിച്ചാണ് തീരുമാനങ്ങൾ കൈകൊള്ളുന്നതെങ്കിൽ അതിന്റെ പര്യവസാനം സുഖവും ശുഭവുമായിരിക്കും. ആയതിനാൽ മനുഷ്യസഹജമായ ലോലവികാരങ്ങൾക്കടിമായായി ദൈവത്തെക്കൂടാതെ ഒരു തീരുമാനവും ഒരു കാലത്തും നാം എടുക്കരുത്.

സങ്കീർത്തനം 30-ൽ ദാവീദ് അഭിമുഖീകരിച്ച ചില കാലങ്ങൾ / സമയങ്ങൾ കാണാൻ കഴിയും. നമുക്ക് ദൃഷ്ടാന്തത്തിനായി എഴുതിയിരിക്കുന്നവയിൽ അനുകരണീയമായ ചില വസ്തുതകൾ ചൂണ്ടികാണിക്കാം.

### *1. സുഖകാലം - സങ്കീ.30:6*

*'ഞാൻ ഒരുനാളും കുലുങ്ങിപ്പോകയില്ല എന്നു എന്റെ സുഖകാലത്തു ഞാൻ പറഞ്ഞു'.*

അനുഗ്രഹിക്കും തോറുംപലരും അകന്നുപോകുന്ന ഒരു കാലമായി സുഖകാലത്തെ വിലയിരുത്താം. നാം സുരക്ഷിതരും സുശക്തരുമാണെന്ന് തോന്നലിൽ ഒരിക്കലും കുലുങ്ങി പോകയില്ലാ എന്ന് പറയുന്ന കാലം. ദൈവത്തിനും ദൈവസഭയ്ക്കും സമൂഹത്തിനും കുടുംബത്തിനും നിരക്കാത്ത കാര്യങ്ങൾ ചെയ്യാൻ മടിക്കാത്ത അഹങ്കാരകാലമെന്നും പറയാം. അങ്ങനെ പറഞ്ഞ ദാവീദ് പിന്നീട് അതിന് വലിയ വില നൽകേണ്ടിവന്നു. ആവ.8:10-17,ദാനി.4:27-32, 2 ദിന.26:16-21.

### *2. ദൈവം തന്റെ മുഖം മറയ്ക്കുന്ന കാലം - സങ്കീ.30:7*

*'യഹോവേ, നിന്റെ പ്രസാദത്താൽ നീ എന്റെ പർവ്വതത്തെ ഉറെച്ചു നിൽക്കുമാറാക്കി; നീ നിന്റെ മുഖത്തെ മറെച്ചു, ഞാൻ ഭ്രമിച്ചുപോയി'.*

ദൈവം ഒരിക്കലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത മേഖലയാണ് പാപം. മനുഷ്യന്റെ പാപം ദൈവത്തിന്റെ മുഖത്തെ മറയ്ക്കുവാൻ കാരണമാകുന്നു. നമ്മുടെ പാപത്തെ കൈകാര്യം ചെയ്യുന്നതിനായി ദൈവം പ്രവർത്തിക്കാൻ അരംഭിക്കുമ്പോൾ നമുക്ക് അവന്റെ മുഖം മറയപ്പെട്ടേക്കാം. യെശ.54:7-8, 59:1-2, ആവ.31:17-18.

### *3. കരയുന്ന കാലം - സങ്കീ.30:8*

*' യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; യഹോവയോടു ഞാൻ യാചിച്ചു'.*

മനുഷ്യരായി പിറന്ന എല്ലാവരും കടന്നുപോകുന്ന ഒരു കാലമാണിത്. കരയാത്തവരായി ആരും തന്നെയില്ല. പല സാഹചര്യത്തിലും നിലയിലും അർത്ഥത്തിലും മനുഷ്യർ കരയുന്നവരാണ്, കരച്ചിൽ പലവിധം. എന്നാൽ ഒരു ദൈവപൈതലിന്റെ കരച്ചിലിനെ തുരുത്തിയിൽ സൂക്ഷിച്ച് അതിന്മേൽ നടപടിയെടുക്കുന്ന സ്നേഹനിധിയായ ദൈവമാണ് നമുക്കുള്ളത്. അനുതാപകണ്ണുനീർ, മരിച്ചവനായിരുന്നു എന്ന് സ്വന്തം പിതാവ് സാക്ഷിച്ച ദൂർത്ത പുത്രന്റെ വീടിനെ ന്യായപ്രമാണപ്രകാരം മരണവീടിന്റെ അനുഭവത്തിൽ നിന്നും ഉത്സവ വീടായി മാറ്റി(ആവ.21:18-21). ഫ്യൂണറലിൽ നിന്നും ഫീസ്റ്റിലേക്ക് നടത്തി.

### *4. ചോദ്യം ചോദിക്കുന്ന കാലം - സങ്കീ.30:9*

*'ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എന്റെ രക്തംകൊണ്ടു എന്തു ലാഭമുള്ളൂ ? ധൂളി നിന്നെ സ്തുതിക്കുമോ ? അതു നിന്റെ സത്യത്തെ പ്രസ്താവിക്കുമോ ?.*

ഇങ്ങനെയൊരു കാലത്തെ നാം എല്ലാവരും അഭിമുഖീകരിച്ചിട്ടുണ്ട്. എന്നാൽ ചോദ്യങ്ങൾക്ക് എല്ലായിപ്പോഴും ഉത്തരം കിട്ടണം എന്നില്ല. എന്നാൽ കണ്ണുനീരിന് മറുപടിയുണ്ട്.

### *5. പ്രാർത്ഥിക്കുന്ന കാലം - സങ്കീ.30:10*

*'യഹോവേ, കേൾക്കേണമേ; എന്നോടു കരുണയുണ്ടാകേണമേ; യഹോവേ, എന്റെ രക്ഷകനായിരിക്കേണമേ'.*

രക്ഷ, ചോദ്യങ്ങൾ ഉന്നയിക്കുമ്പോഴല്ല മറിച്ച് പ്രാർത്ഥിക്കുന്ന കാലത്താണ് വരുന്നത്. നാം എല്ലാവരും പ്രാർത്ഥിക്കുന്ന കാലത്തിലായിരിക്കാനാണ് നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം.

### *6. നൃത്തം ചെയ്യുന്ന കാലം - സങ്കീ.30:11*

*' നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു'.*

സന്തോഷത്തെ അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുവാൻ വിലാപത്തെ നൃത്തമാക്കി മാറ്റി രട്ടു അഴിച്ചു സന്തോഷം ഉടുപ്പിക്കുന്ന ഒരു കാലം. പ്രവ.3:6-9

### *7. നന്ദിയുള്ള കാലം - സങ്കീ.30:12*

*'ഞാൻ മൗനമായിരിക്കാതെ നിനക്കു സ്തുതി പാടേണ്ടതിന്നു തന്നേ, എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്കു സ്തോത്രം ചെയ്യും'.*

പത്തുപേർ ശുദ്ധരായില്ലയോ, ബാക്കി ഒമ്പതു പേർ എവിടെ എന്ന ചോദിച്ച കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് കേവലം നന്ദി കരേറ്റൽ മാത്രമല്ല നന്ദിയുള്ള ജീവിതം തന്നെയാണ്. Thanks Living is better than thanks giving. ഏതു കാലങ്ങളിലും നന്ദിയുള്ളവരായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ!




## COMMAND

*എഫെസ്യർ 6:17*

*'രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈകൊൾവിൻ'*

## PROMISE

*യെശയ്യാവ് 48:17*

*'യിസ്രായേലിന്റെ പരിശുദ്ധനും നിന്റെ വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നേ'*



# ബൈബിൾ...



പാസ്റ്റർ റ്റി.റ്റി. തോമസ്

പുസ്തകസഞ്ചയം എന്നർത്ഥം വരുന്ന ബിബ്ലിയ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്ക് ഉണ്ടായത്. ഏകദേശം 200 - ൽപ്പരം വർഷത്തെ ക്രിസ്തീയ പാരമ്പര്യമുള്ള കേരളത്തിൽ നിന്നുള്ള നമുക്ക് ഒരു വിവരണം കൂടാതെ തന്നെ ബൈബിൾ എന്നു പറഞ്ഞാൽ എന്ത് എന്ന് അറിയാം. എന്നാൽ ഇത് അറിയാൻ പാടില്ലാത്ത ആളുകളോടു പറയുമ്പോൾ അവർ ചോദിക്കാവുന്ന ഒരു ചോദ്യമാണ് എന്താണ് ബൈബിൾ ?

ഈ പുസ്കത്തിലെ അനേക കാര്യങ്ങൾ നമുക്ക് അറിയാം. എന്നാൽ അറിവില്ലാത്തവരോട് എന്ത് ഉത്തരം പറയും എന്നു നാം ചിന്തിക്കണം. ‘അതിനുശേഷം മോശെയും അഹരോനും ചെന്നു ഫറവോനോടു: മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കൽപ്പിക്കുന്നു എന്നു പറഞ്ഞു. അതിനു ഫറവോൻ: യിസ്രായേലിനെ വിട്ടയപ്പാൻ തക്കവണ്ണം ഞാൻ യഹോവയുടെ വാക്കു കേൾക്കേതിന്നു അവൻ ആർ ? ഞാൻ യഹോവയെ അറികയില്ല; ഞാൻ യിസ്രായേലിനെ വിട്ടയക്കുകയുമില്ല എന്നു പറഞ്ഞു‘ (പുറ.5:1-2). ഫറവോൻ പറഞ്ഞ അതേ പ്രതികരണമാണ് വേദപുസ്തകം അറിയാത്തവർ പറയുന്നത്. അവർക്ക് ദൈവവചനത്തെ ശരിയായി പറഞ്ഞു കൊടുക്കണമെങ്കിൽ നാം ഈ കാര്യത്തിൽ അറിവുള്ളവരായിരിക്കണം. അതുകൊണ്ട് വേദപുസ്തകത്തെപ്പറ്റി പൊതുവായി നാം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ എഴുതുവാൻ ആഗ്രഹിക്കുന്നു.

ഒരു പുസ്തകത്തിന്റെ പ്രാധാന്യം ഒരു പരിധിവരെ നിശ്ചയിക്കുന്നത് ജനസമൂഹത്തിൽ അത് എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്നതിനെ ആശ്രയിച്ചുകൂടിയാണ്. ആ രീതിയിൽ നോക്കിയാൽ ലോകത്തിൽ ഏറ്റവും കൂടുതൽ കോപ്പികൾ വിറ്റഴിയുന്നതും കൂടുതൽ ആളുകൾ സ്വന്തമാക്കിയിരിക്കുന്നതും വായിക്കുന്നതുമായ ഏക പുസ്തകം വിശുദ്ധ വേദപുസ്തകമാണ്.

ബൈബിളിന് ലഘുവായൊരു നിർവ്വചനം കൊടുത്താൽ മനുഷ്യർ എങ്ങനെ ജീവിക്കണം എന്നുള്ളതിന് ദൈവം നൽകിയിരിക്കുന്ന ദൈവീക നിർദ്ദേശങ്ങൾ അടങ്ങുന്ന പുസ്തകമാണ്. നാം ധരിക്കുന്ന വാച്ച്, ഉപയോഗിക്കുന്ന കാർ, അടുക്കളയിൽ ഉപയോഗിക്കുന്ന മിക്സി എന്നിവ നാം വാങ്ങുമ്പോൾ അവയോടൊപ്പം അതിന്റെ നിർമ്മാതാക്കൾ പ്രസ്തുത സാധനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് വിവരിക്കുന്ന ഒരു ചെറുപുസ്തകം നൽകാറുണ്ടല്ലോ.

മാനവജാതിയുടെ സൃഷ്ടാവായ ദൈവം അവർ ജീവിക്കേ രീതിയെ വിശദീകരിച്ചിരിക്കുന്ന പുസ്തകമാണ് ബൈബിൾ. നാം വാങ്ങുന്ന സാധനങ്ങൾ അതിന്റെ ഉപയോഗം അനുസരിച്ച് അവർ പറയുന്ന രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ വളരെ വേഗം അത് കേടായി പോകാൻ സാധ്യതയുണ്ട്. അതുപോലെ നമ്മുടെ സുഗമമായ ജീവിതത്തിനുവേണ്ടി ദൈവം നൽകിയിരിക്കുന്ന മുന്നറിയിപ്പുകളെ അവഗണിച്ചാൽ നാം നമ്മുടെ ജിവിതത്തെ നാശത്തിലേക്കായിരിയ്ക്കും നയിക്കുക.

വേറൊരു അർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ത്രികാല അനുഭവങ്ങളുടെ (ഭൂതം, വർത്തമാനം, ഭാവി) വിവരണമാണ് ഈ പുസ്തകത്തിലുള്ളത്. 66 ചെറുപുസ്തകങ്ങളടങ്ങുന്ന ഈ പുസ്തകത്തെ 66 പുസ്തകങ്ങളുടെ ഒരു ലൈബ്രറി എന്നു വേണമെങ്കിൽ പറയാം.

### *വേദപുസ്തകത്തിന്റെ ലക്ഷ്യം/ പ്രയോജനം:*

‘നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു‘ (2 തിമൊ.3:15-17). ഈ വാക്യം വളരെ വിശദീകരിച്ച് ചിന്തിക്കേതാകയാൽ അത് അടുത്ത ലക്കത്തിൽ നമുക്ക് തുടരാം...




HH Studio




Hello Hope Bible Quiz-6 winner Sini Dipin (IPC Bethesda) receives prize from Bro. Charles Varghese

Knowledge Cafe



Cash Prize Sent to Jolly Biju (Ipc Zionthalackal, Kottarakkara) Hello Hope Bible Puzzle-6 winner


# രക്ഷ സുവിശേഷത്താൽ മാത്രം



ഷാജി സി. തോമസ്

പൗലോസ് പറയുന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷ ഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്ക് വിളിച്ചത് ( 1 തെസ്സ.2:14). ക്രിസ്തുയേശുവിലുള്ള ഒരുവന്റെ വിശ്വാസത്താൽ രക്ഷയും മഹത്വവും അവനു ലഭിക്കുന്നു. യാതൊരു കർമ്മ മാർഗത്തിലും കൂടി ആർക്കും രക്ഷ പ്രാപിപ്പാൻ സാധ്യമല്ല. മറിച്ച് യേശു ക്രിസ്തുവിലൂടെയുള്ള വിശ്വാസത്താലത്രേ പ്രാപിക്കുന്നത്. ദൈവം നിങ്ങളെ ആദി മുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും തിരഞ്ഞെടുത്തു (1 തെസ്സ.2:13). ഇവിടെ സത്യം യേശുക്രിസ്തുവിങ്കലേക്ക് വിരൽ ചൂണ്ടുന്നു. യേശു പറഞ്ഞു ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ( യോഹ.14:6). രക്ഷയ്ക്കുള്ള ഏക വഴി കർത്താവായ യേശുക്രിസ്തു തന്നെ. എങ്ങനെ രക്ഷ പ്രാപിക്കാം ? യേശുവിലൂടെയുള്ള വിശ്വാസത്താൽ സൗജന്യമായി രക്ഷ പ്രാപിക്കാം. വിശ്വാസം ഒരുവനിൽ എങ്ങനെ ഉളവാകുന്നു ? ദൈവവചനം പഠിപ്പിക്കുന്നു, ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമ.10:17). വിശ്വസിക്കുന്നവർക്ക് ക്രിസ്തുവിന്റെ വചനത്താൽ രക്ഷയുണ്ട്. ആകയാൽ നാം എന്തു പറയേണ്ടു ?

നീതിയെ പിന്തുടരാത്ത ജാതികൾ നീതി പ്രാപിച്ചു. അത് വിശ്വാസത്താലുള്ള നീതി തന്നെ. നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ, ആ നീതിയുടെ പ്രമാണത്തിങ്കൽ എത്തിയില്ല. അതെന്തുകൊണ്ട് ? വിശ്വാസത്താലല്ല, പ്രവർത്തികളാൽ അന്വേഷിച്ചതു കൊണ്ട് തന്നേ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി ( റോമ.9:30-32). ഇതാ ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്ങൽ



പാറയും വയ്ക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല എന്ന് യെശയ്യാവ് പറയുന്നു.

യെരുശലേമിൽ ഉണ്ടായിരുന്ന ശിമ്യോൻ എന്ന മനുഷ്യൻ യേശുവിന്റെ ശൈശവ കാലത്ത് അവന്റെ അമ്മയായ മറിയയോട് ആത്മനിയോഗത്താൽ മൊഴിഞ്ഞത്, അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന് ഇവനെ യിസ്രായേലിൽ പലരുടേയും വീഴ്ച്ചയ്ക്കും, എഴുന്നേൽപ്പിനും മറുത്തു പറയുന്ന അടയാളത്തിനുമായി വച്ചിരിക്കുന്നു. രക്ഷ ദൈവത്തിന്റെ നീതിയാകുന്നു. ഇത് ദൈവത്തിന്റെ ദാനമത്രേ. എന്നാൽ യിസ്രായേല്യർ ദൈവത്തിന്റെ നീതി എന്തെന്നറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചതുകൊണ്ട് അവർ ദൈവത്തിന്റെ നീതിക്ക് കീഴ്പ്പെട്ടില്ല. വിശ്വസിക്കാത്തവർക്ക് അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയുമത്രേ. എന്നാൽ യേശുവിൽ വിശ്വസിക്കുന്നവൻ ഒരിക്കലും ലജ്ജിച്ചുപോകത്തില്ല.എന്നാൽ വിശ്വസിക്കുന്ന ഏവർക്കും ദൈവത്തിന്റെ നീതിയും രക്ഷയും ലഭിപ്പാൻ ക്രിസ്തുയേശു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു ( റോമ.10:4).


സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ദൈവത്തിന്റെ ന്യായവിധി വരേണ്ടതിന് അവൻ അവർ ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു ( 2 തെസ്സ. 2:11,12). ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം (പിശാച്) അവിശ്വാസികളുടെ മനസ്സ് കുരുടാക്കി ( 2 കൊരി. 4:4). ഇതത്രേ വിത്തുകളുടെ ഉപമയിൽ പറഞ്ഞിരിക്കുന്നത്. വിത്ത്-ദൈവവചനം, വഴിയരികെയുള്ളത്-കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ച് രക്ഷിക്കപ്പെടാതിരിപ്പാൻ പിശാച് വന്ന് അവരുടെ ഹൃദയത്തിൽ നിന്ന് വചനം എടുത്തു കളയുന്നു ( ലൂക്കോ. 8:12). ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ട് ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് എടുത്തു കളയുന്നു (മത്താ. 14:19).

എന്നാൽ ദൈവവചനം പറയുന്നു അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിയ്ക്കും നേരേ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു (റോമ.2:18). അനീതിയിൽ രസിക്കുന്നവരെ ദൈവം തന്റെ കരുണയിൽ നിന്ന് കൈവിട്ടുകളയുന്നു. സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സ.1:10). അതുകൊണ്ട് പൗലോസ് പറയുന്നു 'സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല', വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും (ജാതികളിൽ നിന്നുള്ളവർ) അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ (റോമ.2:17).

ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു ( റോമ.4:23-25). അല്ലാ, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി (നിത്യ സമാധാനം) എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ ?

എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ വിധി വെളിപ്പെടുത്തുന്ന കോപദിവസത്തേക്ക് നിനക്ക് തന്നെ കോപം ചരതിച്ചു വയ്ക്കുന്നു (റോമ.3:4,5). അതുകൊണ്ട് മനുഷ്യാ, നീ നിന്നെ തന്നെ സ്വയ നീതിക്കാരനായി കാണാതെ ഒരു പാപിയെന്നേറ്റു പറഞ്ഞ് ദൈവത്തോടു നിരന്നുകൊൾക. ഒപ്പം സകല പാപ പ്രവർത്തികളേയും വിട്ടു, ഉപേക്ഷിച്ചു നല്ല പ്രവർത്തിക്ക് വേണ്ടുന്ന സ്ഥിരത പൂണ്ട് ദൈവത്തിൽ നിന്ന് തേജസ്സും, മാനവും, അക്ഷയതയും അന്വേഷിച്ച് നിത്യജീവനെ പ്രാപിച്ചു കൊള്ളുക. അല്ലാത്ത പക്ഷം ശാഠ്യംപൂണ്ടാൽ സത്യം അനുസരിക്കാതെ അനീതിയിൽ രസിക്കുന്നവർക്കുള്ള ദൈവ കോപത്തിനും ദൈവത്തിന്റെ ക്രോധാഗ്നിക്കും ഓഹരിക്കാരനായി തീരും... (തുടരും)

# The High Priest– who sits at the right hand and serves at the sanctuary



Merin Varghese Bose

The writer of Hebrews parallels the old and new covenants to best illustrate the meaning of Jesus and the cross to those who used to follow the Jewish laws. Hebrews 8: 1&2 "We do have such a high priest, who sat down at the right hand of the throne of the Majesty in heaven, and who serves in the sanctuary the true tabernacle set up by the Lord, not by a mere human being". This is the promised new covenant-Christ, was appointed the eternal high priest to save us from sin once for all (Hebrews 9:12, 26).

We may be familiar with the duties of the high priest in the old covenant, especially being able to enter the Most Holy place only once a year, and that too, only for superficial cleansing, but, this new covenant has promised us a clear conscience before God (Hebrews 9:13&14). The readers of Hebrews were not used to the idea of entering into a relationship with God himself, and sometimes we too may/have known 'about God' through our family, reading the word, church activities etc., but God sent Jesus so that we can know Him personally. We are no longer guilty and therefore, able to know God as Christ has enabled us. We can be confident of this, because we have a mediator who is eternal and superior (Hebrews 9:15). It was his own blood that he used to enter the heavenly sanctuary after his work on the cross, not for himself, but on our behalf. How lavishly he loves us!

In this new covenant, we are completely cleansed with blood and water for the mind and body to live by faith (Hebrews 10:22). This 'new way' of living by faith is powerful, because God is faithful to his covenant (Hebrews 10:23). We can live with full assurance of God's favor because Christ is our high priest and mediator. Let us remind ourselves that we don't need to be tied down with guilt and sin, which belongs to the old covenant, but we have been set free from sin, we are sanctified and have entered into the new covenant through Christ's sacrifice (Hebrews 9:14,15,26, 7:25).

This is why it is helpful for us to always, always fix our eyes on Christ as he is the master of our faith(Hebrews 12:2). He sits at the right hand of God, and is able to create and keep perfect the faith we possess. He went through it all, and he is able to lead you through and through. His grace will make you stand and keep you going; you will not live in sin, but live for Him. All in Jesus name, Amen.

# ദൈവകൃപയിൽ നിലനിൽക്കുക



പാസ്റ്റർ വിനിൽ സി. ജോസഫ്

ധന്യനായ പൗലോസ് മൂന്ന് വലിയ മിഷണറി യാത്രകൾ നടത്തിയല്ലോ അതിൽ 1-ാം മിഷണറി യാത്രയുടെ തുടക്കം അന്ത്യോക്യ സഭയിൽ വച്ചായിരുന്നു. പ്രവ.13:1-3 വരെയുള്ള ഭാഗങ്ങൾ വായിച്ചാൽ ഈ സഭയുടെ പ്രത്യേകത നമുക്ക് കാണുവാൻ പറ്റും. ആരാധനയ്ക്കും ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ഏറ്റവും പ്രാധാന്യം കൊടുക്കുന്ന സഭ. അതുകൊണ്ട് ഉപദേഷ്ടാക്കന്മാരും പ്രവാചകന്മാരും അവിടെ ഉണ്ടായിരുന്നു. അവിടെ വച്ചാണ് അപ്പൊസ്തോലിക ശുശ്രൂഷ പൗലോസിന്റെ മേൽ വെളിപ്പെടുന്നത്. ദൈവദാസന്മാർ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് ദൈവവേലക്കായി വേർതിരിച്ചു.




മിഷണറി യാത്രയുടെ തുടക്കത്തിൽ മൂന്ന് പേര് ഒരുമിച്ചായിരുന്നു. പൗലോസും ബർണബാസും മർക്കോസ് എന്ന് മറുപേരുള്ള യോഹന്നാനും. എന്നാൽ പെർഗ്ഗയിൽ വച്ച് യോഹന്നാൻ അവരെ വിട്ടു പിരിഞ്ഞ് യെരുശലേമിലേക്ക് മടങ്ങിപ്പോയി. കാരണം സുവിശേഷവേലയിലെ കഷ്ടതയും പ്രയാസവും മർക്കോസിനെ ഏറെ തളർത്തി. സമ്പന്ന കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട മർക്കോസിനെ സംബന്ധിച്ചടുത്തോളം ഇതൊക്കെയും അന്യമായിരുന്നു.

നമ്മുടെ പിതാക്കന്മാരുടെ കാലഘട്ടത്തിൽ ഒരാൾ ദൈവവേലയ്ക്ക് വേർതിരിയപ്പെട്ടാൽ ആദ്യമേ ബൈബിൾ കോളേജിലേക്ക് വിടുകയില്ലായിരുന്നു. ശിഷ്യത്വം പ്രാപിക്കേണ്ടതിന് അനുഗ്രഹിക്കപ്പെട്ട അഭിഷിക്തന്മാരുടെ ബാഗ് ചുമന്നും ഡ്രസ്സ് അലക്കി കൊടുത്തും ഓരോ വീടും കയറി ഇറങ്ങി ട്രാക്റ്റ് കൊടുത്തും കൂടെ നിൽക്കണമായിരുന്നു. അങ്ങനെ ഉള്ളവർക്കേ ദൈവകൃപയിൽ നിൽക്കാൻ പറ്റത്തൊള്ളു.

1-ാം മിഷണറി യാത്രയിൽ അവർ ആദ്യം അഭിമുഖീകരിച്ച വിഷയം പാഫൊസ് ദ്വീപിൽ ബർയേശു എന്ന് പേരുള്ള യഹൂദനായ ഒരു കള്ള പ്രവാചകൻ ആയിരുന്നു. അദ്ദേഹം ബുദ്ധിമാനായ സെർഗ്ഗ്യോസ് എന്ന ദേശാധിപതിയോടൊപ്പം ആയിരുന്നെങ്കിലും ദേശാധിപതി ദൈവവചനം വിശ്വസിക്കാതിരിക്കേണ്ടതിന് എതിർത്തു നിന്നു.

ഇന്നും സുവിശേഷവേലയിൽ അനേക എതിർപ്പുകൾ ഉണ്ട്. എന്നാൽ പൗലോസ് ആത്മനിറവിൽ ശാസിച്ചപ്പോൾ ബർയേശുവിന് പിടിച്ചു നിൽക്കാൻ സാധിച്ചില്ല. അതുപോലെ നാമും ശാസിക്കേണ്ടതിനെ ശാസിക്കണം. അകറ്റി നിർത്തേണ്ടതിനെ അകറ്റി നിർത്തണം. എങ്കിലേ ദേശത്ത് ദൈവവചനം നിമിത്തം അനേകർക്ക് കണ്ണ് തുറക്കത്തൊള്ളു.

ഈ പ്രതികൂല സാഹചര്യങ്ങൾ എല്ലാംകൊണ്ട് മർക്കോസിന്റെ മനസ്സ് മടുത്തു കാണുമായിരിക്കാം എന്നാൽ പിൽകാലത്ത് മർക്കൊസ് പൗസോസിന് പ്രയോജനമുള്ളവനായി തീർന്നു (2 തിമൊ.4:11). 1 കൊരി.15:10-ൽ പൗലോസ് പറഞ്ഞു ‘ എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാൻ അല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ‘. അപ്പോൾ സുവിശേഷവേലയ്ക്ക് ഏറ്റവും അത്യന്താപേക്ഷം പണം അല്ല, വാഹനം അല്ല, സഹഭൃത്യന്മാരല്ല, ദൈവകൃപയാണ്.

***വചനത്തിന്റെ മുന്നറിയിപ്പ് :***
‘ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കൈപ്പുള്ള വേരും മുളെച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നടപ്പുകാരനോ‘ (എബ്രാ.12:15) ‘ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേറുപ്പെട്ടുപോയി; നിങ്ങൾ കൃപയിൽനിന്നു വീണുപോയി‘( ഗലാ.5:4)

‘ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു തെസ്സലോനീക്കയിലേക്കു പോയി. ക്രേസ്കേസ് ഗലാത്യെക്കും തീതോസ് ദല്മാത്യെക്കും പോയി‘ (2 തിമൊ.4:10). ബിലയാമും, ദേമാസും, ആസ്യക്കാരും എല്ലാം ദൈവകൃപ വിട്ട് പോയി. ഇവരെല്ലാവരും ഒരു കാലത്ത് ദൈവകൃപയിൽ നിലനിന്നവരായിരുന്നു. ലോകത്തെ സ്നേഹിച്ചും പണത്തെ സ്നേഹിച്ചും അനേകർ ദൈവകൃപയിൽ നിന്ന് വീണ് പോകുമ്പോൾ ദൈവസ്നേഹത്താൽ ദൈവകൃപയിൽ നിലനിന്ന് കൃപ വ്യർത്ഥമാക്കാതെ നമുക്ക് സൂക്ഷിക്കാം.

# ‘നീ ദൈവത്തിന്റേയല്ല മനുഷ്യരുടെതത്രേ കരുതുന്നത്’



പാസ്റ്റർ ജിതിൻ വെള്ളകോട്ട്, കുവൈറ്റ്

‘മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളികളഞ്ഞ് കൊല്ലുകയും, മൂന്നു നാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കുകയും വേണം എന്നു അവരെ ഉപദേശിച്ചുതുടങ്ങി. അവൻ ഈ വാക്കു തുറന്നു പറഞ്ഞു. അപ്പോൾ പത്രോസ് അവനെ വേറിട്ടു കൊണ്ടുപോയി ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞുനോക്കി ശിഷ്യന്മാരെ കണ്ടിട്ടു പത്രോസിനെ ശാസിച്ചു.’സാത്താനെ എന്നെ വിട്ടു പോ; നീ ദൈവത്തിന്റേയല്ല മനുഷ്യരുടെയത്രേ കരുതുന്നത്’ എന്നു പറഞ്ഞു (മർ.8:31-33).

യേശുവിനെ അനുഗമിക്കുവാനുള്ള വിളിക്ക്, തന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള അവന്റെ മുന്നറിയിപ്പിനോടു അടുത്ത ബന്ധമാണുള്ളത്. യേശു കഷ്ടത സഹിക്കയും തള്ളപ്പെടുകയും വേണം. ഇവ കൂടിയേ തീരു എന്ന സംഗതി ദൈവത്തിന്റെ വാഗ്ദാനത്തിൽ അടങ്ങിയിട്ടുണ്ട്. തിരുവചനം നിവൃത്തിയായേ മതിയാകൂ. യേശുവിന്റെ ക്രൂശീകരണം സഹനവും, തിരസ്ക്കരണവും തമ്മിലുള്ള ഒരു പ്രദർശനമായി നമുക്ക് കാണുവാൻ സാധിക്കുന്നു. എന്നാൽ പീഡാനുഭവം സഹിച്ച യേശു മനുഷ്യരാൽ തള്ളപ്പെട്ട മിശിഹയാണ്. കഷ്ടതയും തിരസ്ക്കരണവും പിതാവ് യേശുവിൽ നിന്നാവശ്യപ്പെട്ടു. ഇവയെ ഒഴിവാക്കാനുള്ള ഏതൊരു ശ്രമവും പിശാചിൽ നിന്ന് വരുന്നു എന്നതാണ് പത്രോസിനെ ഓർമ്മിപ്പിച്ചത്.

യേശുവിനെ മിശിഹയായി ഏറ്റുപറഞ്ഞ് ശിഷ്യന്മാരുടെ ഇടയിൽ പ്രധാനിയായി തീർന്ന പാറയെന്ന് വിളിക്കപ്പെട്ട പത്രോസ് ഒട്ടും താമസിയാതെയാണ് പാപത്തിൽ വീഴുന്നത് എന്ന കാര്യം ശ്രദ്ധിക്കൂ. കഷ്ടത അനുഭവിക്കുന്ന മിശിഹ എന്ന ആശയം ആദിമകാലം മുതൽ തന്നെ അവർക്ക് അംഗീകരിക്കാൻ കഴിയുന്നതായിരുന്നില്ല. പത്രോസിന്റെ എതിർപ്പ് ഇതാണ് സൂചിപ്പിക്കുന്നത്.

അതുകൊണ്ട് തനിക്കെന്നപോലെ തന്റെ ശിഷ്യന്മാർക്കും സഹനം കൂടിയേ തീരു എന്ന് യേശു വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ സഹനം, തിരസ്ക്കരണം, ക്രൂശീകരണം ഇവയിൽ പങ്കാളി ആയാൽ മാത്രമേ ഒരുവൻ ക്രിസ്തുവിന്റെ ശിഷ്യൻ ആയിതീരുകയുള്ളൂ. ശിഷ്യത്വമെന്നാൽ ക്രിസ്തുവുമായുള്ള അഭേദ്യമായ ബന്ധമാണ്. അത് യേശുവിന്റെ ക്രൂശ് എന്ന പ്രമാണത്തോടുള്ള വിധേയത്വമാണ്.

> **ക്രിസ്തുവിന്റെ സഹനം, തിരസ്ക്കരണം, ക്രൂശീകരണം ഇവയിൽ പങ്കാളി ആയാൽ മാത്രമേ ഒരുവൻ ക്രിസ്തുവിന്റെ ശിഷ്യൻ ആയിതീരുകയുള്ളൂ.**

ആശ്ചര്യമെന്ന് പറയട്ടെ, ഈ സത്യം ശിഷ്യന്മാരോട് പറയുമ്പോൾ യേശുവിനെ സ്വീകരിക്കുവാനോ തള്ളികളയുവാനോ ഉള്ള സ്വാതന്ത്ര്യം അവർക്ക് നൽകികൊണ്ടാണ് യേശു അങ്ങനെ ചെയ്യുന്നത്. ‘ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ ‘ എന്നാണ് യേശു പറയുന്നത്. അനുഗമിക്കാനായി ആരേയും ഹേമിക്കുന്നില്ല.

ജീവിതത്തിലെ മറ്റെല്ലാ സാധ്യതകളേയും ഉപേക്ഷിച്ച് ആരെങ്കിലും തന്നെ അനുഗമിപ്പാനായി കടന്നുവന്നാൽ എന്നാണവൻ പറഞ്ഞത്. ഓരോ വ്യക്തികളുമാണ് തീരുമാനം എടുക്കേണ്ടത്. ശിഷ്യത്വത്തിന്റെ പകുതി ദൂരം പിന്നിട്ട ശിഷ്യന്മാർ വീണ്ടും ഒരു വഴിത്തിരിവിലെത്തി നിൽക്കുന്നു. വീണ്ടും യാതൊരു ഹേമവും ചെലുത്താതെ അവരിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാതെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകപ്പെടുന്നു. സ്വന്തം തിരഞ്ഞെടുപ്പ് നടത്തുവാൻ ലഭിച്ചിരിക്കുന്ന ഈ സമയം നിർണ്ണായക പ്രാധാന്യമുള്ളതാണ്. ശിഷ്യത്വത്തിന്റെ പ്രമാണത്തെക്കുറിച്ചുള്ള അറിവ് ഇതേ തുടർന്നാണ് അവർക്ക് നൽകുന്നത്. തന്നെത്താൻ ത്യജിക്ക എന്നു പറഞ്ഞാൽ തന്നെക്കുറിച്ച് ലേശവും ചിന്തയില്ലാതെ ക്രിസ്തുവിനെക്കുറിച്ച് മാത്രം ചിന്തയുള്ള വ്യക്തിയായി മാറുക.

നമുക്ക് മുമ്പേ പോകുന്ന ക്രിസ്തുവിനെ കണ്ടുകൊണ്ട് പിന്നിടേണ്ട പാതകളെക്കുറിച്ച് അൽപ്പംപോലും വിചാരപ്പെടാതെ പിന്തുടരുകയാണത്. സ്വയം ത്യാഗം ഇതുമാത്രം ആവശ്യപ്പെടുന്നു. അവൻ നമ്മെ നയിക്കുന്നു. അവനോട് ചേർന്ന് മുന്നേറുക. നമുക്ക് മനുഷ്യരുടേതല്ല ദൈവത്തിന്റേതു മാത്രം കരുതാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ!

# പുനരുത്ഥാനം

3



പാസ്റ്റർ പി.എം. ജോയി

ദൈവവചനത്തിലെ അതിപ്രധാനമായ പുനരുത്ഥാനം എന്ന വിഷയത്തെക്കുറിച്ച് കഴിഞ്ഞ രണ്ട് ലക്കങ്ങളിലും നാം ചിന്തിച്ചുകൊണ്ടിരിക്കുന്നു. അതിനോടനുബന്ധിച്ച് ജീവശാസ്ത്രജ്ഞന്മാരും മനഃശാസ്ത്രജ്ഞന്മാരും മതചിന്തകന്മാരും കിണഞ്ഞു പരിശ്രമിച്ചിട്ട് ഉത്തരം കണ്ടെത്തുവാൻ കഴിയാത്ത ചോദ്യമാണ് മരണം എന്നാൽ എന്ത് എന്നുള്ളത്.

നാം പലപ്പോഴും വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരുടെ മരണത്തിൽ പങ്കെടുത്തിട്ടുള്ളവരാണ്. നാമും ഒരിക്കൽ ഈ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കേണ്ടവരാണ്. ആകയാൽ സകല മനുഷ്യരുടേയും അവസാനം ഇങ്ങനെ ആകുന്നുവെങ്കിൽ നാം ദൈവത്തെ ഭയപ്പെട്ട് നല്ലൊരു മരണം ലഭിക്കേണ്ടതിനായി തന്നെതന്നെ സൂക്ഷിക്കുവാൻ നിങ്ങളെ ബുദ്ധിയുപദേശിക്കുന്നു.

മരണം എന്നതിന് വേദപുസ്തകം കാണിച്ചു തരുന്ന നാല് വീക്ഷണങ്ങളെക്കുറിച്ച് തുടർന്ന് വിവരിപ്പാൻ ആഗ്രഹിക്കുന്നു.

1. *ആത്മമരണം* – ***Spiritual Death***
2. *ശരീര മരണം* – ***Physical Death***
3. *സ്വയം മരിപ്പിക്കൽ* – ***Self-regulation***
4. *രണ്ടാം മരണം അഥവാ നിത്യമരണം* – ***Everlasting Death***

## 1. ആത്മമരണം – Spiritual Death

'യഹോവയായ ദൈവം മനുഷ്യനോടു കൽപ്പിച്ചത് എന്തെന്നാൽ: തോട്ടത്തിലെ സകലവൃക്ഷങ്ങളുടേയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും' (ഉൽ.2:16,17). യഹോവയായ ദൈവം ആദാമിനോട് കൽപ്പിച്ച ഈ നിയമലംഘനമാണ് പാപം എന്ന് തിരുവെഴുത്തിൽ ഉടനീളം നാം വായിക്കുന്നത്. ആദാം തിന്നത് ശരിയാണെങ്കിൽ തിന്നുന്ന നാളിൽ നീ മരിക്കും എന്നതും ശരിയാണ്. എന്നാൽ 930 വർഷം ആദാം ജീവിച്ചിരുന്നു എന്ന് നമുക്ക് ഉൽപ്പത്തി പുസ്തകത്തിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നു.

തിന്നുന്ന നാളിലെ മരണം പഴയനിയമ എഴുത്തുകളിൽ നിന്ന് മനസിലാക്കുവാൻ കഴിഞ്ഞില്ലായെങ്കിൽ പുതിയനിയമം വിശദമായി ആ മരണം ആത്മമരണമാണെന്നു വ്യക്തമാക്കുന്നുണ്ട്. 'അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളേയും അവൻ ഉയിർപ്പിച്ചു' (എഫെ.2:1).

അപ്പന്റെ വീടു വിട്ടുപോയ മകനെക്കുറിച്ച് പിതാവ് അവൻ മടങ്ങിവന്നപ്പോൾ മറ്റൊരു മകനോട് പറയുന്നത് 'നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു' (ലൂക്കോ.15:32).

യേശുവിനെ അനുഗമിക്കുവാൻ താൽപ്പര്യപ്പെട്ടു വന്നവൻ യേശുവിനോടു ഞാൻ മുമ്പേ പോയി എന്റെ അപ്പനെ അടക്കം ചെയ്‌വാൻ അനുവാദം തരേണം എന്നു ചോദിച്ചപ്പോൾ യേശു അവനോടു ' നീ എന്റെ പിന്നാലെ വരിക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ' എന്നു പറഞ്ഞു (മത്താ.8:22).

'നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു' (1 യോഹ.3:14).

'ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞു ഭയംകൂടാതെ നിങ്ങളെത്തന്നേ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ' (യൂദ.12).

മേൽ ഉദ്ധരിച്ച വാക്യങ്ങളിൽ നിന്നും ദൈവത്തിന്റെ ഭവനം വിട്ടുഴലുന്ന ഏതു മനുഷ്യനും, യേശുവിനെ അനുഗമിക്കാത്തവനും, സഹോദരന്മാരെ സ്നേഹിക്കാത്തവനും, പിന്മാറ്റക്കാരും ആയ ഏതു മനുഷ്യനും ആത്മീയമരണത്തിൽ ആകുന്നു എന്നു മനസിലാക്കാം.

പ്രിയ വായനക്കാരിൽ ആരെങ്കിലും ആത്മമരണത്തിൽ തുടരുന്നുവെങ്കിൽ നിങ്ങളുടെ ആത്മാവിനെ പുതുജനനം എന്ന സൃഷ്ടിപ്പിൻ വേലയാൽ, ദൈവാത്മാ പ്രവർത്തിയാൽ ക്രിസ്തുവിൽ ഉയിർപ്പിച്ച് ആത്മമരണത്തിൽ നിന്നും വിടുവിക്കുവാൻ ദൈവം ശക്തനാണ്. എല്ലാവരിൽ നിന്നും ആത്മമരണം മാറിപ്പോകാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ !

*(തുടരും)*

# ദൈവത്തോടു കൂടെ...



ലിജോ എബ്രഹാം

തന്റെ ജീവിതത്തിൽ നേട്ടത്തിനായി അന്തമില്ലാതെ പായുന്ന മനുഷ്യൻ . ദൈവമോ ദൈവീക പ്രവൃത്തിയോ എന്തെന്നു പോലും ചിന്തിക്കാൻ സമയമില്ലാതെ ലോകത്തിന്റെ മായ കാഴ്ചകളിൽ മുങ്ങി ജഢീക സുഖത്തിനുവേണ്ടി പാപത്തിന്റെ പടുകുഴിയിലേക്ക് ഊളിയിടുന്ന മനുഷ്യൻ. നാം ലോകത്തിൽ കാണുന്ന കാഴ്ചയാണിത്. എന്തിനു വേണ്ടി പായുന്നു ? ആർക്കുവേണ്ടി പായുന്നു ? എന്താണ് അവൻ അനുഭവിക്കുന്നത് ? ലോകജീവിതത്തിൽ പലതും നേടുവാനായി മനുഷ്യൻ തിരയുന്ന, അല്ലെങ്കിൽ കണ്ടെത്തുന്ന വഴികൾ പലവിധം!

എന്നാൽ ദൈവമക്കളാകുന്ന നമുക്ക് ഇത് അനുവദനീയമോ ? ജഢീകജീവന്റെ സംതൃപ്തിക്കായി നെട്ടോട്ടമോടുന്ന ലോകമനുഷ്യന്റെ പാതയല്ല ദൈവജനത്തിനു മുമ്പിൽ ഉണ്ടാകേണ്ടത്. അത് ദൈവത്തോടുകൂടെയുള്ള പാത ആയിരിക്കേണം. ദൈവത്തിനും നമുക്കും ഒരേ വഴി തന്നെ ആയിരിക്കേണം. ദൈവവചനത്തിന്റെ തെളിവിൽ ഹാനോക്കിനെ നമുക്ക് കാണുവാൻ സാധിക്കും. 'ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു; ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി' (ഉൽ.5:24). ഹാനോക്ക് തന്റെ പാത തിരഞ്ഞെടുത്തത് ദൈവത്തോടുകൂടെ ആയിരുന്നു.ആയതിനാൽ ദൈവത്തിന്റേയും ഹാനോക്കിന്റേയും വഴി ഒന്നായിരുന്നു. ആയതുകൊണ്ട് ഹാനോക്ക് സുഖലോലുപനായി വസിച്ചു എന്നല്ല അതിന്റെ അർത്ഥം. നാം തിരഞ്ഞെടുക്കേണ്ടുന്ന വഴി ഏതാണ്? സംശയമെന്യേ പറയാം, ദൈവത്തിന്റെ വഴി. സ്വർഗ്ഗരാജ്യത്തിനു അവകാശികളാകുവാൻ നാം വിശുദ്ധിയിൽ നടക്കേണ്ടുന്നതിനു ക്രിസ്തു ഒരു നല്ല മാതൃക നമുക്ക് വെച്ചേച്ചുപോയിരിക്കുന്നു. എന്നാൽ എങ്ങനെയുള്ളതാണ് ദൈവത്തിന്റെ വഴി ?

## 1. ഞെരുക്കമുള്ളത് – മത്താ.7:14

ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ! ദൈവമക്കളുടെ പ്രത്യാശ നിത്യജീവൻ ആണ്. എന്നാൽ സുഖകരമായ ഒരു യാത്രയല്ല ഈ പാതയിലുള്ളത്. കഷ്ടതകളും വേദനകളും നിറഞ്ഞ വഴിയിലൂടെയുള്ള ഒരു യാത്ര. എന്നാൽ വിശുദ്ധിയിൽ അതിഭയങ്കരനായ ദൈവത്തോടുകൂടെയാണ് ഞെരുക്കമുള്ള പാതയിൽ നാം സഞ്ചരിക്കുക.

## 2. തികവുള്ളത് – സങ്കീ.18:30

'ദൈവത്തിന്റെ വഴി തികവുള്ളത്'. ദൈവജനത്തിന്റെ ആവിശ്യങ്ങൾ അറിഞ്ഞു,വേണ്ടത് നൽകുന്ന ദൈവം പലപ്പോഴും പൂർണ്ണതയിൽ എത്തിപ്പെടാത്ത സന്ദർഭങ്ങളെ തികവുള്ളതാക്കുന്ന യഹോവ. അതാണ് തമ്പുരാന്റെ തികവുള്ള വഴി. ജഢീക മനുഷ്യന്റെ കണ്ണുകളിൽ ദൈവമക്കൾ കഷ്ടത്തിലും വേദനയിലും തന്റെ ജീവിതം മുമ്പോട്ടു നയിക്കുന്നു. വലിയ സമ്പത്തോ ആഢംബരത്തിന്റെ അംബരചുംബികളായ സൗധങ്ങളോ ഇല്ലാത്ത ഒരു കൂട്ടം ജനം. എന്നാൽ സാധുക്കളുടെ പ്രത്യാശക്കു ഭംഗം വരുത്താത്ത യഹോവ തന്റെ തികവുള്ള വഴികളിൽ അവരെ നടത്തുന്നു.

## 3. നീതിയുള്ള വഴി – സങ്കീ.145:17

'യഹോവ തന്റെ സകലവഴികളിലും നീതിമാനും തന്റെ സകലപ്രവൃത്തികളിലും ദയാലുവും ആകുന്നു'. അനീതിയുടെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന ലോകവും ലോകജനതയും. നീതിയുടെ സ്വരവും നന്മയുടെ പ്രവൃത്തികളും മനുഷ്യന് നന്നേ അന്യമായി കഴിഞ്ഞു. സ്വന്ത സഹോദരനോടുപോലും നീതി കാണിക്കുവാൻ കഴിയാതെ അധഃപതിച്ചുപോയ മനുഷ്യൻ. ഈ ലോകത്തിലെ നീതിയും നീതിബോധവും ഇതൊക്കെയത്രേ. എന്നാൽ തന്റെ സകലവഴികളിലും നീതിമാനായ യഹോവയത്രേ നമ്മുടെ മാർഗ്ഗദർശി. തന്റെ നീതിയുള്ള വഴികളിലത്രേ നമുക്ക് സഞ്ചരിക്കേണ്ടത്.

## 4. ചൊവ്വേയുള്ള വഴി – സങ്കീ.107:7

'അവർ പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന്നു അവൻ അവരെ ചൊവ്വേയുള്ള വഴിയിൽ നടത്തി'. തന്റെ ലക്ഷ്യത്തിൽ ചെന്നെത്തുവാൻ ജഢീക മനുഷ്യന് ഇന്നനേകം വഴികൾ അവന്റെ മുമ്പിലുണ്ട്. എന്നാൽ സത്യമോ ന്യായമോ പാലിക്കുവാൻ തയ്യാറാകാത്ത ലോകർ അതിന്റെ പിന്നാലെ ഓടികൊണ്ടിരിക്കുന്നു. എന്നാൽ വചനം പറയുന്നു നാം എത്തേണ്ടിടത്തു നമ്മെ എത്തിക്കുവാൻ ദൈവം നമ്മെ കൈപിടിച്ചു പട്ടുപോകാതെ തന്റെ പാതകളിൽ നടത്തി ലക്ഷ്യത്തിലെത്തിക്കുന്ന യഹോവ!

## 5. മഹത്വത്തിൽ എത്തിക്കുന്ന വഴി – സങ്കീ. 73:24

'നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈകൊള്ളും'. ഉപദേശങ്ങൾ ഒട്ടും അന്യമല്ല ലോകത്തിൽ. ഏവരും ഉപദേശങ്ങൾ നൽകാൻ തയ്യാറുമാണ്. എന്നാൽ നമ്മുടെ പ്രത്യാശ ഉറപ്പിക്കുന്ന, മഹത്വത്തിൽ നമ്മെ എത്തിക്കുന്നവൻ യഹോവയല്ലാതെ ആരുള്ളു ? തന്റെ വഴികളിൽ നടക്കുന്ന നമ്മെ അവൻ അതിന്റെ ആലോചനകളാൽ മഹത്വത്തിൽ എത്തിക്കും. പണ്ടേ തള്ളപ്പെട്ടുപോകാമായിരുന്ന നമ്മെ തന്റെ പുത്രന്റെ ചുടുനിണത്താൽ വീണ്ടെടുത്തു മഹത്വത്തിന്റെ വഴികളിൽ ആക്കിവെച്ചിരിക്കുന്നു.

തന്റെ ദൈവത്തിന്റെ വഴികളിൽ സഞ്ചരിക്കുന്നവർ ഒരു നാളും ലജ്ജിച്ചുപോകുവാൻ ദൈവം ഇട വരുത്തില്ല. വിശുദ്ധിയിലും നിർമ്മലതയിലും, സത്യമുള്ള ദൈവത്തിന്റെ പാതകളിൽ ദൈവത്തോടുകൂടെ നടക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരേയും ശക്തീകരിക്കുമാറാകട്ടെ. നമ്മുടെ വഴി ദൈവത്തോടുകൂടെ! ആമേൻ!!

# Did the Ten Commandments Exist Before Moses?



Rev. Georgy Mathew Alexios

*(Continued from last issue)*

Satan, in the form of a serpent, told Eve that if she took the fruit of the forbidden tree, "You will not surely die. For God knows that in the day you eat of it your eyes will be opened, and you will be like God, knowing good and evil" (Gen. 3:4-5). Satan cunningly deceived Eve and she took the fruit and ate it, and she gave it to Adam and he also ate it.

Adam sinned by disobeying God's commandment. He broke the law of God. He therefore became the servant of the one whom he obeyed – Satan. This principle is explained in Rom. 6:16, "Do you not know that to whom you present yourselves slaves to obey, you are that one's slaves whom you obey, whether of sin leading to death, or of obedience leading to righteousness?" Whoever or whatever someone obeys and serves is his god. It could be said that Adam and Eve broke every single one of the Ten Commandments in Genesis 3.

- ***In the Garden of Eden, Adam and Eve broke the FIRST COMMANDMENT by putting another person, Satan, before the Creator God.***
- ***They broke the SECOND COMMANDMENT by idolizing the forbidden fruit and making a god of their stomach.***
- ***They broke the THIRD COMMANDMENT by not believing in God's instruction and warning and in that way taking His name in vain.***
- ***They broke the FOURTH COMMANDMENT by breaking the sinless rest in which they were placed.***
- ***They broke the FIFTH COMMANDMENT by dishonouring their parent, the Father God (according to Luke 3:38, Adam was the created son of God).***
- ***They broke the SIXTH COMMANDMENT by bringing death upon themselves.***
- ***They broke the SEVENTH COMMANDMENT by committing spiritual adultery in preferring the created being above the Creator.***
- ***They committed stealing and broke the EIGHTH COMMANDMENT in that they took something that was not theirs.***
- ***They broke the NINTH COMMANDMENT by accepting the serpent's (Satan's) false witness against God.***
- ***Eve lusted for the forbidden fruit. Lusting is coveting, thereby breaking the TENTH COMMANDMENT.***

Breaking one commandment leads to breaking all the commandments of God. This is exactly what James 2:10 says, "For whoever shall keep the whole law, and yet stumble in one point, he is guilty of all." God's laws are interrelated and intricately woven together in a way that if you break one, you eventually break all of them.

In Gen. 4, Adam's first son, Cain, became very angry against his brother Abel, because God accepted Abel's sacrifice, and not Cain's. In Gen. 4:6-7, God reprimands Cain, "So the LORD said to Cain, "Why are you angry? And why has your countenance fallen? If you do well, will you not be accepted? And if you do not do well, sin lies at the door. And its desire is for you, but you should rule over it."" Cain murdered Abel and thereby broke the SIXTH COMMANDMENT. When someone is in the wrong frame of mind, sin is lying at the door, waiting to happen, because sinful thoughts will lead to sinful actions. God commands us to rule over sin – to control the alluring pulls and impulses to commit sin. 2 Cor. 10:4-5 clearly says, "For the weapons of our warfare are not carnal but mighty in God for pulling down strongholds, casting down arguments and every high thing that exalts itself against the knowledge of God, bringing every thought into captivity to the obedience of Christ." Cain murdered Abel and lied to God about it, which is in fact a breaking of the NINTH COMMANDMENT, which forbids "bearing false witness against your neighbour." Cain knew that he had sinned. This happened some years after Adam had first sinned. The children of Adam and Eve knew that sin was the breaking of God's law, or else God would not have held them accountable.

*(Will be continued)*

# Pruning is not cutting alone, but is a lapidary's work!



***O.C. Cherian Ooramvelil Edathua***

When a child lies on the lap of his or her mother, he or she will not only express the happiness but in due course will sleep comfortably. No doubt that the child will be in the presence of the most trusted person in the entire universe. Every child knows this fact and submits fully to the mother and sleeps well. But if the child is with stranger he or she will not be comfortable, it will remain restless without peace and sleep.

Christian life is also something similar to that. To live in relation with our heavenly father with faith and trust is simply divine. Once we decide to submit ourselves fully into Thy hands, since the first day, He will take care of us lifelong, so that we can sleep comfortably for His is our perfect caretaker. We live in a world of materiality. When we live in materialistic, our mind will go behind the world to posses and grab whatever we see around. We will be confined within our family, wealth, land, children and self. Without god's presence in hat ever we possess there is no guarantee how long all of these will sustain and remain with us. But when the presence of God is with us, it is none other than God, whose responsibility to care, protect and provide us whatever we need.

When the boat left the shore Jesus was one among them in the boat. He was relaxing and sleeping. May be the sea was very calm initially but later the sea was slowly getting rough and turbulent that everyone was panic and the boat may sink at any time, for the wind and so heavy. It was human belief that things may get better, but it was getting worse. Not only could they see the other side of the lake but nothing around. They anticipated to the extent when the ship will sink and all of them will perish. However, Jesus was not far away from them. When He heard their cry, He pacified the wind and calm down the sea to reach the other side. When the cry was from within the heart He heard and He was available. Troubles and tribulations may follow in the worldly life one by one but these are not situations to wipe us away from this earth but it is only a mechanism to polish us to be useful for Him.

In my younger days when I fancied gardening, I used to collect some ornamenting plants and keep in front side of my house. There were roses, crotons, bougainvilleas and so on. As it kept growing, I remember, I started pruning as advised by my parents during the winter and rainy seasons, and that in a couple of years, it was almost like a good fence to the entire area. I never meant to destroy them by pruning, but it helped them to grow all around and get rooted more deeply. By our own submission to Thy hands, God will prune us to take away all the unwanted branches in our life and to branch out spiritually and mentally in God's wisdom.

While visiting some of the hilly areas in north Kerala, rock stones near water falls were so round or oval and smooth. We can imagine, how many years it must have undergone the process of cutting, rolling, polishing to become so attractive decorating material. The nature works as the lapidary here who cuts, hammers and heats a gem stone to make it more precious and valuable.

Life in this world is not to remain materialistic it is much beyond that by knowing our Almighty God. Honey is sweet and unless we taste it will remain in the container. Christian life is much more than honey for one who tastes this. With faith and belief submit our life to Him and see the wonderful manifestations and experience how it works out. Avoid getting entangled and twisted to the worldly life without Jesus in our life boat. Give Him a chance to prune us to and to make us valuable gem, for He is the best lapidary for Christian life.

# സ്വർഗരാജ്യത്തിലെ ക്രിസ്തു എന്ന ദൈവ മർമ്മം



പാസ്റ്റർ ഡാനിയൽ കുപ്ലാപ്പള്ളിൽ

*മത്തായിയുടെ സുവിശേഷം 13 ാം അധ്യായത്തിലെ സ്വർഗ്ഗരാജ്യത്തെ പറ്റിപറയുന്ന ഉപമകളുടെ തുടർചിന്തനമാണു ഈ ലക്കം. കഴിഞ്ഞ ലക്കം ഏഴ് ഉപമകളുടേയും ഒരു സാരാംശം മാത്രമായിരുന്നു നാം ചിന്തിച്ചതെങ്കിൽ ഈ ലക്കത്തിൽ എല്ലാ ഉപമകളും ചേർത്തുള്ള ഒരു പഠനമാണാഗ്രഹിക്കുന്നത്.*

ന്യായപ്രമാണം അറിയുന്ന ഒരു ജനത്തോടാണു യേശു ഇത് സംസാരിക്കുന്നത്, എന്നാൽ സ്വർഗ്ഗത്തെ പറ്റിയുള്ള അവരുടെ പല അറിവുകളും പരിമിതമായിരുന്നു. പുനരുദ്ധാനം ഉണ്ടെന്നും, ഇല്ലെന്നും, ദൂതന്മാരുണ്ടെന്നും, ഇല്ലെന്നും, സ്വർഗ്ഗത്തിൽ വൈവാഹിക ജീവിതമുണ്ടെന്നും ഒക്കെ യഹൂദന്മാർ വിശ്വസിക്കുന്ന ഒരു കാലഘട്ടത്തിലാണു യേശു യത്ഥാർത്ത സ്വർഗ്ഗത്തിന്റെ ചിത്രവുമായി അവരുടെ ഇടയിലേക്കു വരുന്നത്. പരീശന്മാരും, ശാസ്ത്രിമാരും, പുരോഹിതന്മാരുമൊക്കെ ചേർന്ന് വികലമാക്കിയ സ്വർഗ്ഗരാജ്യചിത്രത്തെ സാധാരണ ക്കാരുടെ മുൻപിൽ ശരിയായ രീതിയിലും ലഘൂകരിച്ചും നൽകുവാനുള്ള ക്രിസ്തുവിന്റെ പരിശ്രമത്തിന്റെ ഒരു തുടക്കം മാത്രമാണു ഈ ഉപമകൾ. യഥാർഥത്തിൽ അങ്ങനെയല്ലേ സുവിശേഷം അഥവാ നല്ല വിശേഷം സാധാരണക്കാരന്റെ മുൻപിൽ അവതരിപ്പിക്കേണ്ടത്, ഒരു ചതുരക്കട്ടയിലുള്ള പടത്തിനെ ആറു വശങ്ങളിൽനിന്നും വീക്ഷിക്കുവാൻ ശ്രമിക്കുന്ന ഒരു കൊച്ചു കുഞ്ഞിനെ പോലെ എല്ലാ ഉപമകളേയും ചേർത്ത് വെച്ച് അവരെ പഠിപ്പിക്കുവാനത്രെ യേശു ശ്രമിക്കുന്നത്.

അഥവാ പത്രോസപ്പോസ്തൊലൻ തന്റെ ലേഖനത്തിൽ പറയുന്നതു പോലെ ഇപ്പോൾ ജനിച്ച ശിശുക്കളെപോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാലു കുടിക്കുവാൻ വാഞ്ചിച്ചിരിക്കുന്ന ഒരു കൂട്ടത്തിന്റെ നടുവിൽ ഉപമ എന്ന പാലുമായി നിൽക്കുന്ന ക്രിസ്തുവിനെ നമുക്കിവിടെ കാണാവുന്നതാണു. എല്ലാവരും അതിലെ അർത്ഥങ്ങൾ ഗ്രഹിക്കണമെന്നില്ല, എന്നാൽ ഉപമകളുടെ അർത്ഥങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ഒരുവനു അത് അപ്രാപ്യമല്ലതാനും, മനസ്സിലാക്കുന്നവനു സ്വർഗരാജ്യത്തിന്റെ മകനായിത്തീരുവാൻ സാധിക്കും. പലരും കധകൾ കേൾക്കുന്ന ലാഘവത്തോടെ ദൈവവചനനെത്ത കേൾക്കുക മാത്രം ചെയ്യുന്നതിനെ യേശു പല ഉപമകളിലും ശാസിക്കുന്നത് ഇന്നത്തെ ആത്മീക സമൂഹത്തോടുമുള്ള ഒരു മുന്നറിയിപ്പത്രെ. ദൈവവചനത്തെ കേൾക്കുന്നവരായി മാത്രമല്ല അതിൽ കർത്താവാഗ്രഹിച്ച അർത്ഥങ്ങൾ മനസ്സിലാക്കുവാനും അതിനെ ചെയ്യുന്നവരായും മാറുവാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുവാൻ ഒരുവനു സാധികുന്നു.

ഏന്നാൽ തന്റെ ശിഷ്യന്മാരോടു യേശു പറഞ്ഞത് ഉപമകളുടെ മർമ്മങ്ങളെ നിങ്ങൾ അറിയണമെന്നത്രെ. യേശു കർത്താവ് സ്വകാര്യമായി അതവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു. പുറത്തുള്ളവരോട് താൻ ഉപമകളയി സംസാരിക്കുമ്പോൾ തന്നിൽ വിശ്വസിച്ചവർ അതിന്റെ മർമ്മങ്ങൾ ഗ്രഹിക്കണം എന്നത്രെ ക്രിസ്തുവേശു ആഗ്രഹിക്കുന്നത്. അന്ന് ക്രിസ്തു ചെയ്തത് ഇന്ന് തന്റെ ശുശ്രൂഷക്കാരും ചെയ്യുവാൻ താനൊരു മാതൃക വെച്ചേച്ചു പോയിരിക്കുകയാൽ പുറത്തുള്ളവരോടും, വിശ്വസിച്ചവരോടും എന്ത് സംസാരിക്കണം, എങ്ങനെ ശുശ്രൂഷിക്കണം എന്ന് ക്രിസ്തുവിന്റെ ശുശ്രൂഷകന്മാർ മനസ്സിലാക്കിയിരിക്കേണ്ടത് ആത്യാവശ്യമത്രെ.

പുതിയ ആളുകളെ പ്രതീക്ഷിച്ച് ക്രമീകരി ക്കുന്ന പൊതുയോഗങ്ങൾ വിശ്വാസികൾ കൈയ്യടക്കുന്നു, പൊതു ജനത്തിനു കൊടുക്കുവാനുള്ള ഉപമകളും സുവിശേഷവും വിശ്വാസികള്ക്കുള്ള വിടുതലിൻ ദൂതുകളായി പരിണമിക്കുന്നു, പലതും ജനത്തിന്റെ കൈയ്യടികളുടേയും, സ്തുതി സ്തോത്രങ്ങളുടേയും നിലവാരമനു സരിച്ച് കൈകാര്യം ചെയ്യുന്ന തരത്തിലേക്ക് കൈവിട്ടു പോ കുന്നില്ലേ...., സഭായോഗങ്ങളിൽ ക്രിസ്തുവിന്റേയും രാജ്യത്തിന്റേയും മർമങ്ങൾ ശുശ്രൂഷിക്കണമെങ്കിലും പല സഭായോഗങ്ങളിലും ഉപമകളും, ന്യായപ്രമാണവും, സങ്കീർത്തനങ്ങളും, കഥകളും കൊണ്ട് നിറയുകയല്ലേ?.

എല്ലാം ആവശ്യം തന്നെ, എന്നാൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഉള്ളിൽ വസിക്കുന്നു എന്ന വെളിപ്പാടത്രെ നമ്മെ മുൻപോട്ട് നയിക്കേണ്ടത്. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അറിയുവാൻ വരം ലഭിച്ചിരിക്കുന്ന പ്രിയ ശുശ്രൂഷക്കാരാ, പ്രിയ വിശ്വാസീ, ക്രിസ്തു എന്ന ദൈവ മർമ്മത്തിന്റെ ഗ്രഹവിചാരകന്മാരായിരിക്കേണ്ടുന്ന നാം അടിസ്ഥാനങ്ങൾ പിന്നേയും ഇടുവാൻ ശ്രമിക്കാതെ ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ശ്രമിക്കുകയും നിങ്ങളുടെ കൈക്കീഴുള്ള ആടുകളെ അങ്ങനെ പരിശീലിപ്പിക്കുകയ്യും ചെയ്യുകയല്ലേ വേണ്ടത്. ഉപമകളുടെ ആത്മീകമർമ്മങ്ങളെ ശ്രദ്ധിച്ചു നോക്കുക. അതിലെല്ലാം സ്വർഗരാജ്യം, ക്രിസ്തു, മനുഷ്യൻ തുടങ്ങിയവയുടെ പ്രതിരൂപങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ ഒരോ ഉപമകളും സ്വർഗരാജ്യത്തെ പ്രതിനിധീകരിക്കുന്നു, അതോടൊപ്പം ഓരോ ഉപമകളും നമ്മേയും പ്രതിനിധീകരിക്കുന്നു,

അതായത് ദൈവം എവിടെയോ അത് സ്വർഗവും തന്റെ ജനം എവിടെയോ അവിടെ രാജ്യവും ആയിരിക്കുന്നു. എന്നാൽ സ്വർഗത്തെ മനു ഷ്യരിലേക്ക് എത്തിച്ച് നമ്മെ ഓരോരുത്തരേയും തന്റെ രാജ്യമാക്കി മാറ്റുന്ന ക്രിസ്തുവിനെ ഓരോ ഉപമകളിലും വ്യക്തമായി വരച്ച് കാണിച്ചിരിക്കുന്നത് ശ്രധിക്കുക. ഉപമകളിൽ കാണുന്ന വിതക്കാരൻ, പാചകക്കാരി, വയൽ വാങ്ങുന്ന മനുഷ്യൻ, മുത്തു വാങ്ങുന്നവൻ, വലയിടുന്ന മുക്കുവൻ തുടങ്ങിയ എല്ലാവരിലും നമുക്ക് ഒരു ക്രിസ്തുവിനെ കണ്ടെത്തുവാൻ സാധിക്കും. യഥാർത്ഥത്തിൽ സ്വർഗത്തെ നമ്മളുമായി ബന്ധിപ്പിക്കുന്ന കണ്ണിയായ് വന്ന യേശു തന്റെ ജനത്തോട് മനോഹരമായ രീതിയിൽ അതവതരിപ്പിക്കുന്ന ഒരു കാഴ്ചയാണു എല്ലാ ഉപമകളിലും നമുക്ക് കാണുവാൻ സാധിക്കുന്നത്. ഏതൊരു ദൈവവചനത്തിൽ നിന്നും ക്രിസ്തുവിനേയും, ദൈവരാജ്യത്തേയും മനസ്സിലാക്കുവാനത്രെ നാം ആഗ്രഹിക്കേണ്ടത്.

ഓരോ ഉപമകളിലൂടെയും സ്വർഗരാജ്യത്തിലേക്കുള്ള ഒരുവന്റെ പ്രവേശനത്തിനാവശ്യമായ കാര്യങ്ങൾ, പിന്മാറ്റത്തിനുള്ള കാരണങ്ങൾ, ദൈവവചനത്തിന്റെ ശക്തി, പിശാചിന്റെ തന്ത്രങ്ങൾ, ദൈവപൈതലിന്റെ വളർച്ചക്കുള്ള ഘടകങ്ങൾ, ഫലം കായ്ക്കുവാനുള്ള വഴികൾ, ലോകാവസാനം, ന്യായവിധി, ശിക്ഷാവിധി, ഒരു ദൈവപൈതൽ ക്രിസ്തുവിൽ ആരാണു, ദൈവപൈതലിന്റെ വിലയെന്ത്, ചുമതലയെന്ത്, തുടങ്ങി തന്റെ ജനത്തെ അറിയിക്കുവാൻ കർത്താവാഗ്രഹിക്കുന്ന പല കാര്യങ്ങളും ഈ ഉപമകളിലൂടെ നമുക്ക് തുടർന്ന് മനസ്സിലാക്കുവാൻ സാധിക്കും .

( തുടരും——— )

## GREEK Vocabulary | Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | εἰρήνη | eirēnē | Peace | Galatians 1:3 |
| 2 | ἁμαρτία | hamartia | Sin | Galatians 1:4 |
| 3 | αἰών | aiōn | age | Galatians 1:4 |
| 4 | πονηρος | ponēros | Evil | Galatians 1:4 |
| 5 | θέλημα | thelēma | will | Galatians 1:4 |


പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399

0973 1787 71 71

hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

# വിശ്വാസത്തിന്റെ മനോഭാവം



സാം മാത്യു

'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു'.

കഴിഞ്ഞ സെപ്റ്റംബർ 13 ന് ഐഎസ് ഭീകരരുടെ തടവിൽ നിന്നും മോചിതനായ ഫാദർ ടോം ഉഴുന്നാവലിന്റെ ഒരു പ്രസ്താവന അടുത്ത ദിവസത്തെ പത്രത്തിൽ വന്നിരുന്നു. യെമനിൽ ഭീകരർ ആക്രമിക്കുന്നതിന്റെ തലേ ദിവസം നടന്ന ടീം മീറ്റിംഗിൽ യെമനിൽ ഉള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രയാസങ്ങളെപ്പറ്റിയും ഇങ്ങനെ തുടർന്നു പോയാൽ ക്രിസ്തുവിനുവേണ്ടി മരിക്കേണ്ടിവരും എന്നും ഡയറക്ടർ പറയുകയുണ്ടായി. അപ്പോൾ അതിലെ ഒരു യൗവ്വനക്കാരൻ ക്രിസ്തുവിനുവേണ്ടി മരിക്കുന്നതിനേക്കാൾ ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നതാണ് എനിക്കിഷ്ടം എന്നു പറഞ്ഞു. തൊട്ടടുത്ത ദിവസം ഭീകരർ അപ്രതീക്ഷിതമായി അവരുടെ ആസ്ഥാനം ആക്രമിക്കുകയും ചിലർ മരണപ്പെടുകയും ചെയ്തു. എന്നാൽ തലേ ദിവസം ക്രിസ്തുവിനുവേണ്ടി ജീവിക്കാൻ ആഗ്രഹം പറഞ്ഞ യൗവ്വനക്കാരൻ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇതാണ് വിശ്വാസത്തിന്റെ പ്രവൃത്തിപഥം.

ലോകത്തിൽ കഷ്ടങ്ങളും പ്രതിസന്ധികളും ഉണ്ട്, എന്നാൽ അതിൽ തകർന്നു പോകുന്നതോ തീർന്നു പോകുന്നതോ അല്ല വിശ്വാസ ജീവിതം. പൗലോസ് തന്റെ സുവിശേഷയാത്രയിൽ ബഹുകഷ്ടങ്ങളും അനവധി പ്രതിസന്ധികളും ഉപദ്രവങ്ങളും ഒക്കെ നേരിട്ടു എന്നാൽ വലിയ പോരാട്ടത്തോടെ കർത്താവിന്റെ സുവിശേഷം പ്രസംഗിപ്പാൻ വിശ്വസത്തോടെ ദൈവത്തിൽ ധൈര്യപ്പെട്ടു പ്രവർത്തിച്ചു. വിശ്വാസത്തിന്റെ പ്രവൃത്തിയാണ് പ്രധാനം. അതിനുള്ള മനോഭാവം ഉള്ളിൽ ഉണ്ടെങ്കിൽ വിശ്വാസത്തോടെ അതിനായി സ്റ്റെപ്പ് വെയ്ക്കുകയാണെങ്കിൽ അത് സാധിക്കുക തന്നെ ചെയ്യും.

നമ്മുടെ മനോഭാവമാണ് വിശ്വാസത്തിന്റെ പ്രവൃത്തി ഉണ്ടാക്കുന്നതാണ്. അബ്രഹാം ദൈവം പറഞ്ഞത് വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. എബ്രായർ 11-ാം അധ്യായത്തിൽ വിശ്വാസവീരന്മാരുടെ പ്രവൃത്തികൾ ആണ് വിവരിച്ചിരിക്കുന്നത്. എല്ലാവരും ക്രിസ്തുവിനുവേണ്ടിയാണ് ജീവിക്കുന്നത്, പ്രവൃത്തിക്കുന്നത്. എന്നാൽ വിശ്വാസത്തിന് വ്യത്യാസം ഉണ്ട്. ചിലർ ക്രിസ്തുവിനുവേണ്ടി മരിക്കുന്നു, ചിലർ ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നു. ജീവിച്ചാലും മരിച്ചാലും ക്രിസ്തുവിന്റെ ഹിതം നമ്മളിൽ പൂർത്തിയാക്കുക എന്നതാണ് ഉദ്ദേശം.

എബ്രായർ 11 ന്റെ 34 മുതൽ 37 വരെയുള്ള വാക്യങ്ങൾ നോക്കുമ്പോൾ ചിലർ വാളിന്റെ വായ്ക്ക് തെറ്റി ഒഴിഞ്ഞു. ചിലർ ഈർച്ച വാളാൽ അറുക്കപ്പെട്ടു. രണ്ടു കൂട്ടരും ക്രിസ്തുവിനുവേണ്ടിയാണ് പ്രവർത്തിച്ചത്. ചിലർ വാളാൽ കൊല്ലപ്പെടുന്നു ചിലർ വാളിൽ നിന്നും രക്ഷപ്പെടുന്നു. ചിലർക്ക് തങ്ങളുടെ മരിച്ചവരെ ഉയർത്തെഴുന്നേൽപ്പിനാൽ തിരികെ കിട്ടി. മറ്റു ചിലർക്ക് നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് ലഭിക്കേണ്ടതിനു ഉദ്ധാരണം കൈകൊള്ളാതെ ഭേദ്യം ഏറ്റു. ഇവിടെ വിശ്വാസത്താൽ മരിച്ചവരിൽ ചിലർ ഉയിർത്തെഴുന്നേറ്റു. മറ്റു ചിലർക്ക് ഉടൻ ഉയിർത്തെഴുന്നേൽപ്പ് ലഭിക്കുന്നില്ല മറിച്ച് കർത്താവിന്റെ മടങ്ങിവരവിൽ നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് ലഭിക്കും എന്ന് വിശ്വസിച്ചു ഭേദ്യപ്പെട്ടു. ഒരേ കൂട്ടർക്ക് രണ്ടു വിധത്തിലുള്ള പ്രവൃത്തി, ഇതാണ് വിശ്വാസത്തിന്റെ മനോഭാവം.

പ്രിയ ദൈവമക്കളെ, നാം എല്ലാവരും കർത്താവിനുവേണ്ടി ജീവിക്കുന്നു, അവനെ വിശ്വസിക്കുന്നു. എന്നാൽ വിഷയങ്ങളുടെ മുമ്പിൽ നമ്മുടെ മനോഭാവം എങ്ങനൊണ് ? നാം ഏതു തരത്തിലാണ് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ ഫലവും.

നമ്മുടെ ഓരോരുത്തരുടേയും വിശ്വാസത്തിന് ഏറ്റക്കുറച്ചിൽ ഉണ്ട്. എന്നാൽ എന്ത് ആകണം അല്ലെങ്കിൽ എന്ത് ഭവിക്കണം എന്നാണോ നാം ആഗ്രഹിക്കുന്നത്, ആ മനോഭാവത്തിലുള്ള വിശ്വാസമാണ് നമ്മെ അതിന്റെ പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ എത്തിക്കുന്നത്. ക്രിസ്തുവിനുവേണ്ടി ജീവിക്കണം എങ്കിൽ അങ്ങനേയും മരിക്കണം എങ്കിൽ അങ്ങനേയും രണ്ടും വിശ്വാസം കൊണ്ട് സംഭവിക്കുന്നു. എന്ത് ആഗ്രഹിക്കുന്നുവോ അത് വന്നു ചേരുന്നു.

വിശ്വാസം ഉണ്ട് എന്നാൽ മനോഭാവം വ്യത്യസ്തം. ആയതിനാൽ എന്ത് നാം ആഗ്രഹിക്കുന്നുവോ അത് ദൈവഹിതം എങ്കിൽ വിശ്വാസത്തോടെ ചഞ്ചലിക്കാതെ ഉറച്ച തീരുമാനത്തോടെ, മനോഭാവത്തോടെ ദൈവത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക. ദൈവം അതു സാധ്യമാക്കിത്തരും. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ!

# രക്തസ്രാവക്കാരി സ്ത്രീ



ജോൺ ഫിലിപ്പ്

മർക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായം നാം പഠിച്ചാൽ വിടുതലിന്റേയും സൗഖ്യത്തിന്റേയും ഒരു ഘോഷയാത്ര തന്നെ നമുക്ക് അവിടെ കാണാൻ കഴിയും.

1. പൈശാചിക ശക്തിയാൽ ബാധിച്ചു കല്ലറകളിൽ പാർക്കുന്ന ഒരു ചെറുപ്പക്കാരന്റെ വിടുതൽ
2. മരണത്തിന്റെ അധികാരത്തിൽ വീഴ്ത്തപ്പെട്ട ഒരു ബാലികയുടെ വിടുതൽ
3. രക്തം വാർന്നു കൊണ്ടു ദിവസം പ്രതി മരിച്ചുകൊണ്ടിരിക്കുന്ന രോഗത്തിന്റേയും ബാധയുടേയും അടിമ നുകത്തിൽ കഴിഞ്ഞ ഒരു യൗവ്വനക്കാരത്തിയുടെ വിടുതൽ. ലേവ്യാപുസ്തകത്തിൽ പറയുന്നു മനുഷ്യന്റെ ജീവൻ നിലനിൽക്കുന്നത് രക്തത്തിലാണെന്ന്.

നമുക്ക് മൂന്നാമത്തെ അത്ഭുതത്തിലേക്ക് നോക്കാം. യേശു അവളെ പ്രതീക്ഷിച്ചു വന്നതല്ല. യേശു മറ്റൊരു വ്യക്തിയുടെ വിടുതലിനായി ജനക്കൂട്ടത്തോടുക്കൂടെ മുന്നോട്ടു നീങ്ങുകയാണ്. പള്ളിപ്രമാണിയായ യായിറോസ് എന്ന മനുഷ്യൻ വന്നു. ഒരുപക്ഷേ യായിറോസ് ഇന്നലെവരെ യേശുവിനെ വിമർശിച്ച വ്യക്തിയായിരിക്കാം. വാക്കിൽ കുടുക്കുവാൻ പുറകെ നടന്ന പരീശന്മാരിൽപ്പെട്ടവനായിരിക്കാം. എന്നാൽ അവനു മനസ്സിലായി സമുദായത്തിനോ, സഭയ്ക്കോ, സംഘടനകൾക്കോ, മോശയുടെ ന്യായപ്രമാണങ്ങൾക്കോ, തത്വസംഹിതകൾക്കോ എന്റെ മകളെ വിടുവിക്കുവാൻ കഴികയില്ല. ഇപ്പോഴിതാ വിടുവിക്കാൻ കഴിവുള്ളവന്റെ അടുക്കലേക്ക് അവൻ ഓടി വരികയാണ്.

നാം ഇന്ന് ആവശ്യബോധത്തോടെ എന്റെ യേശുവിനു മാത്രമേ എന്നെ വിടുവിക്കുവാൻ, സൗഖ്യം തരുവാൻ കഴിയുകയുള്ളൂ എന്നുള്ള പൂർണ്ണവിശ്വാസത്തോടെ അടുത്തു ചെന്നാൽ നാം ഏതു പ്രമാണിയായിരുന്നാലും നമുക്ക് വിടുതൽ തരുവാൻ അവൻ ശക്തനാണ്. പള്ളിപ്രമാണി ഓടി യേശുവിന്റെ അടുക്കൽ എത്തി അവന്റെ കാൽക്കൽ വീണു. ഒരുപക്ഷേ കൊച്ചിനു അസുഖം ബാധിച്ചപ്പോൾതന്നെ പതിവുപോലെ വീഴുന്ന പല പുള്ളികളുടേയും മുമ്പിൽ വീണു കാണും. ആ ദൈവങ്ങൾ ഒക്കെ യായിറോസിന്റെ മുമ്പിൽ കണ്ണടച്ചുകാണും. യായിറോസേ ഞങ്ങൾക്ക് അത്രയും ഒന്നും കടന്നു ചെയ്യാൻ ശക്തിയുള്ളവരല്ല. പിന്നെ മന്ത്രവാദിയുടെ വടി സർപ്പമാക്കിയതുപോലെ അൽപ്പനേരം ചില പരിപാടികൾ കാണിക്കാം എന്നേയുള്ളൂ. എന്നാൽ ഇതു മരണദൂതനുമായി മല്ലുപിടുത്തമാണ്.

അവൻ ഓടി ഗദരദേശത്ത് അത്ഭുതശുശ്രൂഷ വെളിപ്പെടുത്തി പടകിൽ മടങ്ങിയെത്തിയ യേശുവിന്റെ പാദത്തിലേക്ക്. അവൻ പറയുന്നു എന്റെ കുഞ്ഞുമകൾ അത്യാസന്ന നിലയിൽ ഇരിക്കുന്നു. ചിലരെ ആരോഗ്യവും കഴിവും ഉള്ളപ്പോൾ യേശു വിളിക്കും. അല്ലെങ്കിൽ പ്രവാചകന്മാരേയും പ്രസംഗകരേയും അയച്ചു



നോക്കും. അന്നൊക്കെ സുവിശേഷസത്യത്തേയും യേശുവിനേയും പുറംകാൽകൊണ്ട് തട്ടിക്കളയും. ഈ സമയം ഓർക്കണം ഒരുപക്ഷേ നാം അത്യാസന്ന നിലയിൽ ആകാൻ സാധ്യതയുണ്ട്. പള്ളിപ്രമാണി കാൽക്കൽ വീഴുക മാത്രമല്ല യേശുവിനെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ആരെങ്കിലും പ്രശ്നത്തിന്റെ, തകർച്ചയുടെ, രോഗത്തിന്റെ, സന്തതിയുടെ വഴിയടഞ്ഞ വിഷയത്തിനു മുമ്പിൽ വിടുതൽ ലഭിക്കാതെയിരിക്കുന്നു എങ്കിൽ യേശുവിനെ വീട്ടിലേക്ക് ക്ഷണിക്കാം.

യേശു നമ്മുടെ വീട്ടിൽ വന്നാൽ രക്ഷയുടെ സന്തോഷവും സൗഖ്യവും തരുകയും മരണഭയം മാറ്റുകയും ചെയ്യും. ഭയപ്പെടുത്തി ഞെട്ടിയുണർത്തുന്ന ദുഃസ്വപ്നങ്ങളെ മാറ്റും. തന്റെ ഭക്തന്മാരുടെ കൂടാരങ്ങളിൽ നിന്നും ജയത്തിന്റേയും ഉല്ലാസത്തിന്റേയും ഘോഷം മുഴങ്ങുന്നു. യേശുവും ശിഷ്യന്മാരും ഒരു വലിയ സമൂഹം യേശുവിനെ തിക്കിതിരക്കി മുന്നോട്ടു പോകുകയാണ്.... *(തുടരും)*

# പരദൂഷണം എങ്ങനെ ഒഴിവാക്കാം

HH Sisters' Outlook



ബ്ലസ്സി സജി

പരദൂഷണം വെറും ഒരു നേരം പോക്കായി തോന്നിയേക്കാം. പക്ഷേ അതു അങ്ങനെ തന്നെയാണോ? നിങ്ങളെക്കുറിച്ച് ആരെങ്കിലും പരദൂഷണം പറഞ്ഞു പരത്തിയിട്ടുണ്ട് എങ്കിൽ അതിന്റെ വേദന...നിങ്ങൾക്ക് മനസിലാകും. വാളുകൊണ്ട് കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട് എന്ന് സദൃശ്യവാക്യങ്ങൾ 12:18 -ൽ പറയുന്നു. നാം മറ്റുള്ളവരെ പിന്നിൽ നിന്ന് കുത്തുന്നില്ല എന്ന് എങ്ങനെ ഉറപ്പാക്കാം. അതിന് അർത്ഥം ആരെക്കുറിച്ചും ഒന്നും പറയരുത് എന്നാണോ ? അല്ല മറ്റുള്ളവരുടെ കാര്യത്തിൽ താൽപ്പര്യം എടുക്കാനാണ് ഫിലിപ്പിയർ 2 ന്റെ 4 - ൽ പറയുന്നത്. മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നത് സ്വാഭാവികം. എന്നാൽ ആ സംസാരം പെട്ടെന്ന് ഗതിമാറി ഒരു വ്യക്തിയുടെ നല്ലപേരിനെ കളങ്കപ്പെടുത്തുന്ന രീതിയിൽ ആയിപ്പോയാലോ? അതിനു മുമ്പ് നമുക്ക് എന്തു ചെയ്യാൻ ആകും?

ഉദാഹരണമായി മറ്റുള്ളവരെ പരിഹസിച്ച് അവരെക്കുറിച്ചു മോശമായ കാര്യം സംസാരിക്കുന്നു എങ്കിൽ തെറ്റായ ദിശയിലേക്കാണ് സംസാരം നീങ്ങുന്നതെന്ന് മനസിലാക്കുക. അതിനിടം കൊടുക്കരുത്. വിഷയം അപ്പോൾ തന്നെ മാറ്റുക. നാമാണ് നടപടി എടുക്കേണ്ടത്. അത് കേൾക്കണമോ വേണ്ടയോ എന്ന് ചിന്തിച്ച് ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുക.

പരദൂഷണം തുടങ്ങിവെച്ചത് നാം അല്ലെങ്കിൽപോലും അതിന് അഭിപ്രായം പറയുകയും അത് മറ്റുള്ളവരോടു അറിയിക്കയും ചെയ്താൽ



അതിൽ നാമും പങ്കാളികളാണ്. അതിനാൽ അവനവന്റെ കാര്യം നോക്കുക എന്ന് 1 തെസ്സ.4:11 -ൽ പറയുന്നു. ആ ബുദ്ധിഉപദേശം അനുസരിച്ചുകൊണ്ട് അനാവശ്യമായ ചിന്തയും ഹൃദയവേദനയും ഒഴിവാക്കുക. മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നതിനു മുമ്പ് സ്വയം ചോദിക്കുക.

എനിക്ക് ഈ കാര്യത്തെപ്പറ്റി എല്ലാ വിശദാംശങ്ങളും അറിയാമോ? ഞാൻ ആവർത്തിച്ചു പറയുന്ന കാര്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളിന്റെ സൽപേരിനെ അതു ബാധിക്കുമോ?

ഇനിയും എന്റെ സൽപേരിന്റെ കാര്യമോ ? ഓർക്കുക! കുശുകുശുപ്പ് നമ്മുടെ സംസാരത്തിനിടയിൽ കടന്നുകയറിയാൽ ഉടനെ പ്രതികരിക്കുക. നമുക്കും കൂടെയുള്ളവർക്കും ഇടയിൽ

HH Rhythm പുതിയ പാട്ട്



ബ്ലസ്സി ബിജു

## നിത്യതയിലേക്കുള്ള പ്രത്യാശ

നിത്യതയിലെത്തി ഞാനെന്റെ
പ്രിയനെ കണ്ടീടുമ്പോൾ
നീങ്ങിപ്പോകുമെൻ
കണ്ണുനീരെല്ലാം
നിന്ദയും നിരാശയതും...(2)

എൻ നഷ്ടമെല്ലാം ലാഭമാകും
എൻ ദുഃഖമെല്ലാം
സന്തോഷമാകും
പ്രാണപ്രിയൻ വന്നീടുമ്പോൾ
നിത്യതയിൽ ഞാനെത്തിടുമ്പോൾ...
(2)...നിത്യതയിൽ

എന്തൊരാന്ദം അന്നാളിൽ
പൊൻമുഖം ഞാൻ കണ്ടീടുമ്പോൾ
പ്രത്യാശയെന്നിൽ
വർദ്ധിക്കുന്നേ
അന്നാളിനായ് ഞാൻ വാഞ്ചിക്കുന്നേ...(2)...നിത്യതയിൽ

# Do we thank our Lord the way He deserves?




Nayana R John

Enter into his gates with thanksgiving and into his courts with praises be thankful unto him and bless him Psalms 100:4. It is a very sweetening experience to taste the real God. But let me ask you first do we thank our Lord the way he wants? The bitter truth is many of us don't have time to thank our God for his good deeds. We are busy chasing the worldly desires.

So its a high time to realize what is stopping us from thanking our great Master. The first way to show thanksgiving to God is to remember him. Remembering him means that He is a part of our thoughts, words and deeds .It is impossible to give gratitude to God if we never think or speak of him. Last week,lot of children died due to lack of oxygen. Dear friends, aren't we fortunate? We inhale oxygen without paying bills. We are nothing in this world without Him. We can see a lot of people begging in the streets. Did god put this pathetic situation in your life? So isn't He worth of all praises? Dear fellows, no person in this world can love us the way how Jesus loves us.

He even gave his last precious blood for us. We have clothes to wear ,we have food to eat,we do have a shelter. But we still complain. Why is that so? Life is an ocean. It wont be calm every time it will have waves and tides. But if a drowning situation comes, don't loose hope. But be brave because our Lord is the King of the Universe. Nothing is impossible in your life if God is there. Have faith and pray to Him. 2 Corinthians 2:14. But thanks be to God, who always leads us in triumphal procession in Christ and through us spreads everywhere fragrance of the knowledge of him.

HH Artist



Ruby Sara Varghese



A SPARROW'S FAITH 3

# THE SERMON on the CAKE



Raji Unnikrishnan

## *Serving the Lord…*

Sunday sermons are important. For me, I look forward to an answer for a prayer to God. For some, they say gives the peace needed for the week, while for yet another lot it is an insight into self. Yes, all would agree that it is the weekly "manna" and would not want to compromise on the 35 to 40 minutes allocated for the "message". Earlier this year, our church had a visiting priest



*Rev Shino preaching – again I love that bright face of the toddler :)*

from India. The young minister serves the Lord in a mission field in Orissa, amidst odds and trials. He was supposed to speak from the word of God that Sunday. When welcomed, he rose and with a smile with a 'thank you' and said that he would first speak about his ministry in mission field based in Rayagada, a remote village in the eastern Indian State, now named as Odisha. His introduction of the field went on for almost 45 minutes, during which he took the congregation through the life in the village, living with people from different believes, the odds they face, the way they try to reach out and help as true and good Samaritans to those who hardly had a meal or a roof above their heads. Access to transport and lack of toilets, schools and good roads, freedom to worship in a sharing accommodation – all were among what he highlighted where he and his wife chose to spent the life for the Lord.

He showed us some pictures on a power point presentation in which one slide arrested my attention. It was that of a rustic boy, maybe around 10 years of age, in rags, standing by a village road and the highlight of the capture was his radiant smile.
The cleric paused to explain.

"It was Christmas, which means "bada din" (the big day) for the villagers and we decided to celebrate the day with a Christmas cake.

"The people in the village have never seen a cake in their life time and the smile that you see on that boy's face is when he got to taste a piece of cake."
I had tears in my eyes, many others too, I am sure. I was reminded of the amount of cake we throw into the bin!

His Sunday sermon as such was just for seven minutes - honestly I don't remember what that was (though I have it on my notes)- but the deeper message that was etched into my mind, heart and soul was the smile of that simple boy.
The sermon indeed, was on the cake.

May God bless you Reverent Shino Thomas and all those who selflessly serve the Lord!

"You must serve faithfully and wholeheartedly in the fear of the Lord."
-2 Chronicles 19:9

*A Sparrow*

HH Rhythm



ഷെറിൻ വർഗീസ്
നേപ്പാൾ

ദൈവത്തിന്റെ കീർത്തികൾ കേട്ടിട്ടില്ലാത്ത
ദൈവത്തിൻ മഹത്വത്തെ കണ്ടിട്ടില്ലാത്ത
എത്രയോ രാജ്യങ്ങൾ എത്രയോ ജാതികൾ
ലോകത്തിലങ്ങിങ്ങായി ചിതറിപ്പാർക്കുന്നു

പോയിടുമോ സോദരാ നീ...
പോയിടുമോ സോദരീ നീ...
സുവിശേഷത്തിൻ കൊടിയുമായ്..

ക്രിസ്തുവിൻ ഭടനായി യുദ്ധം ചെയ്തിടാം
സുവിശേഷ പങ്കാളിയായ് പോരാടീടാം
തളർന്നീടരുതേ പതറീടരുതേ
കോട്ടകളെ തകർത്തുകൊണ്ട് മുന്നേറീടാം...പോയിടുമോ സോദരാ നീ

കഷ്ടതകൾ അധികമായുണ്ടീ യാത്രയിൽ
കഷ്ടതയിൽ പ്രശംസിപ്പാൻ വരം പ്രാപിക്ക
ആപത്തുകളോ അനർത്ഥങ്ങളോ
ക്രിസ്തുവിൻ സ്നേഹത്തിൽ നിന്നകറ്റുകയില്ല...പോയിടുമോ സോദരാ നീ

നാം ദൈവത്തിൻ കൂട്ടുവേലക്കാർ അല്ലയോ
ദൈവാത്മാവു നയിക്കപ്പെടുന്നവരുമത്രേ
വാക്കിലും നടപ്പിലും വിശ്വാസത്തിലും
മാതൃകയായ് സുവിശേഷ പ്രവർത്തി ചെയ്യാം...പോയിടുമോ സോദരാ നീ

ധൈര്യത്തോടെയീ പോർക്കളത്തിൽ നിന്നിടാം
സുവിശേഷം പ്രസംഗിച്ചാത്മാക്കളെ നേടിടാം
ദൈവീകവേല ഭാരമായിത്തീരാതെ
അർപ്പണത്തോടെ കരം കോർത്തു മുന്നേറാം...പോയിടുമോ സോദരാ നീ

# ആത്മാവിന്റെ വരങ്ങളും ഫലങ്ങളും



പാസ്റ്റർ ബോസ് ബി. വർഗീസ്

പുതിയനിയമത്തിൽ വ്യക്തവും വ്യാപകവുമായ നിലയിൽ കൃപാവരങ്ങളെക്കുറിച്ചും ഫലത്തെക്കുറിച്ചും പഠിക്കുവാൻ കഴിയും.

## ആത്മാവിന്റെ വരങ്ങൾ:

അപ്പൊസ്തൊലനായ പൗലോസ് (1 കൊരി.12:1), സഹോദരന്മാരെ ആത്മീകവരങ്ങളെക്കുറിച്ച് നിങ്ങൾ അറിവില്ലാതെയിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു (1 കൊരി. 1:7). ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു എന്ന് കാണുവാൻ കഴിയും. റോമ.12:6-8 വരെ അത് എപ്രകാരം ആയിരിയ്ക്കും എന്ന് വ്യക്തമായി പൗലോസ് പറുയുന്നുണ്ട്.

### *എന്താണ് കൃപാവരം ?*

സഭയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും ആത്മീകാഭിവൃദ്ധിക്കും വേണ്ടി പകരപ്പെടുന്ന കൃപാവരങ്ങൾ വിവിധ നിലകളിൽ നൽകപ്പെടുന്നു.

### *1. ആരാണ് കൃപാവരങ്ങൾ നൽകുന്നത് ?*

ത്രിയേക ദൈവമാണ് കൃപാവരങ്ങൾ നൽകുന്നത്(റോമ.12:3). പിതാവാം ദൈവമെന്നും (എഫെ.4:7-11), പുത്രനാം ക്രിസ്തുവെന്നും (1 കൊരി.12:4,11), പരിശുദ്ധാത്മാവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

### *2. ആർക്കാണ് കൃപാ വരങ്ങൾ ലഭിക്കുന്നത് ?*

വിളിച്ച് വേർതിരിക്കപ്പെട്ട വിശുദ്ധന്മാർക്കാണ് കൃപാവരങ്ങൾ ലഭിക്കുന്നത്. അഥവാ കർത്താവിന്റെ സഭയ്ക്കാണ് ( 1 കൊരി.12:6-7). കർത്താവിനോടുള്ള ഭക്തിയിലും വചനാനുസരണത്തിലും നിൽക്കുന്നവർക്കാണ് കൃപാവരങ്ങൾ നൽകപ്പെടുന്നതെന്ന് കാണാം.

### *3. എന്തിനാണ് കൃപാവരങ്ങൾ നൽകിയിരിക്കുന്നത് ?*

ദൈവജനങ്ങളിൽ കൂടെ ദൈവത്തിന് ലോകത്തിൽ തന്റെ ദൗത്യം നിറവേറ്റുവാൻ ഉള്ള ഉപാധിയാണ് കൃപാവരങ്ങൾ.

***a)*** പൊതു പ്രയോജനത്തിനായി (1 കൊരി.12:7)

***b)*** അന്യോന്യം ശുശ്രൂഷ ചെയ്യേണ്ടതിനായി (1 പത്രോ.4:10)

***c)*** ദൈവീക സാന്നിദ്ധ്യബോധം ജനത്തിന്റെ ഇടയിൽ ഉളവാക്കുന്നതിനുള്ള മാധ്യമമായി (1 കൊരി.14:24-25)

***d)*** സുവിശേഷത്തിന്റെ വ്യാപ്തിക്കായി (മർ.16:15-18)

***e)*** ദൈവനാമ മഹത്വത്തിനായി ( 1 പത്രോ.1:10,11)

***f)*** ജനത്തിന്റെ വിശുദ്ധീകരണത്തിനായി (പ്രവ.5:1-6, 2 ശമൂ.12:7)

***g)*** വഴികാട്ടലും മാർഗ്ഗദർശനവും നൽകേണ്ടതിനായി (പ്രവ.9:11-19).

ശൗലിനെ ക്രിസ്തീയ ശുശ്രൂഷയിലേയ്ക്ക് ദിശാബോധം നൽകി നയിപ്പാൻ അനന്യാസിന് കഴിഞ്ഞത് ജ്ഞാനത്തിന്റെ വചനമാകുന്ന കൃപാവരം ഉണ്ടായിരുന്നതിനാലാണ്.

## ആത്മാവിന്റെ ഫലം:

ദൈവമക്കളിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് ഫലം കായ്ക്കുന്ന അനുഭവമാണ്. യോഹ.15:4-ൽ എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിയ്ക്കും. കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ ക്രിസ്തുവിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കായ്ക്കുവാൻ കഴിയുകയില്ല.
മത്താ.7:20-ൽ ഏതു വൃക്ഷത്തേയും അതിന്റെ ഫലത്താൽ തിരിച്ചറിയാം. ആത്മാവിന്റെ ഫലമായി 9 കാര്യങ്ങൾ പറഞ്ഞിട്ടുണ്ട് (ഗലാ.5:22).

*1. സ്നേഹം - അഗാപ്പേ*
സ്നേഹത്തിന്റെ ഉന്നത നിലയെ കാണിക്കുന്നു. സ്വാർത്ഥതയില്ലാത്തതും, തന്നത്താൻ ബലിയർപ്പിക്കുന്നതും, മറ്റുള്ളവർക്ക് ഏറ്റവും വലിയ നന്മ ആഗ്രഹിക്കുന്നതുമായ അനുഭവമാണ് അഗാപ്പേ. ക്രൂശിൽ ക്രിസ്തു മറ്റുള്ളവർക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്ത മനസ്സ് ( റോമ.5:5,6).

*2. സന്തോഷം* - ഒരു പ്രതികൂലത്തിനും ഒരു ദൈവപൈതലിന്റെ സന്തോഷത്തെ എടുത്തു കളയുവാൻ കഴിയുകയില്ല. ഇത് ദൈവരാജ്യത്തിന്റെ അനുഭവമാണ് (റോമ.14:17). ഉദാ: ഫിലിപ്പ്യയിലെ കാരാഗ്രഹത്തിൽ കിടക്കുന്ന പൗലോസ് എഴുതിയത് കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ എന്നാണ് (ഫിലി.3:1).

*3. സമാധാനം* - കലഹം ഇല്ലാതെ, വിഭാഗീയ ചിന്തകൾക്കതീതമായി രമ്യമായ ബന്ധത്തോടെ ജീവിക്കുന്ന അനുഭവമാണ് സമാധാനം. യോഹ.14:27 -എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു...ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്.

*4. ദീർഘക്ഷമ* - മറ്റുള്ളവരുടെ ദ്രോഹങ്ങളേയും എതിർപ്പുകളേയും പരിഹാസങ്ങളേയും പിറുപിറുപ്പോ അതൃപ്തിയോ നീരസമോ പ്രതികാരചിന്തയോ കൂടാതെ ദീർഘമായി സഹിക്കുവാനുള്ള കഴിവാണ് ദീർഘക്ഷമ (2 പത്രോ.3:9, യോക്കോ.5:7,8).

*5. ദയ* - ആർദ്രതയോടുകൂടിയ പെരുമാറ്റത്തെ സൂചിപ്പിക്കുന്ന പദമാണ് ദയ. അർഹതയില്ലാത്ത നമ്മെ സ്നേഹിച്ച് അകൃത്യം കണക്കിടാതെ ദൈവമക്കൾ എന്ന നിലയിൽ നടത്തുമ്പോൾ നാം മറ്റുള്ളവരോട് ഇതേഭാവം ഉള്ളവരായിരിക്കണം എന്നു വചനം പഠിപ്പിക്കുന്നു (സങ്കീ.89:14).

*6. പരോപകാരം* - സ്നേഹം പ്രവർത്തിയിലാക്കുക എന്നതാണ് ഇതിന്റെ അർത്ഥം (മത്താ.5:14-16).

*7. വിശ്വസ്തത* - ദൈവത്തിലും ദൈവവചനത്തിലും ആശ്രയിക്കുന്നതു നിമിത്തം ഒരു വ്യക്തിയുടെ സ്വഭാവത്തിൽ ഉണ്ടാകുന്ന രൂപാന്തരമാണ് വിശ്വസ്തത (1 കൊരി. 4:2).

*8. സൗമ്യത* - ശാന്തത, സാവധാനത, മര്യാദ എന്നൊക്കെയാണ് അർത്ഥം. ഇതെല്ലാംക്കൂടെ ശരിയായി രൂപപ്പെട്ട അവസ്ഥയാണ് സൗമ്യത.

*9. ഇന്ദ്രിയജയം* - ആത്മസംയമനം. ജീവിതത്തിന്റെ എല്ലാ മേഖലയേയും നിയന്ത്രിക്കുവാൻ കഴിയുന്ന സുബോധമാണ് ഇന്ദ്രിയജയം. കോപം, ജഡീകചിന്ത, പ്രപഞ്ചമോഹങ്ങൾ, സ്വാർത്ഥത തുടങ്ങിയ സ്വഭാവങ്ങളുടെമേൽ സ്വയം കൈവരിക്കുന്ന നിയന്ത്രണമാണ് ഇന്ദ്രിയജയം. പരിശുദ്ധാത്മാവ് നമ്മുടെമേൽ പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ മാത്രമേ ജയാളിയായി ജീവിക്കുവാൻ കഴിയൂ. ക്രിസ്തുവിൽ നാം വസിച്ചാൽ ഈ ഫലമെല്ലാം സ്വയം ഉളവായി വരും.

പരിശുദ്ധാത്മാവിന്റെ നദിയിലേക്ക് വേരുകൾ ഇറക്കി ശക്തി സംഭരിക്കുന്ന വിശ്വാസി ആത്മാവിന്റെ വരങ്ങളും ഫലവും പുറപ്പെടുവിച്ചുകൊണ്ടിരിക്കും.

# ഏലക്കാ

Hello Health

***ഏലക്കയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചാൽ നിങ്ങൾക്കുണ്ടാകുന്ന ആരോഗ്യപരമായ മാറ്റങ്ങൾ നിരവധിയാണ്. ഭക്ഷണം ഉണ്ടാക്കുമ്പോൾ ഏലക്ക ചേർക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഏലക്ക പച്ചക്കും വെള്ളത്തിലിട്ട് തിളപ്പിച്ചും ഉപയോഗിക്കാവുന്നതാണ്.***

### *വെള്ളത്തിലിട്ട് തിളപ്പിച്ച ഏലക്ക ഉപയോഗിച്ചാൽ ഉണ്ടാവുന്ന ആരോഗ്യ ഗുണങ്ങൾ*

**1. വായ്നാറ്റത്തിന് പരിഹാരം**
ഏലക്ക ചൂടുവെള്ളത്തിൽ കുതിർത്ത് ആ വെള്ളം കൊണ്ട് വായ് കഴുകിയാൽ മതി വായ്നാറ്റം പോലുള്ള പ്രശ്നങ്ങളെ എന്നന്നേക്കുമായ് ഇല്ലാതാക്കും.

**2. പകർച്ച വ്യാധികൾ**
ഏലക്ക ചതച്ച വെള്ളവും ഏലക്ക കുതിർത്ത വെള്ളവും കുടിക്കുന്നത് അണുബാധ പോലുള്ള പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നൽകുന്നു.

**3. ചുമയും പനിയും മാറാൻ**
ചുമയും പനിയും മാറാൻ ഏറ്റവും ഉത്തമമായ ഒന്നാണ് ഏലക്ക.

**4. എക്കിൾ ഇല്ലാതെയാക്കുന്നു**
എക്കിൾ പലസമയത്തും നമ്മളെ വലക്കുന്ന ഒന്നാണ്. എന്നാൽ എക്കിളിനെ ഇനി പിടിച്ചു കെട്ടിയ പോലെ നിർത്താൻ ഏറ്റവും സഹായകരമായ ഒന്നാണ് ചൂടുവെള്ളത്തിൽ കുതിർത്ത ഏലക്കയോ അല്ലെങ്കിൽ ഏലക്ക വെള്ളമോ.

**5. ആന്റി ഓക്സിഡന്റുകൾ**
ആന്റി ഓക്സിഡന്റുകൾ ധാരാളം അടങ്ങിയിട്ടുള്ള ഒന്നാണ് ഏലക്ക. വിറ്റാമിനുകളും എസൻഷ്യൽ ഓയിലുകളും ധാരാളം ഇതിലുണ്ടെന്നു മാത്രമല്ല വാർദ്ധക്യം എന്ന പ്രശ്നത്തിനൊരു ഒരുപരിധിവരെ പരിഹാരം ഏലക്കയാണ്.

**6. ആസ്ത്മ**
ആസ്ത്മക്ക് പരിഹാരം കാണാൻ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒന്നാണ് ഏലക്ക. എലക്ക വെള്ളം കുടിക്കുന്നതും ഏലക്ക വിത്ത് കഴിക്കുന്നതും ആസ്ത്മയെ ഇല്ലാതാക്കുന്നു.

# യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്



ജോസഫ് എൻ വർഗീസ്

വളരെ ലഭിച്ചവനോടു വളരെ ആവിശ്യപ്പെടും അധികം ഏറ്റുവാങ്ങിയവനോടു അധികം ചോദിക്കും. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ട് ദൈവത്തിന്റെ അനുതാപം പിടിച്ചു പറ്റിയ ജനമായ നിനവേ പട്ടണക്കാരോടു ഏകദേശം 100 വർഷങ്ങൾക്കുശേഷം നഹൂം പ്രവാചകനിലൂടെ ആ പട്ടണത്തെ ന്യായം വിധിക്കും എന്നറിയിച്ചു. കാരണം അവരുടെ മാനസാന്തരം താൽക്കാലികമായിരുന്നു. അവർ വീണ്ടും ക്രൂരകൃത്യങ്ങളിലേക്കു മടങ്ങി. ബിസി 669 മുതൽ 633 വരെ ഭരിച്ചിരുന്ന അശൂർ ബാനിപാലിന്റെ കാലത്ത് ഇവരുടെ പ്രതാപം അത്യുച്ചനിലയിലെത്തി. അന്ന് ഭൂമുഖത്തുണ്ടായിരുന്ന ഏറ്റവും പ്രബലമായ നഗരം ആയിരുന്നു നിനവേ. ആ പട്ടണത്തിനു ചുറ്റും 100 അടി ഉയരമുള്ളതും 15 അടി വീതിയുള്ളതുമായ മണിമാളികകൾകൂടെ ഉണ്ടായിരുന്നു. അപ്പോൾ ഏതു വശത്തുനിന്ന് നോക്കിയാലും ശത്രു വരുന്നതു കാണാം. അതും കൂടാതെ കോട്ടയ്ക്ക്പുറത്ത് 150 അടി വീതിയിലും 60 അടി ആഴമുള്ളതും വെള്ളം നിറഞ്ഞതുമായ വലിയ കിടങ്ങും ഉണ്ടായിരുന്നു. ഈ നഗരത്തിനെതിരെ അതിനടുത്ത പട്ടണക്കാരനായിരുന്ന നഹൂം പ്രവാചകൻ പറയുകയാണ് സംഹാരകൻ നിനക്കെതിരെ...ശക്തീകരിക്കുക.

ആ ജനത്തോടു പ്രവാചകൻ പറയുന്നു 'യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ. അവൻ ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ല. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്' - നഹൂം 1:3

നോഹയുടെ കാലത്ത് ദീർഘനാളുകൾ അവൻ ജനത്തോടു മാനസാന്തരത്തിനുവേണ്ടി പ്രസംഗിച്ചു (ഏകദേശം 120 വർഷം). ആ ജനം അന്നുവരെ മഴ കണ്ടിട്ടില്ല, വെള്ളപ്പൊക്കം കണ്ടിട്ടില്ല. ആ ജനം എങ്ങനെ നോഹയുടെ പെട്ടകത്തിൽ വിശ്വസിക്കും. ദൈവം ആ ജനത്തോടു ദീർഘക്ഷമയുള്ളവനായിരുന്നു. 120 വർഷം കാത്തിരുന്നു, ആ ജനം നന്നാകില്ല എന്നു കണ്ടാണ് അന്ന് അവരെ നശിപ്പിച്ചത്.

40 വർഷക്കാലം യിസ്രായേൽ ജനത്തെ മരുഭൂമിയിൽക്കൂടി അത്ഭുകരമായി വഴി നടത്തി. കാരണം അവർ യുദ്ധം കാണുമ്പോൾ അനുതപിച്ച് വീണ്ടും മിസ്രയീമിലേക്ക് (പുറ.13:17) മടങ്ങിപ്പോയി അടിമത്വജീവിതം തുടരുമെന്ന് വെച്ച് അവൻ അവരോടു ദീർഘക്ഷമ കാണിക്കുവാനിടയായി.

അവൻ മരുഭൂമിയിൽ മന്നായും കാടഇറച്ചിയും തീക്കൽ പാറയിൽ നിന്ന് വെള്ളവും അവർക്കു കൊടുത്തു. അവരുടെ വസ്ത്രം കീറിയില്ല, ചെറുതായില്ല, അവർ നടന്നു നടന്ന് കാലു വീങ്ങിയതുമില്ല, അവരുടെ ചെരുപ്പ് പൊട്ടിയതുമില്ല (ആവ.8:4, 29:4). എങ്കിലും ആ ജനം അവന് അനിഷ്ടമായതു ചെയ്തതുകൊണ്ട് ആ തലമുറ നശിക്കുവോളം അവരെ ഉഴലുമാറാക്കി. ദേശം ഉറ്റുനോക്കിയ 40 ദിവസത്തിന്റെ എണ്ണത്തിനൊത്തവണ്ണം ഓരോ ദിവസത്തിന് ഒരു സംവത്സരം വെച്ചു അവരോടു അകന്നിരുന്നു - സംഖ്യ.14:34.

അങ്ങനെ യഹോവ ദീർഘക്ഷമയും അതിനോടൊപ്പം ശിക്ഷിക്കാതെ വിടാത്തവനുമാണ് എന്ന് കാണിച്ചു കൊടുത്തു. എന്നാൽ നമ്മൾ സേവിക്കുന്ന ദൈവത്തിന്റെ വഴി തികവുള്ളതും നമ്മളെ തകർക്കുവാൻ ശത്രു അടിപ്പിക്കുന്ന ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട് എന്നതാണ് ഇന്നതാണ് നമ്മുടെ വിഷയം.

യിസ്രായേൽ ജനത്തെ വിട്ടയച്ച ഫറവോന്റെ ഹൃദയം കഠിനമാക്കി അവരെ പിന്തുടരുവാൻ തുടങ്ങി അവർ ചെങ്കടലിന് അടുത്ത് എത്തിയപ്പോഴേക്കും ഫറവോനും സൈന്യവും അവരുടെ അടുത്ത് എത്തി. മുമ്പിൽ ചെങ്കടൽ പുറകിൽ ഫറവോനും സൈന്യവും രണ്ടു വശങ്ങളിലും ഉയർന്നു നിൽക്കുന്ന പർവ്വതങ്ങൾ. ജനം എന്തു ചെയ്യും ? നമ്മൾ ആണെങ്കിൽ എന്തു ചെയ്യും ? ദൈവത്തോടു അവർ പിറുപിറുത്തു. മിസ്രയീമിൽ ശവക്കുഴി ഇല്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൊണ്ടുവന്നത് ? മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലത് എന്നൊക്കെ പറഞ്ഞു പിറുപിറുത്തു. ദൈവം മോശയോടു കൽപ്പിച്ചപ്രകാരം അവന്റെ കൈയ്യിലിരുന്ന വടിനീട്ടി (പുറ.14:21). യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള കിഴക്കൻ കാറ്റ് അടുപ്പിച്ച് സമുദ്രത്തെ രണ്ടാക്കി. ആ കാറ്റിൽ ദൈവം ഉണ്ടായിരുന്നു. തന്റെ മഹത്വമുള്ള ഭുജം മോശെയുടെ വലങ്കൈക്കൽ ചെല്ലുമാറാക്കി തനിക്ക് ഒരു ശാശ്വതനാമം ഉണ്ടാകേണ്ടതിന് അവരുടെ മുമ്പിൽ വെള്ളം വിഭാഗിക്കുകയും അവർ ഇടറാതവണ്ണം മരുഭൂമിയിൽ ഒരു കുതിരയെപ്പോലെ അവരെ ആഴങ്ങളിൽ കൂടി നടത്തുകയും ചെയ്തു (യെശ.63:17), അവൻ അവരെ സംരക്ഷിച്ചു. മരുഭൂമിയിൽ ആഹാരത്തിനുവേണ്ടി കരഞ്ഞപ്പോൾ മന്ന കൊടുത്തു പോഷിപ്പിച്ചു. മന്ന തിന്ന് പുഷ്ടി പ്രാപിച്ച ജനം ഇറച്ചിക്കുവേണ്ടി പിറുപിറുത്തപ്പോൾ ദൈവം ഒരു കാറ്റു അടിപ്പിച്ചു കടലിൽ നിന്നും കാടയെ കൊണ്ടു വന്നു കൊടുത്തു (സംഖ്യ.11:31), ആ കാറ്റിലും ദൈവത്തിന്റെ കരം ഉണ്ടായിരുന്നു. 2 രാജാ.2:1,11 -ൽ യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറ്റി കൊണ്ടു പോയതായി കാണാം.

ഇതൊക്കെ കാണുമ്പോൾ പൗലോസ് തെസ്സലോനിക്യ ലേഖനത്തിൽ എഴുതിയിരിക്കുന്നതുപോലെ കർത്താവ് ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും വന്ന് നമ്മെ ആകാശത്തിൽ എടുക്കും. സെഖ.9:14 -ൽ പറയുന്നു, യഹോവയായ കർത്താവ് കാഹളം ഊതി തെക്കൻ ചുഴലിക്കാറ്റുകളിൽ വരും. അപ്പോൾ തീർച്ചയായും വലിയ ചുഴലിക്കാറ്റും പേമാരിയും ഒക്കെ ഉണ്ടായേക്കാം. അതിന്റെ ഒരു മുന്നോടിയായിരിക്കാം മഹാരാഷ്ട്രയിലെ ലത്തൂരിലും ഗുജറാത്തിലെ ഭൂകമ്പവും അതിനുശേഷം ഉണ്ടായ സുനാമിയും ഒക്കെ.

ഇനിയും ചുഴലിക്കാറ്റും ഭൂകമ്പവും ഒക്കെ വരുമ്പോൾ (ഏതു സമയത്തും) തീർച്ചായായും നമ്മുടെ കർത്താവ് ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. കൂടുതലായി യെഹ.38:19-23 -ൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയിൽ ലജ്ജിച്ചുപോകാതെ നാമും എടുക്കപ്പെടേണ്ടതിനു നമ്മെത്തന്നെ ഒരുക്കാം. മാറാനാഥാ.



ജിമോൻ പഴയിടം, മൂന്നാർ

HH Rhythm

## ആകെ തുക

*അറിവുണ്ടോ മനുജാ നിൻ മരണത്തിനപ്പുറം*
*നീ ചെയ്ത കർമ്മത്തിൻ ആകെ തുക*
*സൃഷ്ടാവെ വണങ്ങാതെ സൃഷ്ടിയെ ശ്രദ്ധിച്ച*
*കൊടും പാപശേഷിപ്പിൻ ആകെ തുക...*

*മുട്ടുന്നു മകനെ നിൻ ഹൃദയത്തിൻ വാതിൽ*
*എന്നെ പ്രവേശിപ്പാൻ അനുവദിക്ക*
*ഈ ആർദ്രമാം ശബ്ദം നീ പലവുരു കേട്ടിട്ടും*
*പിൻ തിരിയാത്തതിൻ ആകെ തുക...*

*സുസ്ഥിരമാർന്നൊരു പാറയിൽ നിർത്തുവാൻ*
*ബലമാർന്ന കരങ്ങളെ നീട്ടും നേരം*
*പരിഹാസമൊളുപ്പിച്ച കണ്ണിൻ ഇമകളെ*
*ഇമ്പത്തിനയച്ചതിൻ ആകെ തുക...*

*പാപമാം സാഗര തിരകളെ പുൽകി നീ*
*സ്നാന നിമജ്ജനം ചെയ്യും നേരം*
*നിനക്കായി ചൊരിഞ്ഞതാം നിണമാകും സുകൃതത്തെ*
*ഞെരിപ്പോടിലെറിഞ്ഞതിൻ ആകെ തുക...*



10th Wedding Anniversary
Alexander Abraham & Princy Alex
With best compliments
New Harvest Church, Bahrain

NEWS UPDATES

# DEEPTI SPECIAL SCHOOL
## MANAKKALA, ADOOR

# പുതിയൊരു നാഴികക്കല്ല്...സെൻസറി റൂം

***സെൻസറി റൂം എന്ന് നാം പലരും കേട്ടിട്ടുണ്ടെങ്കിലും എന്താണ് സെൻസറി റൂം എന്ന് പലർക്കും വ്യക്തമായ ധാരണ ഉണ്ടാവില്ല. തികച്ചും ശാസ്ത്രീയമായി സജ്ജീകരിച്ച ഒരു ഇടമാണ് സെൻസറി റൂം. പേര് സൂചിപ്പിക്കുന്നതുപോലെ ഇന്ദ്രിയങ്ങളുമായും ഉദ്ദീപനങ്ങളുമായും ബന്ധപ്പെട്ട തകരാറുകളാണ് ഇവിടെ പരിഹരിക്കാനായി ശ്രമിക്കുന്നത്. കാഴ്ചയുടേയും, കേൾവിയുടേയും, സ്പർശനത്തിന്റേയും, ചലനത്തിന്റേയും മേഖലകളിൽ ഉണ്ടായിരുന്ന തകരാറുകൾ പരിഹരിക്കുന്നതിന് വേണ്ടിയാണ് സെൻസറി റൂം സജ്ജീകരിച്ചിരിക്കുന്നത്.***











അധികം ശബ്ദമോ മറ്റ് തടസങ്ങളോ ഇടപെടലുകളോ ഉണ്ടാകാത്ത സ്ഥലമാണ് സെൻസറി റൂമിനുവേണ്ടി തിരഞ്ഞെടുക്കേണ്ടത്. നിശബ്ദമായ ഒരു അന്തരീക്ഷത്തിൽ മാത്രമേ നല്ല രീതിയിൽ ഒരു സെൻസറി റൂമിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ കഴിയൂ.

പലതരം കുട്ടികളെ കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ സെൻസറി റൂമിൽ പ്രധാനമായും 'സുരക്ഷയ്ക്കാണ്' നാം മുൻതൂക്കം കൊടുക്കേണ്ടത്. യാതൊരു വിധത്തിലും അപകടങ്ങൾ ഉണ്ടാകാത്ത വിധത്തിൽ വേണം റൂം ഒരുക്കിയെടുക്കാൻ.

പഠനവൈകല്യങ്ങൾ ഉള്ളവരേയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ ഉള്ളവരേയും വളർച്ചയുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ ഉള്ളവരേയും സെൻസറി റൂമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ പരിശീലിപ്പിക്കാൻ സാധിക്കും. ഒരാളുടെ കഴിവുകളും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാനുള്ള ഇടം കൂടിയാണ് സെൻസറി റൂം.

സെൻസറി റൂമിന് കൃത്യമായ ഒരു രൂപഘടന ഇല്ല. ഓരോ സെൻസറി റൂമും വ്യത്യസ്ഥമായിരിക്കും. ആവശ്യാനുസരണം ആ ഘടനയിൽ മാറ്റം വരുത്തുന്നു. സ്ഥലത്തിനും സാഹചര്യത്തിനും അനുസരിച്ചും സെൻസറി റൂമിന്റെ രൂപം മാറുന്നു.

പഠനത്തിന്റേയോ ക്ലാസ്സ്റൂമിന്റേയോ അന്തരീക്ഷത്തിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കും ഒരു സെൻസറി റൂം. തികച്ചും ഉല്ലാസത്തിന്റേയും സന്തോഷത്തിന്റേയും നിമിഷങ്ങളാണ് ഒരു സെൻസറി റൂം സമ്മാനിക്കേണ്ടത്. തലച്ചോറിന്റെ വിവിധ ശേഷികളുടെ വർദ്ധനവ് സാധ്യമാക്കാനും പ്രവർത്തനങ്ങൾ സെൻസറി റൂമിൽ ലഭ്യമാക്കുന്നുണ്ട്.

ഹൈപ്പർ ആക്ടിവിറ്റി പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് സെൻസറി റൂമിന്റെ സേവനം ലഭ്യമാക്കുന്നത് വളരെ പ്രയോജനകരമാണ്. സന്തുലനത്തിൽ (ബാലൻസ്) പ്രശ്നം കാണിക്കുന്ന കുട്ടികൾക്കും പ്രശ്നപരിഹാരത്തിന് സെൻസറി റൂമിന്റെ സഹായം തേടാവുന്നതാണ്. സ്വഭാവ വൈകല്യങ്ങൾക്കും പലതരം ഫോബിയാസിനും (ഭയങ്ങൾക്കും) പരിഹാരം കാണാനും ഒരു നല്ല സെൻസറി റൂമിന് സാധിക്കും. ദീപ്തി സ്പെഷ്യൽ സ്ക്കൂളിനെ സംബന്ധിച്ചടുത്തോളം ഭിന്നശേഷിക്കാർക്കായുള്ള സേവന പ്രവർത്തനങ്ങളിൽ ഏറ്റവും പുതിയൊരു കാൽവെയ്പ്പാണ് ദീപ്തിയുടെ സെൻസറി റൂം. ഈ സേവനം തുടങ്ങി അധികകാലം ആയില്ലെങ്കിൽ തന്നേയും അനേകം കുട്ടികളുടെ സ്വഭാവത്തിലും കഴിവിലും ഒരു പാട് വ്യത്യാസങ്ങൾ വരുത്തുവാൻ ഇവിടുത്തെ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു എന്നത് അഭിമാനത്തോടെ സ്മരിക്കട്ടെ !

***പഠനവൈകല്യങ്ങൾ ഉള്ളവരേയും ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ ഉള്ളവരേയും വളർച്ചയുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ ഉള്ളവരേയും സെൻസറി റൂമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ പരിശീലിപ്പിക്കാൻ സാധിക്കും.***

**ഹലോ ഹോപ്പിനോടൊപ്പം ദീപ്തി സ്പെഷ്യൽ സ്കൂളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന എല്ലാ പ്രിയപ്പെട്ടവരും ദയവായി ഞങ്ങളെ കോൺടാക്ട് ചെയ്യുക.**

**ഫോൺ +973 39336575, + 973 33552886**
**ഇമെയിൽ : hhgulfnews@gmail.com**



# ന്യായപ്രമാണം

## അന്വേഷണം, അനുസരണം, ആചരണം

സങ്കീർത്തന വിചിന്തനം



നൈനാൻ മാത്യു

***യഹോവയുടെ ന്യായപ്രമാണവും അതിന്റെ അനുസരണവും തിരുവചനത്തിലെ പ്രത്യേകിച്ച് സങ്കീർത്തന പുസ്തകങ്ങളിലെ കാതലായ ഒരു പഠനവിഷയമാണ്.***

176 വാക്യങ്ങൾ ഉൾക്കൊള്ളുന്ന 119-ാം സങ്കീർത്തനം എബ്രായ അക്ഷരമാലയിലെ അക്ഷരങ്ങളുടെ സംഖ്യയ്ക്ക് ഒത്തവണ്ണം 22 ഭാഗങ്ങളായി, ഓരോ അക്ഷരങ്ങൾക്ക് കീഴെ 8 വീതം വാക്യങ്ങൾ ആയി ചിട്ടപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല 119 ലെ 176 വാക്യങ്ങളിലും ന്യായപ്രമാണത്തെ കുറിക്കുന്ന, തത്തുല്യമായ ഏതെങ്കിലും ഒരു പദം ഉപയോഗിച്ചിരിക്കുന്നതായി കാണുവാൻ കഴിയും (ചില വാക്യങ്ങളിൽ ഒന്നിലേറെ തവണ). എഴുത്തുകാരൻ ആരെന്ന് വ്യക്തമായ ഒരു ചിത്രം ഇല്ലായെങ്കിലും യഹോവയുടെ ന്യായപ്രമാണങ്ങളെ അഗമ്യമായി, തീഷ്ണമായി പ്രണയിച്ചിരുന്ന ദാവീദ് രാജാവാണ് ഇതിന്റെ രചയിതാവ് എന്ന ഒരു പ്രബലചിന്താഗതി നിലനിൽക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രണയമാണ് 119-ാം സങ്കീർത്തനത്തിന്റെ പ്രമേയം. ആരോടുള്ള പ്രണയം ? എന്തിനോടുള്ള പ്രണയം? യഹോവയോടും, യഹോവയുടെ ന്യായപ്രമാണത്തോടുമുള്ള പ്രണയം.

119-ാം സങ്കീർത്തനം 1-8 വരെയുള്ള വാക്യങ്ങൾ എബ്രായ അക്ഷരമാലയിലെ ആദ്യ അക്ഷരമായ 'ആലേഫ്' എന്ന തലക്കെട്ടിനു കീഴിലായി ക്രമീകരിച്ചിരിക്കുന്നു. എബ്രായ ഭാഷയിൽ ഇതിലെ ഓരോ വാക്യങ്ങളും ആരംഭിക്കുന്നതും 'ആലേഫ്' എന്ന പദപ്രയോഗത്തോടെയാണ്, യഹോവയുടെ ന്യായപ്രമാണത്തിന്റെ കൃത്യമായ അനുസരണവും ആചരണവുമാണ് പഠനഭാഗത്തെ പ്രധാന സന്ദേശം/ പ്രതിപാദ്യവിഷയം.




ഭാഗ്യവാന്മാരുടെ ഒരു 'ഗണത്തെ' ചൂണ്ടി കാണിച്ചു കൊണ്ടാണ് സങ്കീർത്തനക്കാരൻ ആരംഭിക്കുന്നത്. നടപ്പിൽ നിഷ്കളങ്കൻ ആയവർ, പൂർണ്ണ ഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ, നീതികേടു പ്രവർത്തിക്കാതെ എന്നിങ്ങനെയുള്ള ബഹുവചന പദപ്രയോഗങ്ങൾ 1-3 വരെയുള്ള വാക്യങ്ങളിൽ കാണുമ്പോൾ 4-8 വരെയുള്ള വാക്യങ്ങളിൽ ഈ ബഹുവചന പദപ്രയോഗങ്ങൾ ഏകവചന രൂപത്തിനു വഴി മാറുന്നതായി കാണാം (നിന്റെ, എന്റെ, എന്നെ...എന്നിങ്ങനെ). ശാസ്ന സങ്കീർത്തനമായ 1-ാം സങ്കീർത്തനത്തിൽ ദുഷ്ടന്മാരുടെ ആലോചനയ്ക്ക് ഒത്ത നടപ്പിനെ ശാസിക്കുമ്പോൾ 119-ൽ ന്യായപ്രമാണം അനുസരിച്ചുള്ള നിഷ്കളങ്കമായ നടപ്പിനെ ഭാഗ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. തിരുവചന അടിസ്ഥാനത്തിൽ ലോകത്തിലുള്ള മനുഷ്യരുടെ നടപ്പിനെ തരംതിരിച്ചാൽ 2 ആയി തിരിക്കാം. ഒന്നുകിൽ ദുഷ്ടന്റെ ആലോചനയ്ക്ക് അനുസരിച്ച് പാപികളുടെ വഴിയിലുള്ള നടപ്പ് അല്ലെങ്കിൽ യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് നിഷ്കളങ്കമായ വഴിയിലുള്ള നടപ്പ്, മൂന്നാമതൊരു നടപ്പില്ല.

ഇവിടെ (1-ാം വാക്യം) നിഷ്കളങ്കമായ നടപ്പിന്റെ അടിത്തറ, ആധാരം എന്നു പറയുന്നത് യഹോവയുടെ ന്യാപ്രമാണത്തോടുള്ള തികഞ്ഞ അനുസരണം മാത്രമാണ്. ന്യായപ്രമാണത്തെക്കുറിച്ച്, ദൈവവചനത്തെക്കുറിച്ച് അറിവുള്ള പലരേയും നമുക്കു ചുറ്റും ധാരാളം കാണുവാൻ കഴിയും. പക്ഷേ ദൈവവചനത്തെ അനുസരിക്കുന്നവർ എക്കാലവും ചുരുക്കമായിരിയ്ക്കും. ദൈവവചനം പഠിക്കുന്നതും, അറിയുന്നതും വളരെ നല്ല കാര്യമാണ്. പക്ഷേ അത് അനുസരിക്കുവാൻ വേണ്ടിയല്ലെങ്കിൽ അറിയാതെ ഇരിക്കുന്നതായിരുന്നു നന്ന്. അങ്ങനെയുള്ള അറിവ് നമ്മ ചീർപ്പിച്ചുകളയും എന്നതിന് സംശയം ഒന്നുമില്ല ( 1 കൊരി.8:1).

ഇവിടെ നടപ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വഴി/ജീവിതം എന്നർത്ഥത്തിലാണ്. യഹോയുടെ ന്യായപ്രമാണത്തെ അനുസരിക്കുന്നവരുടെയും പൂർണ്ണ ഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവരുടേയും ജീവിതം കളങ്കമറ്റതായിരിയ്ക്കും. അത് ഒരു ജീവിത ചര്യ/രീതി ആയിരിയ്ക്കും. മറിച്ച് നിഷ്കളങ്കതയുടെ അഭിനയം ആയിരിക്കില്ല. അവരുടെ ജിവിതത്തിന്റെ സമസ്തമേഖലകളേയും അവർ നിഷ്കളങ്ക മാർഗ്ഗത്തിൽ സൂക്ഷിക്കും. നിഷ്കളങ്കമായ ഒരു ജീവിതം ഇല്ലാതെ നിഷ്കളങ്കമായ നടപ്പ് അസാദ്ധ്യമാണ്.

അവർ ഭാഗ്യവാന്മാരാണ് എന്നു തന്നെയാണ് സങ്കീർത്തനക്കാരൻ പറയുന്നത്. മറിച്ച് അവരുടെ ഭാഗ്യം ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന, വരുവാൻ പോകുന്ന എന്തെങ്കിലും ഒരു കാര്യമായിട്ടല്ല നിലകൊള്ളുന്നത്. അവരുടെ അനുഗ്രഹത്തിനായി പ്രത്യേകിച്ച് ഒരു കാര്യം സംഭവിക്കേണ്ടതായിട്ടില്ല. പ്രത്യേകിച്ച് ഒരു പ്രാർത്ഥനകൂടി ആവിശ്യമില്ല. അവർ ഭാഗ്യവാന്മാർ തന്നെയാണ്. ഇനി ഒരു പുതിയ അനുഗ്രഹം അവർക്ക് നൽകുവാൻ ദൈവത്തിന് പ്രസാദം ഉണ്ടെങ്കിൽ അത് അവരുടെ പിന്നാലെ അവരെതേടി എത്തിക്കൊള്ളും. അതായത് ഭക്തനു നേരിന്റെ പാത നിഷ്കളങ്കമാർഗ്ഗം അതിൽ തന്നെ ഭാഗ്യമാണ്, മറിച്ച് ഒരു ഭാരമല്ല. ജീവിത സൗഭാഗ്യം അവന്റെ കൈമുതലാണ്. അവർ നീതികേടു പ്രവർത്തിക്കുന്നില്ല. 4 മുതൽ താഴോട്ടുള്ള വാക്യങ്ങൾ ശ്രദ്ധിച്ചാൽ ആമുഖ വാക്യങ്ങളിൽ സൂചിപ്പിച്ച ഭക്തന്മാരുടെ ഗണത്തിലേക്ക് എത്തിപ്പെടുവാൻ ആഗ്രഹിക്കുന്ന (തന്നെതന്നെ ഒരുക്കുന്ന) സങ്കീർത്തനക്കാരനെയാണ് നാം കാണുന്നത്. അതിനു പ്രത്യേകിച്ചു കുറുക്കുവഴികൾ ഒന്നും തന്നെയില്ല. 'നിന്റെ പ്രമാണങ്ങളെ കൃത്യമായി ആചരിക്കുക എന്നത് മാത്രമേയുള്ളൂ അതിനായിട്ടാണ് യഹോവ അത് കൽപ്പിച്ചു തന്നിരിക്കുന്നു എന്ന തിരിച്ചറിവിൽ താൻ എത്തിയിരിക്കുന്നു'.

ഇവിടെ നാട് ഓടുമ്പോൾ നടുവേ ഓടണം എന്ന രീതിയിൽ വഴിക്കനുസരിച്ച പ്രമാണങ്ങളെ മാറ്റുകയല്ല മറിച്ച് കൃത്യമായി ആചരിക്കേണ്ടതിനു യഹോവ കൽപ്പിച്ചു തന്ന പ്രമാണങ്ങളെ, ചട്ടങ്ങളെ കൃത്യമായി ആചരിക്കേണ്ടതിനു തന്റെ നടപ്പ് സ്ഥിരമാക്കണെ എന്ന ഹൃദയംഗമായ ഒരു പ്രാർത്ഥന ചെയ്യുകയാണ്. എത്ര വലിയ തിരിച്ചറിവാണ് സങ്കീർത്തനക്കാരൻ പ്രാപിച്ചിരിക്കുന്നത്.

യഹോവയുടെ വചനത്തെക്കുറിച്ചുള്ള കേവലം അറിവല്ല പ്രത്യുത ഭാഗ്യവാന്മാർ അനുസരിച്ചതുപോലെയുള്ള തികഞ്ഞ അനുസരണമാണ്, അഥവ ആചരണമാണ് അനിവാര്യമായിരിക്കുന്നത് എന്ന ഉത്തമബോധ്യം. സങ്കീർത്തനക്കാരന്റെ ഉറപ്പാണ് 6-ാം വാക്യത്തിൽ 'നിന്റെ സകല...ഞാൻ ലജ്ജിച്ചു പോകയില്ല'. തിരകൾ എത്ര അലതല്ലി എത്തിയാലും നിന്റെ വചനങ്ങളെ സൂക്ഷിക്കുന്നനായിടത്തോളം... പോകയില്ല. 7,8 വാക്യങ്ങൾ സങ്കീർത്തനക്കാരന്റെ തീരുമാനവും പ്രതിഷ്ഠയും പ്രാർത്ഥനയുമാണ്.

തീരുമാനം - നിന്റെ നീതിയുള്ള വിധികളെ പഠിച്ചിട്ട് ആമുഖത്തിൽ ഭാഗ്യവാന്മാർ പൂർണ്ണ ഹൃദയത്തോടെ അന്വേഷിച്ചതുപോലെ പരമാർത്ഥ ഹൃദയത്തോടെ ഞാൻ നിനക്ക് സ്തോത്രം ചെയ്യും. പഠിക്കും തോറും സ്തോത്രം ചെയ്യും.

തന്റെ പ്രതിഷ്ഠ - നിന്റെ ചട്ടങ്ങളെ ഞാൻ ആചരിക്കും,അനുസരിക്കും എന്നു ചൊല്ലി യഹോവയുടെ മുമ്പാകെ സാഷ്ടാംഗം വീഴുന്നു 'എന്നെ അശേഷം ഉപേക്ഷിക്കരുതേ'. ഞാൻ എന്തൊക്കെ ചെയ്താലും അങ്ങ് എന്നെ അംഗീകരിച്ചില്ലായെങ്കിൽ കൈകൊണ്ടില്ലായെങ്കിൽ ഞാൻ ഉപേക്ഷിക്കപ്പെട്ടു പോകും. എന്നെ ഉപേക്ഷിക്കരുതേ !




Dr. Kevin George Varghese
Nitte University,
K S Hegde Medical Academy, Mangalore Karnataka
S/o George Varghese & Alice George
Suvartha Full Gospel Church, Bahrain





ജി.പി.നിശ്ചൽ റോയി
തിരുവനന്തപുരം

# ആവർത്തന പുസ്തകം

*അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!*

എബ്രായ ബൈബിളിലേയും പഴയനിയമം എന്നു ക്രിസ്ത്യാനികൾ വിളിക്കുന്ന ലിഖിതസമുച്ചയത്തിലേയും അഞ്ചാമത്തെ ഗ്രന്ഥമാണല്ലോ 'നിയമാവർത്തനം' എന്നു പറയുന്ന ആവർത്തന പുസ്തകം. പഞ്ചഗ്രന്ഥി എന്നുകൂടി വിളിപ്പേരുള്ള യഹൂദ നിയമസംഹിതയായ തോറയിലെ അഞ്ച് ഗ്രന്ഥങ്ങളിൽ അവസാനത്തേതും ഇതു തന്നെയാണ്. പോയ 40 വർഷം മരുഭൂമിയിൽ അലഞ്ഞു തിരിയേണ്ടിവന്നപ്പോഴുണ്ടായ അനുഭവങ്ങൾ വിലയിരുത്തിയും കടന്നു ചെല്ലാൻ പോകുന്ന വാഗ്ദത്ത ഭൂമിയിലെ ഭാവിയിലേക്ക് ഉറ്റുനോക്കിയും മോശെ നടത്തിയ ചിന്തനീയമായ മൂന്ന് പ്രഭാഷണങ്ങളാൽ അലംകൃതമാണ് ആവർത്തനപുസ്തകം.

ബി.സി 280 -ൽ ഈജിപ്റ്റിലെ 'അലക്സാന്ത്രായയിൽ' വെച്ച് ഭാഷാന്തരം നടത്തിയ സെപ്റ്റുവജന്റ് വിവർത്തകരാണ് ഒറ്റപുസ്തകമായി മോശെയാൽ രചിക്കപ്പെട്ട പഞ്ചഗ്രന്ഥത്തെ വിഷയാനുക്രമമായി വിഭജിച്ചത്. ആവർത്തനം 1:1-ൽ കാണുന്ന 'വചനങ്ങൾ' (മോശെ എല്ലാ യിസ്രായേലിനോടും പറഞ്ഞ വചനങ്ങൾ) എന്ന പദത്തിന്റെ വാച്യാർത്ഥം വരുന്ന 'ഡെബാരീം' എന്ന പദമാണ് എബ്രായ ഭാഷയിൽ ഈ പുസ്തകത്തിന് നൽകിയിരിക്കുന്നത്. സെപ്റ്റുവജന്റ് പരിഭാഷകരാണ് ഈ പുസ്തകത്തിന് ആവർത്തനപുസ്തകം എന്ന നാമകരണം നൽകിയത്.

പഞ്ചഗ്രന്ഥം മോശെയാൽ രചിക്കപ്പെട്ടതാണെന്നുള്ള കാര്യങ്ങൾ മുൻലക്കങ്ങളിൽ നാം പഠിച്ചിട്ടുള്ളതാണ്. ഈ പുസ്തകത്തിലും ആ സത്യത്തെ ഉറപ്പിക്കുന്ന ഏകദേശം 30 -ൽപ്പരം വാക്യങ്ങൾ തന്നെയുണ്ട്. എന്നാൽ ആവർത്തന പുസ്തകത്തിലെ ഒടുവിലത്തെ അദ്ധ്യായമായ 34-ാം അദ്ധ്യായം മോശെയുടെ മരണശേഷം യോശുവ എഴുതി എന്നാണ് പരക്കെയുള്ള പഠനങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാൻ കഴിയുന്നത്. മോശെയുടെ മരണത്തിന് മുമ്പുള്ള ഒരുമാസത്തെ ചരിത്രവും പിമ്പുള്ള ഒരുമാസത്തെ ദുഃഖാചരണവുമാണ് ഈ പുസ്തകത്തിന്റെ കാലപരിധിയായി മനസിലാക്കാൻ കഴിയുന്നത്.

## ആവർത്തന പുസ്തകത്തിന്റെ പ്രത്യേകതകൾ:

ദൈവശാസ്ത്രപരമായി നോക്കിയാൽ, ദൈവവും യിസ്രയേൽ മക്കളും തമ്മിലുള്ള ഉടമ്പടിയുടെ നവീകരണമാണ് ഈ ഗ്രന്ഥം. ഇതിലെ ഏറ്റവും പ്രാധാന്യമുള്ള ഭാഗം ആറാം അദ്ധ്യായത്തിലെ 'ഷെമ' എന്ന പേരിൽ അറിയപ്പെടുന്ന നാലാം വാക്യമാണ്. യഹൂദരുടെ ഏകദൈവ വിശ്വാസത്തിന്റേയും ദേശീയതയുടേയും പ്രഘോഷണമെന്ന നിലയിൽ പ്രസിദ്ധമായ ആ വാക്യം ഇതാണ് 'യിസ്രായേലേ, കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ'.

വാഗ്ദത്ത ഭൂമിയിൽ യിസ്രായേല്യരുടെ ജീവിതത്തിന് വഴികാണിക്കാൻ ഉദ്ധേശിച്ചുള്ള വിശദമായൊരു നിയമസംഹിതയാണ് അതിന്റെ കാതൽ. ദൈവത്തിനുവേണ്ടിയുള്ള സമ്പൂർണ്ണ സമർപ്പണം ധാർമ്മികസംഹിതിയേക്കാൾ ശ്രേഷ്ഠമാണ്. സർവ്വസൃഷ്ടികളോടുമുള്ള മാനുഷിക കരുതൽ ഇതിലെ പ്രതിപാദ്യവിഷയമാണ്. ന്യായപ്രമാണത്തിന്റെ വിരസത നാം ഇതിൽ കാണുന്നില്ല, പ്രത്യുത, ദൈവത്തിന്റെ മാധുര്യമാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത. അനുസരണം മൂലമുള്ള അനുഗ്രഹവും അനുസരണക്കേടിനാലുള്ള ശാപവും ഈ ഗ്രന്ഥത്തിലൂടെ മോശെ അവരെ ഓർപ്പിക്കുന്നു.

ന്യായപ്രമാണത്തെ അടിസ്ഥാനമാക്കിയുള്ള പ്രാധനപ്പെട്ട മൂന്ന് പ്രഭാഷണങ്ങൾ മോശെ യിസ്രായേലിന് നൽകുന്നുണ്ട്. ലേവ്യാപുസ്തകത്തിൽ മുഖ്യമായി പുരോഹിത കുടുംബത്തോടാണ് സംസാരിക്കുന്നതെങ്കിൽ ആവർത്തനപുസ്തകത്തിൽ സാമാന്യജനത്തോടാണ് സംസാരിക്കുന്നത്. മിസ്രയീമിൽ നിന്നും പുറപ്പെട്ടവരിൽ 20 വയസിനു മുകളിലുള്ളവർ എല്ലാം മരുഭൂമിയിൽ മഹാ ദൈവകോപത്താൽ മൺമറയപ്പെട്ടപ്പോൾ ശേഷം വന്ന തലമുറയോടുള്ള ദൈവീക പ്രമാണങ്ങളുടേയും കരുതലിന്റേയും ഓർമ്മപ്പെടുത്തലാണ് ഈ പ്രഭാഷണങ്ങൾ. തങ്ങളുടെ പിതാക്കന്മാരുടെ ദുഃഖപര്യവസായിയായ ചരിത്രത്തിൽ നിന്നും പാഠം പഠിക്കുവാനും അനുസരണത്തിന്റെ ആവശ്യകത മനസിലാക്കുവാനും മോശെ പുതിയ തലമുറയെ ആഹ്വാനം ചെയ്തുകൊണ്ടാണ് ഈ പ്രഭാഷണങ്ങൾ നടത്തിയത്.

ഈ പുസ്തകത്തിന്റെ മറ്റൊരു പ്രത്യേകത, മാനവകുലത്തിന്റെ ഉദ്ദാരണത്തിനായി ഈ ഭൂമിയിൽ പിറവിയെടുത്ത നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ കുറിച്ചുള്ള ശ്രേഷ്ഠകരമായ ഒരു പ്രവചനമാണ്. മോശെയെ പോലൊരു പ്രവാചകനെ ഞാൻ നിങ്ങൾക്കു നൽകും എന്നുള്ളതാണത്.

## പുസ്തകവിഭജനം:

മേൽ ഉദ്ധരിച്ച മൂന്ന് അതിപ്രധാന പ്രബോധനങ്ങൾ കൊണ്ടാണ് ഈ പുസ്തകത്തെ വിഭജിച്ച് പഠിക്കുന്നത്.

*1. ഒന്നാം പ്രഭാഷണം –* മിസ്രയീമിൽ നിന്നും പുറപ്പെട്ടശേഷമുള്ള 40 വർഷത്തെ മരുഭൂപ്രയാണ ചരിത്രത്തെക്കുറിച്ചുള്ള ഒരു പുനരവലോകനം. ആദ്യം അനുസരണക്കേടിലൂടെ ലഭിച്ച ന്യായവിധിയും പിന്നീട് അനുസരണത്തിലൂടെ ലഭിച്ച അനുഗ്രഹവും ഇതിലൂടെ പ്രബോധിപ്പിക്കുന്നു.

*2. രണ്ടാം പ്രഭാഷണം :* 5 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങൾ സീനായ് മലയിൽ വച്ച് നൽകിയ ധാർമ്മികവും നീതിന്യായപരവുമായ ന്യായപ്രമാണത്തിന്റെ മുന്നറിയിപ്പുകളും പ്രബോധനങ്ങളും സുദീർഘമായ ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. 5-11 വരെയുള്ള അദ്ധ്യായങ്ങളിൽ 10 കൽപ്പനകളുടെ ഒരു വിശദീകരണമാണുള്ളത്. 12-16:17 വരെ അനുഷ്ഠാനപരമായ കൽപ്പനകളും 16:18-26:19 വരെയുള്ള ഭാഗത്ത് സാമൂഹിക നിയമങ്ങളുമാണ്.

*3. മൂന്നാം പ്രഭാഷണം:* 27 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങൾ യിസ്രായേലിന്റെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രവചനം. ആദ്യമായി ആസന്ന ഭാവിയിൽ അനുസരണത്തിലൂടെ യിസ്രായേലിന് ലഭിക്കുന്ന അനുഗ്രഹങ്ങളും പിന്നീട് അനുസരണക്കേടിലൂടെ ലഭിക്കുന്ന ശാപവും പ്രവചിക്കുന്നു. വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന പ്രവാസം, പ്രത്യാഗമനം എന്നിവയും ദീർഘദർശനം ചെയ്യുന്നു.

## സ്ഥിതിവിവര കണക്കുകൾ:

അഞ്ചാം പുസ്തകം. 34 അദ്ധ്യായം 958 വാക്യങ്ങൾ, 519 ആജ്ഞകൾ, 47 വാഗ്ദത്തങ്ങൾ, 497 മുന്നറിയിപ്പുകൾ, 268 പ്രവചനപരമായ വാക്യങ്ങൾ.

# നാവ്


അമ്മിണി ചാക്കോ

മുപ്പത്തി രണ്ടു വെള്ളിവേലിക്കെട്ടുകൾക്കുള്ളിൽ
സുരക്ഷിതമായ് കഴിഞ്ഞു കൂടുന്ന എന്റെ നാവേ
ഒരു വ്യക്തിക്കും നിന്നെ ഉപദ്രവിപ്പാൻ
ഒരു ശക്തിക്കും നിന്നെ കീഴ്പ്പെടുത്തുവാൻ കഴിയുകയില്ല

ആർക്കും കടന്നു ചെല്ലുവാൻ കഴിയാത്ത ഒരു
ലോഹ കൂട്ടിനുള്ളിലായ് ഞാൻ നിന്നെ
സുരക്ഷിതമായ് കാക്കുന്നു എന്നാൽ
ലോകം നിന്നെ പേടി സ്വപ്നമായി കാണുന്നു

എത്രയോ ശ്രുതി മധുരമായ ഗാനങ്ങൾ
മർത്യർ തൻ കാതുകളിൽ കേൾപ്പിക്കുന്നു നീ
നിന്നിൽ നിന്നുമുയരും തേൻ മൊഴികൾ
അതേ നിന്നിൽ നിന്നുയരും ശാപവാക്കുകൾ

എന്റെ നാവേ! നീ മനുഷ്യ ശരീരത്തിൽ ഒരു
ചെറിയ അവയവമെങ്കിലും
നീ കാട്ടിക്കൂട്ടുന്ന വിന എത്രയോ ഭയാനകം
നിന്നെകൊണ്ടു പാപം ചെയ്യാതിരിപ്പാൻ
നിന്നെ സൂക്ഷിപ്പാനും
ദുഷ്ടൻ എൻ മുമ്പിൽ ഇരിക്കുമ്പോൾ
നിന്നെ കടിഞ്ഞാൺ ഇടുവാനും
നീ സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ
ആയിരിപ്പാനും
നിൻ സൃഷ്ടിയാം ദൈവത്തിനു
സ്തുതി സ്ത്രോത്രങ്ങൾ അർപ്പിക്കുവാനും
ആകാത്ത കാര്യങ്ങൾ ഉച്ചരിക്കാതിരിപ്പാനും
നല്ല വാക്കുകൾ തന്നെ ഓതിടുവാനുമല്ലയോ
ഞാൻ നിന്നെ സൃഷ്ടിച്ചത് ?
എന്നാൽ എന്റെ നാവേ! നിൻ സ്വഭാവദുഷ്യം നിമിത്തം
ഇന്ന് അനേകർ ലോകത്തോടു വിട പറയുന്നു
ചെറിയ തീ വലിയ കാടു കത്തിക്കുന്നതുപോലെ
നീ കാട്ടിക്കൂട്ടുന്ന വിന എത്രയോ ശോചനീയം

ആകയാൽ എന്റെ നാവേ, നിന്നെ ഒന്നു ക്രൂശിച്ചിരുന്നുവെങ്കിൽ
നീ നിന്നെ ഒന്നു തിരിഞ്ഞു നോക്കിയിരുന്നുവെങ്കിൽ
ഞാനെത്രയോ ധന്യനായ് തീരുമായിരുന്നു
ഈ ലോകം സ്വർഗ്ഗതുല്ല്യമാകുമായിരുന്നു.

# ക്രിസ്തുവിൽക്കൂടി ലഭിക്കുന്ന സമാധാനം



പാസ്റ്റർ ലിജോ മാത്യു

സമാധാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. രാഷ്ട്രങ്ങൾ തമ്മിൽ അന്യോന്യം പോർവിളികൾ നടത്തി ഏതു സമയത്തും ഒരു യുദ്ധത്തിനുള്ള സാഹചര്യം നിലനിൽക്കുകയാണ്. മതങ്ങൾ തമ്മിലും ജാതികൾ തമ്മിലും പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ തന്നെ കൊടുങ്കാറ്റും, ഭൂകമ്പവും, ചുഴലിക്കാറ്റും, വെള്ളപ്പൊക്കവും, പ്രളയവും, പേമാരിയും മറ്റൊരു വശത്ത് രാജ്യങ്ങളെ കുലുക്കുന്നു. അതിമാരകമായ രോഗങ്ങൾ ഒരു വശത്ത്. മറുവശത്ത് അഭയാർത്ഥികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങളിലെല്ലാം മനുഷ്യർ പരസ്പരം കലഹിച്ച് സമാധാനമില്ലാത്തവരായി തീരുന്നു.


ലോകത്തിൽ, ജനം എവിടെ സമധാനം ലഭിക്കും എന്നുള്ള ആഗ്രഹത്തോടെ ജീവിയ്ക്കുന്നു. എല്ലാവർക്കും സമാധാനം അത്യാവശ്യമായ സാഹചര്യത്തിൽ മനുഷ്യർ സമാധാനം ലഭിക്കുവാൻ ഒരു കൂട്ടർ ലഹരി പദാർത്ഥങ്ങൾക്ക് അടിമയാകുന്നു മറ്റൊരു കൂട്ടർ ആൾദൈവങ്ങളുടെ അടുക്കലേക്ക് പോകുന്നു. എന്നാൽ ഇതു രണ്ടു മൂലവും സമാധാനം ലഭിക്കുകയില്ല മറിച്ച് അവശേഷിച്ചിരിക്കുന്ന സമാധാനം കൂടി നഷ്ടമാകുകയും ചെയ്യുന്നു. ചിലർ തീർത്ഥയാത്രകൾ നടത്തി സാമ്പത്തിക ബാദ്ധ്യതയിലേക്ക് വീണുപോകുന്നു. എന്നാൽ തിരുവചനത്തിലേക്ക് നാം നമ്മുടെ ശ്രദ്ധ തിരിക്കുമ്പോൾ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് തന്റെ അടുക്കലേക്ക് കടന്നു വരുന്ന ഏതൊരു വ്യക്തിയോടും അരുളിചെയ്യുന്ന വാഗ്ദത്തമാണ് 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു' (യോഹ 14:27). ദൈവമക്കളായ നമുക്ക് ഈ വാഗ്ദത്തം ഉളളതുകൊണ്ട് ധൈര്യത്തോടെ അവന്റെ അടുക്കൽ ചെല്ലാം. കാരണം കർത്താവ് നമ്മുടെ സൃഷ്ടാവാണ്. നാം നമ്മെ അറിയുന്നതിനുപരിയായി നമ്മെ അറിയുന്നവനാണ് നമ്മുടെ കർത്താവ്.

കർത്താവ് നമുക്ക് തരുന്ന സമാധാനത്തിന് ചില പ്രത്യേകതകൾ ഉണ്ട്.

### 1. പൂർണ്ണ സമാധാനം – യെശ.26:3.

ഇനി ഒരിക്കലും സമാധാനം നഷ്ടപ്പെടുന്ന യാതൊരു സാഹചര്യങ്ങളും നമ്മുടെ ജീവിതത്തിൽ വരികയില്ല എന്നതല്ല മറിച്ച് ഏതു പ്രശ്നങ്ങളേയും പ്രതികൂലങ്ങളേയും പ്രതിസന്ധികളേയും ധൈര്യത്തോടെ അഭിമുഖീകരിക്കുവാൻ ആവശ്യമായ ധൈര്യം ഉണ്ടാകും എന്നതാണ്. നിരാശയല്ല മറിച്ച് നമ്മോടുകൂടെ വാഗ്ദത്തം ചെയ്ത കർത്താവ് ഉണ്ടെന്നുള്ള പ്രത്യാശയാണ്.

### 2. ലോകം തരുന്നതു പോലെയല്ല – യോഹ. 14:27




ലോകം നമുക്ക് തരുന്ന സമാധാനം ചില മണിക്കൂറുകൾ മാത്രം നിലനിൽക്കുന്നവയാണ്. സമാധാനത്തിനായി പലരും ലഹരിപദാർത്ഥങ്ങളിൽ ആശ്രയിക്കാറുണ്ട്. അത് താൽക്കാലികമായ ആശ്വാസം മാത്രമാണ്. ആ ലഹരി ഇറങ്ങികഴിയുമ്പോൾ ഏതു പ്രശ്നങ്ങളിൽ നിന്നാണോ നാം ഒളിച്ചോടാൻ ശ്രമിക്കുന്നത് അതേ പ്രശ്നങ്ങളെ തന്നെ അഭിമുഖീകരിക്കേണ്ടതായി വരുന്നു. മാത്രവുമല്ല അത് നമ്മെ ലഹരിയുടെ നിത്യോപയോഗത്തിനു അടിമയാക്കുന്നു. അങ്ങനെ സമാധാനമില്ലാതെ ശിഷ്ടകാലം ജീവിക്കേണ്ടിവരും.

### 3. ദൈവത്തിന്റെ ദാനം – സങ്കീ.29:11

ഒരു നദിപോലെ നമ്മുടെ ഹൃദയങ്ങളിൽ ദൈവീക സമാധാനം ഒഴുകുമ്പോൾ നമുക്ക് സ്വർഗ്ഗീയാനുഗ്രഹങ്ങൾ അനുഭവിക്കുവാൻ കഴിയുന്നു. നമ്മുടെ വാഴ്ത്തപ്പെട്ടവനായ യേശുവിന്റെ, ഭൂമിയിലെ ജനനത്തിങ്കൽ സ്വർഗ്ഗീയ സൈന്യം പാടി ദൈവത്തെ വാഴ്ത്തിയത് – അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം – എന്നാകുന്നു. ആയതുകൊണ്ട് ദൈവം നമുക്ക് ദാനമായി നൽകിയ ഈ ജീവിതത്തിൽ ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് അന്യോന്യം സമാധാനത്തോടേയും എല്ലാവരോടും സമാധാനം ആചരിച്ചും ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പീൻ.

# ഇത്രത്തോളം യഹോവ സഹായിച്ചു...



പാസ്റ്റർ മാത്യു വർഗീസ്

*ഒന്നാം പേജിൽ നിന്നും തുടർച്ച*

കൂടാതെ യുവതലമുറ വ്യക്തികളെ കേന്ദ്രീകരിച്ച് ആത്മീയ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന പ്രവണതകൾ മാറ്റി ക്രിസ്തുകേന്ദ്രീകൃതമാകണമെന്ന തന്റെ ആഗ്രഹം അദ്ദേഹം വ്യക്തമാക്കി.

ബഹറിനിൽ മനാമയിൽ നിന്നും മുഹറഖിലേക്ക് ഒരു മണൽ പാതയും, മനാമ പോസ്റ്റ് ഓഫീസിനു മുമ്പിൽ ബീച്ചായിരുന്നതും, കോസ്‌വേ ഇല്ലാതിരുന്ന ബഹറിനും ഒക്കെ കണ്ട ദൈവദാസൻ ഇന്നത്തെ ബഹറിന്റെ വളർച്ചയിൽ അതീവ സന്തുഷ്ടനാണ്. കഴിഞ്ഞ 30 വർഷം Y.K.Almoayyed എന്ന കമ്പനിയിൽ ജോലി ചെയ്യാൻ കഴിഞ്ഞതിലും താൻ സന്തോഷവാനാണ്.

ഭാര്യ ജെസ്സി മാത്യു 30 വർഷത്തോളം ഇന്ത്യൻ സ്ക്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്തിരുന്നു. അനു മാത്യു, ആശാ മാത്യു എന്നീ രണ്ട് പെൺകുഞ്ഞുങ്ങളെ ദൈവം ദാനമായി നൽകി. അനുമാത്യു ഭർത്താവ് മാത്യു ഏലിയാസിനോടൊപ്പം ബഹറിനിലാണ്. ആശാ മാത്യു ന്യൂഡെൽഹി ജെ. എൻ. യു വിൽ ഡോക്ടറേറ്റ് റിസർച്ച് ചെയ്യുന്നു.

ബഹറിനിൽ ആദ്യമായി വേർപ്പെട്ട ദൈവമക്കളുടെ ഇടയിൽ നിന്നുള്ള ഹലോ ഹോപ്പ് എന്ന പ്രസിദ്ധീകരണത്തിലൂടെ, ഈടുറ്റ ലേഖനങ്ങളും ആശയസംപുഷ്ടമായ പംക്തികളും പ്രത്യേകിച്ച് വിശ്വാസികളെ ദൈവവചനത്തിൽ സാക്ഷരരാക്കുന്ന ബൈബിൾ ക്വിസ്, ചില വിഷയങ്ങളെ ആസ്പദമാക്കിയുള്ള ആഴമേറിയ പഠനങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും എല്ലാവർക്കും ആത്മീയ ഉത്തേജനത്തിന് കാരണമായി തീരട്ടെയെന്ന് തന്റെ ആശംസയും അദ്ദേഹം അറിയിച്ചു.

പിന്നിട്ട വഴികളും ദൈവം നടത്തിയ വിധങ്ങളും ഓർക്കുമ്പോൾ യഹോവ ഇത്രത്തോളം സഹായിച്ചു എന്നല്ലാതെ മറ്റൊന്നും പറയാനില്ലായെന്നും കർത്തൃദാസൻ പറഞ്ഞു.

# Send Off to Pastor Mathew Varghese



Pr. Jacob Chandy (right) presents memento on behalf of Full Gospel Church of Philadelphia, Malayalam Service.

HH Studio



CEF Bahrain presents Memento

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

**ഗാനരചന : സഹോദരൻ ചാൾസ് ജോൺ, റാന്നി**

**ഗാനം : എന്നിനിയും വന്നങ്ങു ചേർന്നിടും ഞാൻ**

വേർപ്പാട് നാം ഒരിക്കലും ആഗ്രഹിക്കാത്തതും ഇഷ്ടപ്പെടാത്തതുമായ ഒന്നാണ്. നമ്മെ സ്നേഹിക്കുന്നവരുടെ വേർപാടും സ്നേഹിക്കപ്പെടുന്നവർക്കു നമ്മുടെ വേർപാടും ഒരു പോലെ വേദനാ ജനകമാണ്. നാമെല്ലാം വസിക്കുന്ന ഈ ബഹ്റിനിൽ കഴിഞ്ഞ ദിവസം പ്രിയ സഹോദരൻ ബിനു കെ.ജോയിയുടെ ആകസ്മികമായ വേർപാട് വിശ്വാസികളിൽ ഏറെ വേദന ഉളവാക്കി.

ലാസറിന്റെ മരണത്തിൽ പ്രിയ സഹോദരിമാരുടെ ദുഃഖത്തിൽ പങ്കുചേർന്ന അരുമ നാഥന്റെ അദൃശ്യമായ ആശ്വാസത്തിന്റെ കരങ്ങൾ പ്രിയ സഹോദരിയേയും കുഞ്ഞുങ്ങളേയും, കുടുംബത്തിലും വ്യാപരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. എന്നാൽ ഈ ദിവസങ്ങളിൽ തന്നെ കാണുവാനും ആശ്വസിപ്പിക്കുവാനുമായി കൂടെ ജോലി ചെയ്യുന്ന ഒരു സഹോദരി കടന്നു ചെന്നു. ആ സമയം പ്രിയ സഹോദരി പറഞ്ഞ ഒരു വാക്ക് ഞാൻ ഓർത്തുപോകുന്നു. അത് ഇങ്ങനെ ആയിരുന്നു എന്തുകൊണ്ടാണ് എനിക്ക് ഇങ്ങനെ വന്നത്? മാനുഷികമായി നാമെല്ലാം ചോദിക്കുന്ന ഒരു ചോദ്യം.

ഇങ്ങനെ ദുഃഖത്തിലൂടെ കടന്നു പോയ രണ്ടു കുഞ്ഞുങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചപ്പോൾ ദൈവം കൊടുത്ത മറുപടി ഒരു ഗാനമായി മാറി. ആ ഗാനത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് നമുക്കൊരുമിച്ചു യാത്ര ചെയ്യാം.

ക്രിസ്തീയ ഗാനശാഖയ്ക്ക് അമൂല്യങ്ങളായ മുന്നൂറിൽപ്പരം ഗാനങ്ങൾ രചിച്ചു ക്രൈസ്തവ ഗാനകൈരളിയെ സമ്പുഷ്ടമാക്കിയ അനുഗ്രഹീത ദൈവദാസനാണ് സഹോദരൻ ചാൾസ് ജോൺ, റാന്നി. ദൈവകൃപയിൽ ഞാനശ്രയിച്ചു...

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും...സാധുവെന്ന കൈവിടാതെ...മറവിടമായെനിക്കേശുവുണ്ട് തുടങ്ങിയ ഗാനങ്ങൾ കർത്തൃദാസന്റെ തൂലികയിൽ നിന്നും അടർന്നു വീണവയാണ്.



ചാൾസ് ജോൺ, റാന്നി.

തന്റെ ആത്മസുഹൃത്തു ചില വർഷങ്ങൾക്കു മുമ്പ് സൗദി അറേബ്യയിൽ വച്ചുണ്ടായ അപകടത്തിൽ കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. രണ്ടു പിഞ്ചു പെൺകുഞ്ഞുങ്ങളും അനാഥരായി തീർന്നു. എന്നാൽ ചില വർഷങ്ങൾക്കുശേഷം തന്റെ ഭാര്യ കാൻസർ എന്ന മാരക രോഗത്താൽ നിത്യതയിലേക്ക് ചേർക്കപ്പെട്ടു. മാനുഷികമായ നിലയിൽ ആ കുഞ്ഞുങ്ങൾ അനാഥർ ആയെങ്കിലും ദൈവീക കരവലയത്തിൽ അവർ സുരക്ഷിതരാണ്. അങ്ങനെ ചില ദിവസങ്ങൾക്കുശേഷം പ്രിയ കുഞ്ഞുങ്ങളെ കാണുവാനും ആശ്വസിപ്പിക്കാനുമായി കർത്തൃദാസൻ കടന്നു ചെന്നു. കുഞ്ഞുങ്ങളെ തന്റെ അടുക്കൽ വിളിച്ചിരുത്തി അൽപ്പ സമയം ദൈവവചനത്തിൽ നിന്നും ആശ്വാസപ്രദമായ ചില സന്ദേശങ്ങൾ കുട്ടികൾക്ക് നൽകി. അതിനു ശേഷം പ്രാർത്ഥിക്കുവാനായി എഴുന്നേറ്റപ്പോൾ അതിൽ മൂത്ത കുട്ടി ഇങ്ങനെ ചോദിച്ചു അങ്കിൾ ദൈവം ഞങ്ങളെ സ്നേഹിക്കുന്നുവെങ്കിൽ, കരുതുന്നുവെങ്കിൽ പപ്പയേയും മമ്മിയേയും ഞങ്ങളിൽ നിന്നും വേർപ്പെടുത്തി കൊണ്ടാണോ സ്നേഹിക്കുന്നത്? കുഞ്ഞുങ്ങളുടെ ചോദ്യത്തിനു മുമ്പിൽ ദൈവദാസൻ തെല്ലൊന്നു പതറിപ്പോയി. താൻ തിരികെ വീട്ടിൽ വന്നു രാത്രിയിൽ ഈ ചോദ്യം തന്റെ ഹൃദയത്തിൽ ക്രിയ ചെയ്യുവാൻ തുടങ്ങി, പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ദൈവം തന്റെ മകന് ആശ്വാസത്തിന്റെ വാക്കുകൾ കൊടുത്തു. കുഞ്ഞേ ഞാൻ എല്ലാം നന്മയ്ക്കായി ചെയ്യുവനാണ്. എന്നാൽ അതിന്റെ പിന്നിലുള്ള നന്മ ഒരുപക്ഷേ ഈ ഭൂമിയിൽ നിനക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നുവരുകിലും നിത്യതയിൽ അതിന്റെ മഹത്വം നീ കാണും.

ക്രിസ്തീയ ഗാനശാഖയ്ക്ക് അമൂല്യങ്ങളായ മുന്നൂറിൽപ്പരം ഗാനങ്ങൾ രചിച്ചു ക്രൈസ്തവ ഗാന കൈരളിയെ സമ്പുഷ്ട മാക്കിയ അനുഗ്രഹീത ദൈവദാസനാണ് സഹോദരൻ ചാൾസ് ജോൺ, റാന്നി.



കണ്ണുനീർ തുള്ളികൾ പൊഴിയുവാൻ തുടങ്ങി, താൻ ഇങ്ങനെ എഴുതി...
നീ തരുന്ന ശോധന വേദനകൾ നന്മയെന്നു
നാളുകൾ കഴിഞ്ഞിടുമ്പോൾ
നാഥാ ഞാനറിഞ്ഞീടുമേ...
'മൽപ്രിയനെ എന്നേശു നായകനെ എപ്പോൾ വരും' എന്ന ഗാനത്തിന്റെ രീതിയിൽ എന്നിനിയും വന്നങ്ങു ചേർന്നിടും ഞാൻ നിന്നരികിൽ...



ജെയ്സൺ ജേക്കബ് ജോയ്

പ്രിയ ദൈവമക്കളെ ഒരു പക്ഷേ നാമും പലവിധമായ വേദനയിലൂടെ കടന്നു പോകുന്നവരായിരിയ്ക്കാം. എന്നാൽ നമ്മുടെ അരുമ നാഥൻ സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരോടു പറഞ്ഞ വാക്കുകൾ ഓർക്കുക 'ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്'. എത്ര വലിയ വാഗ്ദാനമാണ് നമ്മുടെ പ്രാണപ്രിയൻ തന്നേച്ചു പോയത്. ആയതിനാൽ പ്രിയരേ, നമ്മുടെ ഭാരങ്ങൾ വേദനകൾ ആ നല്ല കർത്താവിൽ സമർപ്പിക്കാം. ഈ വിധം വേദനയിലൂടെ കടന്നുപോകുന്നവരെ അന്യോന്യം പ്രാർത്ഥനയിൽ വഹിക്കാം. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ!




പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

# 'സഭയ്ക്കുള്ള പേരുകൾ'

1. ആത്മീയ ഗൃഹം
   1 പത്രോ. 2:5
2. കുഞ്ഞാടിന്റെ കാന്ത
   വെളി. 19:7, 21:9
3. ക്രിസ്തുവിന്റെ ശരീരം
   റോമ.12:5
4. ദൈവത്തിന്റെ യിസ്രയേൽ
   ഗലാ. 6:16
5. ദൈവത്തിന്റെ ഭവനക്കാർ –
   എഫെ.2:19
6. ദൈവത്തിന്റെ നിവാസം
   എഫെ.2:22
7. ദൈവത്തിന്റെ മന്ദിരം
   1 കൊരി. 3:16
8. ദൈവത്തിന്റെ കൃഷി
   1 കൊരി. 3:9
9. ദൈവത്തിന്റെ ഗൃഹനിർമ്മാണം
   1 കൊരി. 3:9
10. ദൈവത്തിന്റെ ആട്ടിൻക്കൂട്ടം –
   യെശ.40:11

ഭാരത സുവിശേഷകരുടെ ശബ്ദം

സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

7

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം...

കർത്താവിന്റെ മഹത്വമുള്ള വേലയ്ക്കായി ദൈവം ഒരു പ്രത്യേക സമൂഹത്തേയോ വ്യക്തികളേയോ മാത്രം തിരഞ്ഞെടുക്കുന്നില്ല എന്ന് നാം ഈ ലക്കത്തിൽ പരിചയപ്പെടുന്ന കർത്താവിന്റെ വേലയിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന പാസ്റ്റർ സുരേഷ് പീറ്ററിന്റെ അനുഭവസാക്ഷ്യത്തിൽ നിന്നും നമുക്ക് മനസ്സിലാക്കവാൻ സാധിക്കും. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഈറ്റില്ലമായ ഉത്തർപ്രദേശിലെ 'വാരണാസി' യിൽ 2004 മുതൽ താമസിച്ചു ദൈവവേല ചെയ്തുകൊണ്ടിരിക്കുന്ന ദൈവദാസനാണ് പാസ്റ്റർ സുരേഷ് പീറ്റർ.



പാസ്റ്റർ സുരേഷ് പീറ്ററും കുടുംബവും

ദൈവം തനിക്കു കൊടുത്ത ദർശനപ്രകാരമാണ് അന്യമതവിശ്വാസികളുടെ ഇടയിൽ യേശുവിനെ ഉയർത്തുക എന്നുള്ളത്. അത് ഇതുവരേയും വിശ്വസ്തതയോടെ ചെയ്യുവാൻ കർത്താവിന്റെ ദാസനെ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം 2006-ലെ ബൈബിൾ ട്രയിനിംഗിനു ശേഷം ചില ഗ്രാമങ്ങൾ ദൈവാത്മാവ് കാണിക്കുകയും പ്രാർത്ഥനയോടെ അവിടെ കടന്നു ചെല്ലുവാനും കർത്താവ് കൃപ നൽകി.

ആദ്യം പല എതിർപ്പുകൾ ഉണ്ടായിരുന്നു എങ്കിലും കർത്താവ് തന്നോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് പ്രതികൂലമായിരുന്നവരെ ദൈവം അനുകൂലമാക്കി നല്ലൊരു പ്രവർത്തനം അവിടെ ആരംഭിക്കുവാൻ ഇടയായി. ഇവിടെ ഇപ്പോൾ 32 പേർ കൂടിവരുന്ന ഒരു ചെറിയ സഭയുണ്ട്. പലവിധമായ രോഗങ്ങളാലും ഭാരങ്ങളാലും വന്നവരെ കർത്താവ് സൗഖ്യമാക്കുകയും അവർ സഭയോടു ചേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കർത്താവ് ദൈവദാസന് നൽകിയ മറ്റൊരു ദർശന പ്രകാരം മാനസികമായി തകർന്നവരും എല്ലാരാലും ഉപേക്ഷിക്കപ്പെട്ടവരുടെ ഇടയിലും അനാഥ കുഞ്ഞുങ്ങളുടെ ഇടയിലും താൻ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ വിവധ ഭവനങ്ങളിൽ വച്ചാണ് ആരാധന നടന്നുകൊണ്ടിരിക്കുന്നത്. ഒരു സഭാഹാളിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ സുവിശേഷദർശനമുള്ള സഹോദരിസഹോദരന്മാരെ പ്രാർത്ഥിച്ചു ട്രയിനിംഗിനായും അയച്ചുകൊണ്ടിരിക്കുന്നു. പ്രത്യേക നിയോഗ പ്രകാരം അവരേയും വിവിധ ഗ്രാമങ്ങളിൽ അയയ്ക്കുന്നു. ഇതുവരേയും വിശ്വാസത്തോടെ സഭയിൽ നിന്ന് കിട്ടുന്ന ചെറിയ വരുമാനം കൊണ്ടാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. സുവിശേഷത്തിനു വേണ്ടി വലിയകാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹമുണ്ട്. വായനക്കാർ ഇതോർത്ത് പ്രാർത്ഥിക്കുമല്ലോ. തനിക്ക് ഭാര്യയും മൂന്ന് ആൺപൈതങ്ങളും ഒരു പെൺപൈതലും ഉണ്ട്.

ഭാര്യ: ഉഷാ പീറ്റർ, മക്കൾ: ഡാനിയേൽ, തോമസ്, ഡേവിഡ്, എസ്ഥേർ. ഇവരുടെ വിദ്യാഭ്യാസത്തേയും ഓർത്തു പ്രാർത്ഥിക്കുമല്ലോ.

കഴിഞ്ഞ 13 വർഷമായി വാരണാസിയിൽ ശുശ്രൂഷിക്കുന്ന കർത്താവിന്റെ ദാസൻ സുരേഷ് പീറ്ററിനെ ഓർത്തു നമുക്ക് പ്രാർത്ഥിക്കാം. ഉത്തരഭാരതത്തിലെ പ്രവർത്തനങ്ങൾ വളരെ സംഘർഷങ്ങൾ നിറഞ്ഞതും പ്രതികൂലങ്ങൾ ഉള്ളതുമാണ്. ഇവരെപ്പോലെയുള്ള കർതൃദാസന്മാരുടെ സാക്ഷ്യങ്ങളും അനുഭവങ്ങളും വായിക്കുന്ന പ്രിയപ്പെട്ടവരോട് ഒരു വാക്ക് നമുക്ക് ആഗ്രഹമുണ്ടെങ്കിലും നമ്മാൽ കഴിയാത്തതും ആയ ഗ്രാമങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവദാസന്മാരെ ഓർത്ത് പ്രാർത്ഥിക്കുവാനും അവരെ സഹായിക്കുവാനും നമുക്ക് കഴിയട്ടെ. ഇതിനു പ്രതിഫലം സ്വർഗ്ഗം നമുക്ക് നൽകും. ഇതുവരെയുള്ള എല്ലാ പ്രാർത്ഥനാ പ്രോത്സാഹനങ്ങൾക്കും നന്ദി അറിയിക്കുന്നു. വീണ്ടും പ്രാർത്ഥനയിൽ ഓർക്കുമല്ലോ. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ!




പാസ്റ്റർ സുജിത്ത് പി. ജോസഫ്
ഡൽഹി






Praveen Antony




Mark 8;34 ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ അവൻ തന്നത്തൊൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'...




Prov: 1;7 യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.

# അസ്ഥികളെ ചലിപ്പിക്കുന്ന ജീവന്റെ തുടിപ്പുകൾ



ടീയെസ് കപ്പമാംമൂട്ടിൽ

*(കഴിഞ്ഞ ലക്കത്തിൽ നിന്നുംതുടർച്ച)*

അസ്ഥികളേക്കൊണ്ടു നിറഞ്ഞ മരണത്താഴ്‌വരയുടെ നടുവിൽ യാഹാം ദൈവം നിറുത്തിയെന്നു മാത്രമല്ല, ചിതറിക്കിടക്കുന്ന അസ്ഥികൾക്കിടയിലൂടെ യെഹസ്ക്കേലിനെ അവിടുന്ന് നിർബന്ധപൂർവ്വം 'ചുറ്റിച്ചുറ്റി' നടത്തുകയും ചെയ്തു. സാധാരണ ഗതിയിൽ മനുഷ്യനായിപ്പിറന്ന ഒരു വ്യക്തിയും അങ്ങനെയൊരു യാത്രയ്ക്ക് സ്വയം തയ്യാറാവുകയില്ല. അത്ര ഹൃദയഭേദകമായിരുന്നു മരണത്തിന്റെ ദുർഗന്ധം വമിക്കുന്ന ആ താഴ്‌വരയുടെ അവസ്ഥ. ആ യാത്രയുടെ അവസാനം യാഹാം ദൈവം ചോദിച്ച ചോദ്യം കേട്ടപ്പോൾ യെഹസ്ക്കേലൊന്ന് ഞെട്ടിയിരിക്കണം.

'മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ ?'

ഇങ്ങനെയൊരു ചോദ്യത്തിനിവിടെ പ്രസക്തി തന്നെയില്ല. കാരണം ശൈശവദശ കടന്ന ഒരു കൊച്ചു കുഞ്ഞിനുപോലും നിഷ്പ്രയാസം ഉത്തരം നൽകാൻ കഴിയുന്ന ചോദ്യം. സാഹചര്യങ്ങളും യെഹസ്ക്കേൽ സ്വന്ത ദൃഷ്ടികൾകൊണ്ട് കണ്ട കാഴ്ചകളും അപഗ്രഥിച്ചു പഠിച്ചാൽ ആർക്കും അനായാസമായി എത്തിച്ചേരുവാൻ കഴിയുന്ന ഒരു നിഗമനമുണ്ട്. ഈ അസ്ഥികളൊരിക്കലും ജീവിക്കുകയില്ല. കാരണം അവ ജീവിക്കുമെന്ന് നേരിയൊരു പ്രതീക്ഷ നൽകുന്ന ഒരു സാഹചര്യവും ആ താഴ്‌വരയിലുണ്ടായിരുന്നില്ല.

മരണത്തെ അഭിമുഖമായി കണ്ടുകൊണ്ട് ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരിക്കുന്നവർ നിരന്നു കിടക്കുന്ന താഴ്‌വരയിലേക്കാണ് യെഹസ്ക്കേൽ നയിക്കപ്പെട്ടിരുന്നതെങ്കിൽ, അൽപ്പം പ്രതീക്ഷയ്ക്കെങ്കിലും വകയുണ്ടായിരുന്നു. കുറഞ്ഞപക്ഷം ചിലർക്കെങ്കിലും മരണത്തെ അതിജീവിച്ച് ജീവന്റെ തുടിപ്പുകൾ ശരീരത്തിലും ആത്മാവിലും ഒരുപോലെ അനുഭവിച്ചറിയുവാൻ കഴിയുമായിരുന്നു. നിമിഷങ്ങൾക്കു മുമ്പ് അന്ത്യശ്വാസം വലിച്ചവരുടെ മൃതശരീരങ്ങളായിരുന്നു താഴ്‌വരയിൽ നിരന്നു കിടന്നിരുന്നതെങ്കിൽ, ആ സാഹചര്യത്തിലും നേരിയ പ്രതീക്ഷയ്ക്ക് സാംഗത്യമുണ്ടായിരുന്നു. ആശയ്ക്ക് ഒരു വകയുമില്ലാത്ത അസ്ഥികളുടെ ദയനീയാവസ്ഥയെ വെളിപ്പെടുത്തുന്നതായിരുന്നു അവയുടെ ഉണങ്ങി വരണ്ട അവസ്ഥ.

ചുറ്റുമുള്ള ശത്രുക്കൾ ഭയന്നു വിറച്ചിരുന്ന നാമമാണ് യിസ്രായേൽ. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ആ സമൂഹമാണ് വരണ്ട അസ്ഥിക്കൂമ്പാരങ്ങളായി താഴ്‌വരയെ നിറച്ചിരിക്കുന്നത്. ഒരു കാലത്ത് ഉന്നതമായ സ്വപ്നങ്ങളും പ്രതീക്ഷകളും ഉൾത്തടത്തിൽ കാത്തു സൂക്ഷിച്ചവരുടെ അവസ്ഥ എത്ര ദയനീയം.

യിസ്രായേൽ ഗോത്രങ്ങളോടുള്ള ബന്ധത്തിലാണ് ഈ അദ്ധ്യായം രചിച്ചിരിക്കുന്നതെങ്കിലും, ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങളും സന്ദേശങ്ങളും ഇന്നത്തെ ദൈവസഭയ്ക്കും ബാധകമാണ്. ഒരു കാലത്ത് പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ ക്രിസ്തീയ ജീവിതമാരംഭിച്ച വിശുദ്ധന്മാരിൽ ചിലർ ഇന്ന് പോർക്കളത്തിൽ ആയുധം വെച്ച് കീഴടങ്ങിയ അവസ്ഥയിലാണ്. ലോകനന്മകളുടെ അസ്ഥിക്കഷണങ്ങൾ ആവോളം നുകർന്ന മറ്റു ചിലർ മരണത്താഴ്‌വരയിൽ എല്ലാം മറന്നുള്ള മയക്കത്തിലാണ്.

എന്നാൽ ആശയ്ക്ക് വകയില്ലാത്ത അസ്ഥിതാഴ്‌വരയിലും ഒരിക്കലും ജീവൻ പ്രാപിക്കുകയില്ലെന്ന് ലോകം വിധിയെഴുതിയ ഉണങ്ങി വരണ്ടയസ്ഥികളെക്കുറിച്ച് ദൈവത്തിനൊരു പദ്ധതിയുണ്ട്. മൃതശരീരങ്ങൾക്കുവേണ്ടി ലോകത്തിന് ഒരു പദ്ധതി മാത്രമാണുള്ളത്. അവയെ മണ്ണിൽ സംസ്ക്കരിക്കുക എന്നതാണ് ആ പദ്ധതി. എന്നാൽ ആത്മീകമായി മരിച്ചവർക്ക് ജീവൻ നൽകുവാനും അവരെ യഥാസ്ഥാനപ്പെടുത്തുവാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള ഒരുവൻ മാത്രമേയുള്ളൂ. ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്ത് പൊൻകച്ച കെട്ടിയവനായി പത്മോസിലെ യോഹന്നാന് സ്വയം വെളിപ്പെടുത്തിയ പുത്രനാം ദൈവം.

മരിച്ചവരെ ജീവന്റെ അനുഭവത്തിലേക്ക് മടക്കി വരുത്തുവാനും അവരെ യഥാസ്ഥാനപ്പെടുത്തുവാനും സൃഷ്ടാവായ ദൈവത്തിന് ദ്വിമുഖ പദ്ധതിയാണുള്ളത്. ആ ദൈവീക പദ്ധതി പൂർത്തിയാക്കുന്നത് ജീവിപ്പിക്കുന്ന തിരുവചനവും ദൈവത്തിന്റെ പരിശുദ്ധാത്മാവുമാണ്.

'അവൻ എന്നോടു കൽപ്പിച്ചത്: നീ ഈ അസ്ഥികളെക്കുറിച്ച് പ്രവചിച്ച് അവയോടു പറയേണ്ടതു; ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൾപ്പിൻ !' (യെഹ.37:4)

യാഹാം ദൈവം പ്രവാചകനായ യെഹസ്ക്കേലിന്റെ നാവിൽ നൽകിയ തിരുവചനങ്ങൾ ബുദ്ധിക്കും യുക്തിക്കും ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടുള്ളതായിരുന്നു. ഉണങ്ങിവരണ്ട അസ്ഥികളിൽ 'ഞരമ്പു വെച്ചു മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്നു നിങ്ങളിൽ ശ്വാസം വരുത്തും...' എന്ന ദൈവീക സന്ദേശം മനുഷ്യബുദ്ധിയെ ചോദ്യം ചെയ്യുന്നതായിരുന്നുവെങ്കിലും ആ സന്ദേശത്തിൽ അൽപ്പംപോലും മായം ചേർക്കാതെ ദൈവ കൽപ്പന പ്രകാരം ഉണങ്ങിയ അസ്ഥികളോട് ആ സന്ദേശം അറിയിച്ചപ്പോൾ അവിടെ സംഭവിച്ചത് ഒരു മഹാത്ഭുതമാണ്.

പലപ്പോഴും ദൈവത്തിന്റെ തിരുവചനങ്ങൾ അപ്രായോഗികമാണെന്ന് ബുദ്ധി നമ്മോടു ആലോചന പറയും. തിരുവചനങ്ങളിൽ പലതും കാലത്തിന് നിരക്കാത്തതാണെന്ന് യുക്തി നമ്മുടെ ഉൾത്തടത്തിൽ മന്ത്രിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചിലർ തിരുവചനത്തിൽ വെള്ളം ചേർക്കുവാൻ ഒരുമ്പെടും. മറ്റുചിലർ തങ്ങളുടെ ആശയങ്ങൾ തിരുവചനത്തോടു കൂട്ടിച്ചേർക്കുവാൻ നിർബന്ധിതരായിത്തീരും.

മായം ചേർത്ത ദൈവവചനത്തിന്റെ പ്രതിധ്വനികൾ ഉണങ്ങിയ അസ്ഥികളിൽ പ്രതികരണമുണ്ടാക്കാതെ കടന്നു പോകുമ്പോൾ, അസ്ഥികളിൽ ജീവന്റെ തുടിപ്പുകൾ പകരുവാൻ ശക്തിയുള്ളവയാണ്. മായം ചേർക്കാത്ത മാറ്റമില്ലാത്ത ദൈവത്തിന്റെ തിരുവചനങ്ങൾ...

*തുടരും*




# ഓട്ട്സ് ബോൾസ്



Susamma Kurian

## ചേരുവകൾ

1. ഓട്ട്സ് – 2 കപ്പ്
2. ബട്ടർ – 1/3 കപ്പ്
3. പഞ്ചസാര – 3/4 കപ്പ്(മധുരം അനുസരിച്ച്)
4. പാൽ – 1/4 കപ്പ്
5. കൊക്കോ പൊടി – 4 റ്റീ സ്പൂൺ
6. എള്ള് – 1/4 കപ്പ്
7. കറുവാപ്പൊടി – 3/4 റ്റീ സ്പൂൺ

## തയ്യാറാക്കുന്ന വിധം

എള്ള് എണ്ണയില്ലാതെ ചൂടാക്കി (റോസ്റ്റ്) മാറ്റുക. ബട്ടർ ഉരുക്കിയ ശേഷം ബാക്കി സാധനങ്ങൾ ചേർത്തു കുഴയ്ക്കുക.

ഈ മിശ്രിതം 1/2 മണിക്കൂർ ഫ്രിഡ്ജിൽ വെക്കുക. അര മണിക്കൂറിനു ശേഷം ഇതു ചെറിയ ഉരുളകളാക്കി എള്ളിൽ പൊതിഞ്ഞ് എടുക്കുക.

## KITCHEN TIPS

1. അപ്പത്തിനു ഈസ്റ്റ് ഉപയോഗിക്കുന്നതിനു പകരം തേങ്ങ വെള്ളത്തിൽ ഒരു കഷണം റൊട്ടി 2 ദിവസം വെച്ചശേഷം അരിയിൽ ചേർത്തു അരയ്ക്കുക.
2. മിക്സിയിൽ മാസത്തിൽ ഒരിക്കൽ കുറച്ചു ഉപ്പ് ഇട്ടു അടിച്ചാൽ ബ്ലെയ്ഡിനു നല്ല മൂർച്ച കിട്ടും.
3. ചപ്പാത്തി നല്ല മൃദു ആകണോ ? ആട്ടയിൽ അൽപ്പം എണ്ണയും, ഉപ്പും ചേർത്തു ഐസ് കോൾഡ് വെള്ളത്തിൽ കുഴയ്ക്കുക.
4. ഫ്രിഡ്ജ് വൃത്തിയാക്കുമ്പോൾ വെള്ളത്തിൽ കുറച്ചു സോഡാ ബൈ കാർബണേറ്റ് ഇട്ടു നനഞ്ഞ തുണി ഉപയോഗിച്ചു തുടയ്ക്കുക.

# കാനാനിലെ 7 ദുഷ്ടശക്തികൾ



പാസ്റ്റർ തോമസ് വർഗീസ്
കോയമ്പത്തൂർ

ആവർത്തനം 7:1 ലും യോശുവ 3:10 ലും പാപത്തിന്റെ പൂർണ്ണതയായ 7 ദുഷ്ടശക്തികളെക്കുറിച്ച് വിവരിക്കുന്നുണ്ട്. മോശയോടും യോശുവയോടും ദൈവം അവരെ നിർമ്മൂലമാക്കുവാൻ കൽപ്പിക്കുന്നുണ്ട്.

1. കാനാന്യർ
2. ഹിത്യർ
3. ഗിർഗാശ്യർ
4. അമോര്യർ
5. പെരീസ്യർ
6. ഹിവ്യർ
7. യെബൂസ്യർ

എന്നിവരാണവർ.

നോഹയുടെ ഇളയമകനായ ഹാമിന്റെ ശപിക്കപ്പെട്ട തലമുറയിൽപ്പെട്ടവരാണിവർ (ഉൽ.10:15).

എന്നും എല്ലാക്കാലത്തും ദൈവജനത്തിന്റെ നന്മയെ അനുഗ്രഹങ്ങളെ തടഞ്ഞുവെച്ച് അവർക്കു അവകാശപ്പെട്ടതിനെ കൈവശമാക്കുവാൻ തടസ്സമായി നിൽക്കുന്നതാണ് ഈ ദുഷ്ടശക്തികൾ. ലോകമെമ്പാടും ഈ ദുഷ്ടത്മാക്കളുടെ പ്രവർത്തനം വ്യാപരിച്ചിരിക്കുന്നു. കാനാൻ ദേശം അബ്രഹാമിനോടും യിസ്സഹാക്കിനോടും യാക്കോബിനോടുമുള്ള ദൈവീക ഉടമ്പടി പ്രകാരം അബ്രഹാമിന്റെ സന്തതി പരമ്പരകൾക്കുള്ളതാണ്.

ലോകത്തിൽ സാമ്പത്തിക കാര്യങ്ങളെ നിയന്ത്രിക്കുന്ന ഒരു സാത്താന്യ പ്രഭുവാണ് മാമ്മോൻ. മാമോന്റെ ആത്മാവിനെ യേശു കർത്താവ് മാമ്മോൻ എന്ന് തന്നെ വിളിച്ചിട്ടുണ്ട്.

ലോകത്തിലെ മതപരമായ കാര്യങ്ങളെ നിയന്ത്രിക്കുന്ന മറ്റൊരു സാത്താന്യ പ്രഭുവാണ് കാനാൻ. കാനാന്റെ ലോകതലസ്ഥാനമാണ് റോം. സിംഗപ്പൂരിലിരുന്ന് മാമോൻ ലോക സാമ്പത്തിക വ്യവസ്ഥിതിയെ നിയന്ത്രിക്കുന്നു.

പാപം താറുമാറാക്കിയ ഒരു ലോകത്താണ് ഞാനും നിങ്ങളും ജീവിക്കുന്നത്. നോഹയേയും കുടുംബത്തേയും ദൈവം ജലപ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തി ഒരു പുതിയ ലോകത്താണ് ആക്കിവെച്ചത്. എന്നാൽ നോഹയാൽ ശപിക്കപ്പെട്ട ഹാമിന്റെ മകനായ കാനാന്യ സന്തതിയിൽക്കൂടി പിശാച് അതിശക്തമായി പ്രവർത്തിക്കുവാൻ തുടങ്ങി. ശാപത്തിന്റെ ശക്തി എത്ര ഭയാനകമായിരുന്നുവെന്ന് ദൈവമക്കൾ അറിയേണം.

ഹാമിന്റെ തന്നെ മറ്റൊരു മകനായ കൂശിന്റെ മകനാണ് നിമ്രോദ്. അവന്റെ രാജ്യത്തിന്റെ ആരംഭം ശീനാർ ദേശത്ത് ബാബേൽ ആണെന്ന് ഉൽ.10:10 -ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ദൈവത്തോടുള്ള മത്സരം ജലപ്രളയത്തിന് ശേഷം ആരംഭിക്കുന്നത് ശീനാർ ദേശത്തെ ബാബേലിൽ ഗോപുരം പണിതുകൊണ്ട് നിമ്രോദ് ആണ് ആരംഭിച്ചത്. അകൃത്യവും ദുഷ്ടതയും മത്സരവും വീണ്ടും ആരംഭിച്ചു.

സെഖ.5:11, വെളി.18:2 എന്നീ വേദഭാഗത്തും അശുദ്ധിയുടേയും ദുഷ്ടതയുടേയും പര്യായമായി ബാബേലിനെ വരച്ചു കാണിക്കുന്നു.

പാപത്താലും വിഗ്രഹാരാധനയാലും ദൈവത്തെ വിട്ടകന്ന മനുഷ്യനെ വീണ്ടും ദൈവസന്നിധിയിലേക്ക് അടുപ്പിക്കുവാൻ ദൈവം തിരഞ്ഞെടുത്തതാണ അബ്രഹാമിനെ.

അബ്രഹാമിൽക്കൂടി ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടണം. ദൈവം അബ്രഹാമിന്റെ തലമുറക്കൊരുക്കിയ കാനാൻ ദേശത്ത് ഇപ്പോൾ 7 ദുഷ്ടജാതികൾ കൂടിയിരിക്കയാണ്. ഈ 7 ജാതികളിൽക്കൂടി പ്രവർത്തിക്കുന്ന പൈശാചിക ശക്തികളുടെ പ്രവർത്തനം അവരെ അവിടെ നിന്നും ഓടിച്ചു ദൈവജനത്തിന് അതു കൈവശമാക്കി കൊടുക്കേണ്ടതിന്റെ ആവശ്യകത തുടർന്നു വായിക്കാം...

തുടരും

# 7 KEYS TO PLEASE GOD

***We have heard and read many sermons on how to please God biblically as this is very essential in our victorious Christian life. Here I am starting a series of bible study on 7 keys to please God in biblical way. This is inspired from the bible study conducted by Rev Dr. Sujeewa Tissera, Associate Pastor, Full Gospel Church of Philadelphia, Bahrain.***

The moment when someone talks about the word "FAITH", Hebrews Chapter 11 comes to our memory. This chapter is often called the "Hall of Faith".


***For our Bible study, the key verse is Hebrews 11:6 and the key word is PLEASE.***

*6 But without faith it is impossible to [walk with God and] please Him, for whoever comes [near] to God must [necessarily] believe that God exists and that He rewards those who [earnestly and diligently] seek Him. (AMP)*

## KEY 1

Faith is the most essential thing in our walk with Christ, every day our faith level should rise as our life with Him goes more closer and closer. Faith brings more trust in God and our lives will get fashioned in way which pleases God.

The Key of faith gives us the privilege of pleasing God. We shall analyse these biblical verses and words in the root language in which it was written, the Greek language.




The word meaning of PLEASE in Greek is EURASTEO which means Well Acceptable. When you study , the word EU means well and ARASTEO which comes from the root word ARESKO means to accommodate oneself to the opinions, desires and the interest of the other person and here it is GOD.

If the desires and interests of God are the same as my desire and interests , then my life becomes pleasing to God.

In the Bible, we have many Heroes of faith but very few names are mentioned about those who pleased God. We shall look into Hebrews 11:5 which talks about ENOCH.

Hebrews 11:5 (Amplified Bible)

*By faith [that pleased God] Enoch was caught up and taken to heaven so that he would not have a glimpse of death; AND HE WAS NOT FOUND BECAUSE GOD HAD TAKEN HIM; for even before he was taken [to heaven], he received the testimony [still on record] that he had walked with God and pleased Him.*

Again, here the key word is PLEASED HIM (GOD). Till the



Gyothi Lakshmy

age of 65, Enoch was on his own way, but at the age of 65, his son Methuselah was born, and he walked with God for 300 years after this. He also had a family to take care of but the Holy Bible says that he walked with God and this was the testimony God has about him – that he PLEASED HIM (GOD).

The desires of God became his desires, the interests of God became his interests and the plans of God became his plans. He had the eye view of God - the perspective of God in everything. Knowing the heart of God is the most Important way to know the desires and interests of God. To know the heart of God there are no short cuts but to be in communion with Holy Spirit and meditate on the Holy Word of God.

*(will be continued)*

# ഉത്തരേന്ത്യൻ മരുഭൂമിയിലൂടെ



**ഷൈമോൾ ബിജുമോൻ**

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

മതിയായ ആഹാരമില്ലാതെ അവർ മരുഭൂമിയിൽ പാർത്തു. സുവിശേഷം അറിയിക്കുമ്പോൾ അനേക പീഡനങ്ങൾ സഹിക്കേണ്ടി വന്നു. ഒരിക്കൽ സുവിശേഷ പ്രതികളുമായി ചെന്ന കർത്തൃദാസനെ ഒരു ഇരുട്ടറയിൽ തള്ളിയിട്ടു. എന്നാൽ ദൈവം അദ്ദേഹത്തെ അത്ഭുതകരമായി വിടുവിച്ചു. കുടുംബമായി ദൈവത്തിൽ മാത്രം ആശ്രയിച്ചുപോന്ന ഇവർക്ക് ദൈവത്തിന്റെ അത്ഭുതങ്ങൾ വെളിപ്പെടുവാൻ തുടങ്ങി.

ഒരിക്കൽ കർത്തൃദാസൻ തോമസ് മാത്യൂസ് ഭവനത്തിൽ ഇല്ലാതിരിക്കെ ദൈവദാസിയുടെ സഹോദരൻ പാസ്റ്റർ പി ജി എബ്രഹാം ബാംഗ്ലൂരിൽ നിന്ന് അവിചാരിതമായി തങ്ങളുടെ ഭവനത്തിലെത്തി. സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ തന്റെ സഹോദരനു നൽകുവാൻ കട്ടൻ കാപ്പിപോലും ഇല്ലാതെ ദൈവദാസി ദൈവസന്നിധിയിൽ പൊട്ടികരഞ്ഞു. കലങ്ങിയ കണ്ണുകളുമായി വീടിന്റെ പിന്നിൽ ചെന്നിരുന്നു. ഹൃദയ ഭാരത്തോടെ തല കുനിച്ചു കരഞ്ഞുകൊണ്ടിരുന്ന ദൈവദാസിയുടെ മുമ്പിൽ മണലിൽ എന്തോ തിളങ്ങുന്നതായി തോന്നി. കാലുകൊണ്ട് മണ്ണ് മാറ്റി നോക്കിയപ്പോൾ ഒരു വെള്ളി രൂപ തുട്ട്! പെട്ടെന്ന് അത് കൈയ്യിലെടുത്തു. ഒരു രൂപയുടെ അഞ്ചു വെള്ളിനാണയ തുട്ടുകൾ അവിടെ നിന്നും ലഭിച്ചു. ആരുടെ എങ്കിലും പണം നഷ്ടപ്പെട്ടോ എന്നറിയാൻ അയൽ വീടുകളിൽ അന്വേഷിച്ചു. അവരുടെ പണം നഷ്ടപ്പെട്ടിട്ടില്ല എന്ന് മനസിലാക്കിയ താൻ ദൈവത്തിന്റെ കരുതലിനെ ഓർത്തു ദൈവത്തെ സ്തുതിച്ചു. വേണ്ടുന്ന ആഹാര സാധനങ്ങൾ വാങ്ങി സഹോദരനെ സൽക്കരിച്ചു യാത്ര ആക്കുവാൻ ഇടയായി.

ദുരിതങ്ങളുടെ ഇടയിൽ ദൈവം ഗ്രേയ്സ് എന്ന മകളെ ദാനമായി നൽകി. പാലിനു പകരം കഞ്ഞിവെള്ളം കൊടുത്തു. 2 പാവാടയും 2 ബ്ലൗസും മാത്രമാണ് ആ കുഞ്ഞിനു ഉണ്ടായിരുന്നത്. ഫീസ് ഇല്ലാതെ സ്ക്കൂളിൽ നിന്നും പുറത്താക്കപ്പെട്ട അവസ്ഥകൾ, പട്ടിണിയും, നിന്ദയും, പ്രതികൂലങ്ങളും അനുഭവിച്ചു ദൈവഭക്തന്റെ കുടുംബം ദേശത്ത് കർത്താവിനെ ഉയർത്തി. അതിനാൽ ദൈവം ആ കുടുംബത്തെ മാനിച്ചു. തന്റെ മൂന്നു മക്കളേയും ഭൗതീകമായും ആത്മീകമായും ദൈവം ഉയർത്തി. തദ്ദേശിയർ യേശുവിന്റെ സ്നേഹം അറിഞ്ഞു. അനേകർ സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കേണ്ടിതിനായി വേർപ്പെട്ടു. ദിനം പ്രതി ദൈവസഭ വളർന്നുകൊണ്ടിരിക്കുന്നു.

ഉദൈപൂരിൽ, രാജസ്ഥാൻ പെന്തക്കോസ്തൽ ചർച്ച് ഇന്ന് ഏകദേശം 1000 വിശ്വാസികൾ കൂടുന്ന സഭയാണ്. കൂടാതെ സംസ്ഥാനത്തിൽ അനേക സ്ഥലങ്ങളിലും, ഇതര സംസ്ഥാനങ്ങളിലും നേറ്റീവ് മിഷണറി മൂവ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി നടന്നു വരുന്നു. ദൈവസഭയിലെ രാജസ്ഥാനി വിശ്വാസികളേയും അവരുടെ ആത്മീക തീഷ്ണതയും കണ്ടു ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

മൂലച്യ്യുതി സംഭവിക്കുന്ന ക്രിസ്തീയ സമൂഹത്തിൽ ഇങ്ങനെ ആത്മീക ദർശനമുള്ള ദൈവദാസന്മാർ ഇനിയും ഉണരട്ടെ. നിരന്തരമായ അദ്ധ്വാനവും വ്യക്തമായ ദർശനവും ആണ് സഭാ വളർച്ചയ്ക്ക് കാരണം. വിദേശ സഭകൾ തന്നെ മാടി വിളിച്ചപ്പോൾ അതൊന്നും തന്നെ പ്രലോഭിപ്പിച്ചില്ല. 'മരണം വരയോ, കർത്താവിന്റെ വരവു വരയോ ഇവിടെ തന്നെ കാണും. രാജസ്ഥാന്റെ മണ്ണിൽ തന്നെയായിരിയ്ക്കും തങ്ങളുടെ ജീവിതം അവസാനിക്കുക' ഇതായിരുന്നു ഈ ക്രിസ്തുഭക്തന്റെ വാക്കുകൾ.

***'ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു' എന്ന പ്രത്യാശയോടെ, 2005 നവംബർ 24 ന് എല്ലാവർക്കും ഒരു മാതൃകാ ജീവിതം ബാക്കി വെച്ച് ഡോ.തോമസ് മാത്യൂസ് എന്ന ഈ കർത്തൃഭൃത്യൻ തന്റെ പ്രിയന്റെ ഭവനത്തിലേക്ക് മടങ്ങി.***

കർതൃദാസന്റെ സഹധർമ്മിണി മേരി മാത്യൂസ് നേറ്റീവ് മിഷണറി മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും, ബൈബിൾ പഠന ഗ്രന്ഥങ്ങൾ തദ്ദേശീയ ഭാഷയിലേക്ക് വിവർത്തനം നടത്തുകയും, അനേകരെ കർത്താവിൽ ശക്തീകരിക്കുകയും ചെയ്യുന്നു. തനിക്ക് ദാനമായി ലഭിച്ച മൂന്നു മക്കളും കുടുംബമായി കർതൃവേലയിൽ പ്രയോജനപ്പെടുന്നു. നേറ്റീവ് മിഷണറി മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെ ഓർത്തു വായനക്കാർ ദയവായി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.



*ഡോ.തോമസ് മാത്യൂസ് എന്ന കർത്തൃദാസന്റെ ജീവചരിത്രം ചിലർക്കെങ്കിലും പരിചിതമായിരിക്കും. എന്നാൽ മറ്റുള്ളവരുടെ അറിവിലേക്കായും അവരുടെ ആദ്ധ്യാത്മിക ഉണർവിനു വഴി തെളിക്കട്ടെ എന്ന പ്രാർത്ഥനയോടെയും ഇത് എഴുതുന്നു.*

ഈ മരുഭൂമിയുടെ മണ്ണിൽ കഴിഞ്ഞ ദിവസങ്ങളിൽ കാലു വെച്ച എനിക്കും കുടുംബത്തിനും ഒരു കാര്യം സ്പഷ്ഠമായി, രാജസ്ഥാൻ എന്ന മരുഭൂമിയൽ വയലുകൾ കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്നു. എന്നാൽ വേലക്കാർ ചുരുക്കം. നിങ്ങൾക്ക് ദൈവവിളി ഉണ്ടോ ? ആത്മഭാരമുണ്ടോ ? എങ്കിൽ വയലുകൾ നിങ്ങൾക്കായി കാത്തിരിക്കുന്നു. പ്രിയന്റെ കാഹളം മുഴങ്ങുവാൻ സമയമായി.

നമ്മുടെ സമയം വൃഥാവാക്കാതെ ഒരുക്കാം ! ഒരുങ്ങാം !




# Honour the Owners of "Moses Basket"

Advice from Sunday School Uncle

Tip Off...



Anil Thomas

Dear Children,

When I read "Man returns from US after a year, find mother's skeleton in Mumbai flat" (Hindustan Times -8th August 2017), I was shocked that his mother stayed alone in a flat and died weeks back. I was in tears while I was reading the entire news with the sentence "he last spoke to her in April last year"Nowadays, such painful truths are common among Christian families too.

Jochebad and Amram, parents of Moses made a papyrus basket for him and coated with tar and pitch to save his life. Likewise, parents are praying and caring for their children's bright future, they are coating the basket with tar and pitch to safeguard them from worldly trouble, even when they are near or away from them.

First commandment with promise: Honour your father and mother (Ephesians 6:2)
Obey your parents in the Lord, for this is right (Ephesians 6:1, Colossians 3:20)
The fifth commandment is to honour your parents (Exodus 20:12)
As per the Old Testament law "If anyone who curses his parent or is stubborn and rebellious to his parent, he shall surely be stoned to death (Deuteronomy 21:18-21, Leviticus 20:9)
Just imagine, if it is the same law in the New Testament, we could see breaking news every day.

**Password to honour your parents is LOCKER (L- LOVE them, O- OBEY them, C- take CARE of them, K- be KIND to them, E- EMBRACE and ENCOURAGE them and R- RESPECT them)**

It is the children's duty to make the parents happy and bring peace to them during their old age. I have learned from some parents that their children are not eating with them or even not with them during the family prayer. You have to spend valuable time with your parents and learn the size of their purse as well.


"One of the greatest title in the world is parent and one of the biggest blessing in the world is to have parents to call mom and dad" – Jim DeMint

Always remember "there is no friendship, no love, like that of the parent for the child"- Henry Ward Beecher


For by me your days will be multiplied, And years of life will be added to you. (Proverbs 9:11)

HH REJOICE

"ഞാൻ മുഖാന്തരം നിന്റെ നാളുകൾ പെരുകും; നിനക്കു ദീർഘായുസ്സ് ഉണ്ടാകും." (സദൃശ്യവാക്യങ്ങൾ 9:11)




Adon Abraham Aji




Abiya Thomas



Andreea Prince



Ansa Saju



Manna Eleen Job




Christina Merin Thomas



Deborah Jacob



Joash Mathew Jins



Esther John

HAPPY BIRTHDAY

Knowledge Cafe

Jijo Angamaly

# BIBLE QUIZ 7

1. ഇതല്യക്കാർക്ക് വന്ദനം ചൊല്ലിയിരിക്കുന്ന പുസ്തകമേത് ?
2. ജ്ഞാനത്തിന്റെ ലക്ഷണമെന്ത് ?
3. 'വാൾ കൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും' എന്നെഴുതിയതാര് ?
4. കൊല ചെയ്തിട്ടില്ലെങ്കിലും 'കൊലപാതകൻ' എന്ന് സംശയലേശമെന്യേ പറഞ്ഞതാരെക്കുറിച്ച് ?
5. രണ്ടു മക്കളൊത്തു ചേർന്ന് സ്വന്തം പിതാവിനെ കൊന്നു. പിതാവാര് ?
6. 'ദൈവത്തിന്റെ പ്രതിമ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ ?
7. അദ്ധ്യക്ഷന്മാർ പലരുണ്ട്. എന്നാൽ 'പ്രയാണാദ്ധ്യക്ഷൻ' ആര് ?
8. വിവാഹം കഴിയും മുമ്പേ ജനിക്കാൻ പോകുന്ന മക്കളുടെ എണ്ണമറിഞ്ഞ പ്രഥമൻ ?
9. വെള്ളിക്കാശും യവവും ഭാര്യക്ക് വിലയായി കൊടുത്ത ഭർത്താവാര് ?
10. വൃക്ഷത്തിന്റെ പേരുള്ള നക്ഷത്രം ?

---

1. Name the book which greets the people of Italy?
2. What is the sign of wisdom?
3. "He who kills with the sword must be killed with the sword" who wrote this?
4. Even though he did not kill anyone, he was accused as a murderer without any doubt. Who is the person?
5. Two children joined their hands to kill their father. Name the father?
6. Who is described as the image of God?
7. There are many masters. But who was the quartermaster?
8. Who was the first person to know how many children he will have, even before his marriage?
9. Who paid silver and barley to buy wife?.
10. Name the star with the name of a tree?

## WINNERS -6

(Through draw out of correct entries)



**Bible Quiz**
SHIJI ROY
*(Suvartha Full Gospel Church)*



**Puzzle**
ALEENA SUSAN SHIBU
*(Brethren Assembly, Gufool)*

E-mail : hhgulfnews@gmail.com
Whatsapp : 00973 38383399

# PUZZLE 7

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| O | G | T | E | L | V | U | O | F | L | I |
| O | | | | | | | | | | M |
| M | | | | | | | | | | C |
| D | | | | | | | | | | J |
| E | | | | | | | | | | R |
| J | | | | | | | | | | Y |
| A | | | | | | | | | | E |
| E | | | | | | | | | | A |
| S | | | | | | | | | | M |
| S | | | | | | | | | | R |
| I | | | | | | | | | | E |
| U | | | | | | | | | | P |
| N | | | | | | | | | | B |
| S | | | | | | | | | | H |
| N | | | | | | | | | | D |
| S | | | | | | | | | | C |
| E | | | | | | | | | | O |
| A | R | I | W | D | I | W | N | A | G | T |

A verse from Luke
is hidden in this shape.

It's taken from NKJV

To find it, you'll need to start
at the correct letter.
Then read every second
letter,
going in the anti clockwise
direction.

## ശരി ഉത്തരങ്ങൾ

Issue #6, September 2017

### ബൈബിൾ ക്വിസ്

1. അമ്രാം
Amram, Exodus 6:20
2. ദാവീദ്
David, 1Sam 22:3
3. യോഹന്നാൻ
John, John 12:41
4. ശേരബ്യാവ്
Sherebiah, Ezra 8:18
5. തെറ്റ്, യോഹന്നാൻ, സെഖര്യാവ്
False, John, Zechariah,
Zec 1:8 & Rev 6:4
6. സില്വാനൊസ്, തിഹിക്കോസ്
Silvanus, 1Peter 5:12 & Tychicus,
Eph 6:21
7. സോസ്ഥനേസ്
Sosthenes, Acts 18:17
8. ശരി
True, John 14:6 ,11:16
9. അദോനിയാവ്
Adonijah, 1 Kings 1:10
10. യോവാബ്
Joab 1Ki 2:29-34

### Puzzle:

BE FAITHFUL UNTIL DEATH
REV 2:10

## Bible Quiz & Puzzle
### Those who sent correct answers
Issue 6

1. Blessy Saji, Bethel Church Bahrain
2. Jeena Tiju, Bethel Church Bahrain
3. Lincy Roopesh, Bethel Church Bahrain
4. Jijo Thomas, Bethel Church Bahrain
5. Chris Johnson, Bahrain Church of Living God
6. Sindhu Joshi, Bahrain Church of Living God
7. Lijo Arocky, IPC Sreekaryam, TVM
8. Lizy Varghese, Sharon Fellowship Church
9. Joncy Anil, Sharon Fellowship Church
10. Metty Shibu, Sharon Fellowship Church
11. Tintu Vivyn, Sharon Fellowship Church
12. Litty Finny, Sharon Fellowship Church
13. Rincy Gracy Roy, Sharon Fellowship Church
14. Mini Binu, Sharon Fellowship Church
15. Ruby Sara Varghese, Sharon Fellowship Church
16. Ruth Anna Varghese, Sharon Fellowship Church
17. Jessy Maju, Sharon Fellowship Church
18. Sali Joseph, Sharon Fellowship Church
19. Rooth Jeejie Francis, Sharon Fellowship Church
20. Betty Babu, Sharon Fellowship Church
21. Evangeline Grace Bovas, Sharon Fellowship Church
22. Glory Ponnaia, Sharon Fellowship Church
23. Reji Baby, Sharon Fellowship Church, Kottarakkara
24. Johncy Vesily, IPC Kuwait
25. Suja James, Church of God, Kuwait
26. Pr.Vinil C Joseph, IPC Bethel
27. Ancy Vinil, IPC Bethel
28. Manju Nevin, IPC Bethel
29. Sneha Jane Mathew, IPC Bethel
30. Siji Joy, IPC Patna Hajipur, Bihar
31. Sunil Cherian, Christian Fellowship of Kuwait
32. Shiji Roy, Suvartha Full Gospel Church
33. Alice George, Suvartha Full Gospel Church
34. Marykutty Jose, Suvartha Full Gospel Church
35. Sifi Mary siju, Hopeshore Church (IPC)
36. Jaisy satheesh, AG, Kasargod
37. Aksa Vinoy, PMG Church, Bembayam, TVM
38. Janet K John, IPC Peniel
39. Sandra Ann Mathew, IPC Peniel
40. Sally Mathew, IPC Peniel
41. Annie Johnson, Manama Brethren Assembly
42. Blessy Lijo, Manama Brethren Assembly
43. Johnson P. Varghese, Manama Brethren Assembly
44. Thankachen V.M, Manama Brethren Assembly
45. Letty shibu, Manama Brethren Assembly
46. Sneha Grace Oommen, Full Gospel Church of Philadelphia
47. Rijin Joel biju, Full Gospel Church of Philadelphia
48. Sam Varghese Methrail, Full Gospel Church of Philadelphia
49. Jisha Vivek, IPC Hebron
50. Blessy vinod, IPC Hebron
51. Angel Vinod, IPC Hebron
52. Seeba Vinay, IPC Hebron
53. Blessy Jiji, IPC Hebron
54. K.J.Johnson, IPC Hebron
55. Joice Johnson, IPC Hebron
56. Molly Abraham, Church of God, Kottayam
57. Lucky Susan, IPC Chengannoor
58. Abymol Abraham, CG,Kormangala, Bangalore
59. Judith Franko, Gilgal Church of God
60. Beula Ravi, Gilgal Church of God
61. Alan Ani Abraham, IPC Immanuel
62. Esther Elsa Ani, IPC Immanuel
63. Annie Abraham, IPC Immanuel
64. Jhancy Jerins, IPC Immanuel
65. Mary Francis, IPC Immanuel
66. Glady Shine, IPC Tamil Church
67. Suni S.Suku, IPC Tamil Church
68. Simy Joy, IPC West Centre,Thrissur
69. Sunil Silvester, Independent CG, Alapuzha
70. Jessy Anish, Immanuel Church, Saudi Arabia
71. Elvis Thomas, The Church of God, Kallumala
72. Ambili Thomas, IPC Bethesda
73. Suby Lijo Mathew, CGFG Prayer Fellowship
74. Sofy Jacob, CGFG Prayer Fellowship
75. Bindu Johnson, CGFG Prayer Fellowship
76. Stephy Skaria, Bethel Gospel Ministries International, Thiruvanchoor, Kottayam
77. Sabitha Sujith, CGFG in India, New Delhi
78. Jubin John Kurian, Indian Revival Assembly
79. Benison Blesson, Indian Revival Assembly
80. Joby John, Indian Revival Assembly
81. Bincy Sibi, Indian Revival Assembly
82. A.Febby Joan, Apostolic Assemblies Church
83. Maria Angeli, Apostolic Assemblies Church
84. Princy Alex, New Harvest Church
85. John K Paul, IPC Abu Dhabi

## Bible Quiz Only
### Those who sent correct answers

1. Alice Varghese, Bethel Church Bahrain
2. Blessy Sam, Bethel Church Bahrain
3. Sheeja Anu John, Sharon Fellowship Church
4. Jancy Stijo, IPC Peniel
5. Stijo Francis, IPC Peniel
6. Shainy Shibu, Gafool Brethren Assembly
7. Beena Mathew, IPC Hebron
8. Blessan Abraham, Church of God, Kottayam
9. Blessy Shaiju Thomas, Oman Pentecost Assembly, Muscat
10. Bini Bijo, Assembly of Believer Church, Kollam
11. Sini Binu, IPC Hebron, Kuwait
12. Lissy Shibu, IPC Bethesda
13. Sini Dipin, IPC Bethesda
14. Jessy Jacob, AG Church
15. Nincy Praveen, CGFG Prayer Fellowship
16. Shyna Madhu, IPC Bahrain
17. Sharon Ben Sunny, Cannan Gospel Ministries

## Puzzle Only
### Those who sent correct answers

1. Sanu Mathew, Bethel Church Bahrain
2. Catherine Jisna, Bahrain Church of Living God
3. Emmanual Jis, Bahrain Church of Living God
4. Anuja Raichal John, Sharon Fellowship Church
5. Jency Prince, Sharon Fellowship Church
6. Abiya Miriam Biju, Sharon Fellowship Church
7. Axa Mary Biju, Sharon Fellowship Church
8. Aaron Jacob Varghese, Sharon Fellowship Church
9. Daisy Varghese, New India Church of God,Gwalior,Madhyapradesh
10. Shaimy Jijo, IPC Bethel
11. Krupa Ann Jijo, IPC Bethel
12. Benita Susan Mathew, IPC Bethel
13. Saira Bindu Mathew, IPC Bethel
14. Jeffin Thomas Nevin, IPC Bethel
15. Evangel John Siju, Hopeshore Church (IPC)
16. Jini Nithin Jacob, IPC Peniel
17. Ajo Johnson, Manama Brethren Assembly
18. Peninnah Mariam Shibu, Gafool Brethren Assembly
19. Aleena Susan Shibu, Gafool Brethren Assembly
20. Rhoda Ann Roby, Gafool Brethren Assembly
21. Rijoy Joel Biju, Full Gospel Church of Philadelphia
22. Nancy Vinay, IPC Hebron
23. Aksa Mary Mathew, IPC Hebron
24. Sherin John Varghese, IPC Hebron
25. Jelin Franko, Gilgal Church of God
26. Thomas Chacko, Revival Fellowship
27. Liya Thomas, Revival Fellowship
28. Preethy Binil, Revival Fellowship
29. Acxa Susan Thomas, IPC Bethesda
30. Sam Tom, Church of God Full Gospel Prayer Fellowship
31. Ruth P.Sujith, Church of God Full Gospel In India, New delhi
32. Joanna Susan Shibu, The Heavenly Worship Centre
33. Reny Jaison, Brethren Assembly, Majlis
34. Ruben Jeejie Francis, Sharon Fellowship Church

*ശരിയുത്തര മയച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് സഭകളിൽ എത്തിക്കുന്നതാണ്.

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്




### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers should be received before 20th of every month.
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.
11. There will be separate prizes for both Bible Quiz and Puzzle.
12. All those who send correct answers will receive HH Appreciation Certificate.

**ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ**

**ശരിയുത്തരമയക്കുന്ന എല്ലാവർക്കും** *HH Appreciation Certificate*

# ദേശങ്ങൾക്കായി



തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**



**രാജ്യം : പാകിസ്ഥാൻ**
**തലസ്ഥാനം : ഇസ്ലാമബാദ്**
**പ്രധാനമന്ത്രി : ഷാഹിദ് കെ.അബ്ബാസി**

ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് പാകിസ്ഥാൻ എന്ന ഔദ്യോഗിക നാമത്തിൽ അറിയപ്പെടുന്ന രാജ്യം. ഇന്ത്യ, അഫ്ഗാനിസ്ഥാൻ, ഇറാൻ, ചൈന എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നു. ഇന്ത്യാ വിഭജനത്തിലൂടെ ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടിയാണ് പാകിസ്ഥാൻ നിലവിൽ വന്നത്. ഇസ്ലാമിക വിശ്വാസത്തിൽ അധിഷ്ഠിതമായ വൈവിധ്യമാർന്ന ആചാരങ്ങളും, ഐക്യതയും കൂടിച്ചേർന്ന രാജ്യമാണ് പാകിസ്ഥാൻ. സമ്പന്നമായ സാംസ്കാരിക വൈവിധ്യമുള്ള രാജ്യമെങ്കിലും മോശമായ സാമ്പത്തിക സ്ഥിതി രാജ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. തീവ്രവാദ പ്രവർത്തനങ്ങളും രാജ്യ പുരോഗതിക്ക് ഹാനി വരുത്തുന്നതിൽ കാരണമാകുന്നു.

രാജ്യത്ത് മതഭ്രാന്ത് ശക്തമായി നിലനി ൽക്കുന്നതിനാൽ ക്രിസ്ത്യാനികൾ നിരന്തരമായ വിവിധ പീഡനങ്ങളിലൂടെ കടന്നു പോകുന്നു. ബൈബിൾ വിവർത്തനം വളരെ ചുരുങ്ങിയ നിലയിൽ മാത്രം നടക്കുന്നതിനാൽ, പാകിസ്ഥാനിൽ ഉപയോഗിക്കപ്പെടുന്ന എഴുപതു ഭാഷകളിൽ ഏഴു ഭാഷകളിൽ മാത്രമാണ് പുതിയ നിയമമെങ്കിലും പരിഭാഷപ്പെടുത്തിയിട്ടുള്ളത്. മത മൗലീക വാദത്തിന്റേയും തീവ്രവാദത്തിന്റേയും ശക്തികേന്ദ്രങ്ങളെ അതിജീവിച്ച് ദൈവ സ്നേഹത്താൽ രാജ്യത്തെ ജനങ്ങൾ നിറയേതിനായി പ്രാർത്ഥിക്കാം.



**സംസ്ഥാനം : ഗുജറാത്ത്**
**തലസ്ഥാനം : ഗാന്ധിനഗർ**
**മുഖ്യമന്ത്രി : ശ്രീ. വിജയ് രൂപാനി**

ഇന്ത്യയുടെ പടിഞ്ഞാറെ അറ്റത്തുള്ള സംസ്ഥാനമാണ് ഗുജറാത്ത്. ഏറ്റവുമധികം വ്യവസായവൽകൃതമായ സംസ്ഥാനങ്ങളിലൊന്നായ ഗുജറാത്ത്. തുണിവ്യവസായത്തിന്റെ കേന്ദ്രം കൂടിയാണ്. രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവയാണ് ഗുജറാത്തിന്റെ അയൽ സംസ്ഥാനങ്ങൾ. പാകിസ്താനുമായി രാജ്യാന്തര അതിർത്തിയും പങ്കിടുന്നുണ്ട്. ഗുജറാത്തി ഭാഷ സംസാരിക്കപ്പെടുന്ന പ്രദേശമാണിത്. തലസ്ഥാനമായ ഗാന്ധിനഗർ കൂടാതെ അഹമ്മദാബാദ്, രാജ്കോട്, സൂരത്, വഡോദര തുടങ്ങിയവയാണ് മറ്റു പ്രധാന നഗരങ്ങൾ. ഇന്ത്യയിൽ കൂടുതൽ കടൽത്തീരം (1600 കി.മീ.) ഉള്ള സംസ്ഥാനമാണ് ഗുജറാത്ത്.

മതപരമായ സംഘർഷങ്ങളും പീഡനങ്ങളും ഒരു പ്രധാന വിഷയമായി ഗുജറാത്തിൽ തുടരുന്നു. ഗുജറാത്തിലെ ഗ്രാമങ്ങളിൽ ആത്മീക അന്ധകാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മിക്ക ഗ്രാമങ്ങളിലും ദുർമന്ത്രവാദം ഒരു ശാപമായി നിലകൊള്ളുന്നു. ഈ തിന്മയിൽ നിന്നും ജനം ഉദ്ധാരണം പ്രാപിക്കേണ്ടതിനു വേണ്ടി പ്രാർത്ഥിക്കുക. വിവിധങ്ങളായ നിലയിൽ ഗുജറാത്തിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും പ്രവർത്തിക്കുന്ന ദൈവഭൃത്യന്മാരെ ഓർത്തു പ്രാർത്ഥിക്കുക. ദൈവാധികാരത്തോടും ധൈര്യത്തോടും ക്രിസ്തുവിനെ ഉയർത്തുവാൻ ദൈവജനത്തെ സഹായിക്കേണ്ടതിനായി ദൈവത്തോടു അപേക്ഷിക്കാം.

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി 7

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ശേമ്യ സന്തതി പരമ്പരകൾ വസിക്കുന്ന ഇന്നത്തെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള മാനവശേഷി കയറ്റുമതി പ്രധാനമായും തെന്നിന്ത്യയിലെ നാലു സംസ്ഥാനങ്ങളിൽനിന്നും ഉള്ളതാണെന്ന് കാണാം. 1930 മുതൽ നടന്ന എണ്ണ വിപ്ലവത്തെ തുടർന്ന് തെ ന്നിന്ത്യയിലെ ദ്രാവിഡ സമൂഹ മാനവശേഷിയുടെ ഒരു പ്രവാഹം തന്നെ ഗൾഫ് രാജ്യങ്ങൾ, ഇറാൻ, ഇറാക്ക്, തുടങ്ങിയ ശേമ്യ വംശ പ്രദേശങ്ങളിലേക്ക് പ്രവഹിച്ചുവെന്നോർക്കണം.

19, 20 നൂറ്റാുകളിൽ ആര്യവംശ രാജ്യങ്ങളായ സിലോൺ, മലേഷ്യ, തുടങ്ങിയ രാജ്യങ്ങളിലേക്കും, തെന്നിന്ത്യയിലെ ദ്രാവിഡ പ്രവാഹം ഉായി. ഇന്നത്തെ ശ്രീലങ്കയിലെ വംശാധിഷ്ഠിത പ്രശ്നങ്ങൾക്ക് കാരണവും അതാണല്ലോ.

ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും, തൊഴിൽതേടി ഗൾഫിലെത്തുന്നവർ ധാരാളമാണ്. ഗൾഫിലെ തൊഴിൽ വർഗ്ഗത്തെ പൊതുവെയെടുത്താൽ, ഇന്ത്യാ, ആഫ്രിക്ക, പാലസ്തീൻ, ജോർദ്ദാൻ, തുടങ്ങിയ ഹാമ്യ സന്തതി പരമ്പരയിൽപ്പെട്ടവരാണ് ഭൂരിഭാഗവും എന്നുകാണാം.

ഹാമ്യ സന്തതികളായ കനാന്യ, ഫെലിസ്ത്യ വർഗ്ഗക്കാരുടെ പിൻതുടർച്ചക്കാരായ പലസ്തീനികൾ, ജോർദ്ദാനികൾ തുടങ്ങിയവർ ദൈനംദിന ജോലിക്കായി യിസ്രയേലിൽ പോയി സാധാരണ ജോലികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

ഈ നിലയിൽ ചരിത്രത്തിലെ, ചരിത്രാതീത, ചരിത്ര, ആധുനിക കാലയളുവുകൾ കൂലംകഷമായി പരിശോധിച്ചാൽ ഹാമിന്റെ സന്തതികൾ ശേമിന്റെയും, യാഫേത്തിന്റെയും സന്തതി പരമ്പരകൾക്ക് ദാസന്മാരായിരിക്കുന്നുവെന്നു കാണാം. നോഹയുടെ പ്രവചനത്തിന്റെ ഒന്നാം ഭാഗം ചരിത്രത്തിൽ എപ്രകാരം നിറവേറി എന്നുള്ളത് നോക്കുക.

### *നോഹയുടെ രണ്ടാമത്തെ പ്രവചനം – 'ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ.'*

ശേമിനെ സംബന്ധിച്ചിടത്തോളം നോ ഹക്ക് മറ്റൊന്നും പറവാനില്ലായിരുന്നു – ദൈവമായ യഹോവയെക്കുറിച്ചു മാത്രം. ക്രിസ്തുശാസ്ത്രം പഠിക്കുമ്പോൾ, പഴയനിയമത്തിലെ ദൈവമായ യഹോവയാണ് പുതിയ നിയമത്തിലെ ക്രിസ്തുവെന്ന് മനസ്സിലാക്കാം. ആയതിനാൽ ആദാമും, ഹവ്വയും പാപം ചെയ്തപ്പോൾ വാഗ്ദത്തം ചെയ്യപ്പെട്ട സ്ത്രീയുടെ സന്തതിയെക്കുറിച്ചുള്ള വാഗ്ദത്തം പ്രളയത്തിനുശേഷം ഇവിടെ ശേമിന്റെ സന്തതി പരമ്പര വഴി പുതുക്കിയിരിക്കുന്നു. ലൂക്കോസ് 3-ാം അദ്ധ്യായത്തിൽ നിരത്തിയിരിക്കുന്ന വംശാവലി ശ്രദ്ധിക്കുക. ശേമിന്റെ മകൻ അർപ്പക്ഷാദിന്റെ വംശപരമ്പരയിലാണ് കർത്താവായ യേശുക്രിസ്തുവിന്റെ അവതാരം (ലൂക്കോസ് 3:16) നടന്നത്. ഈ നിലയിൽ വളരെ കൃത്യമായി നാം കണ്ട നോഹയുടെ പ്രവചനത്തിന്റെ രണ്ടാം ഭാഗം നിറവേറി.

### *നോഹയുടെ മൂന്നാമത്തെ പ്രവചനം – ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കും*

മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, യാഫേത്തിന്റെ സന്തതിപരമ്പരകൾ ലോകത്തിന്റെ വിവധഭാഗങ്ങളിലായി പെറ്റു പെരുകി വർദ്ധിക്കും. മാത്രമല്ല, അവർ ഏറ്റവും അഭിവൃദ്ധിയുള്ളവരായി തീരും. നാം മുമ്പ് കണ്ടതുപോലെ, പ്രളയാന്തരം, ഹാമ്യ, ശേമ്യ സന്തതി പരമ്പരകൾ, പശ്ചിമേഷ്യയിലെ മദ്ധ്യ പൂർവ്വ പ്രദേശങ്ങളിൽ നിന്നും, അകന്നുപോകാതെ വസിച്ചുപോന്നപ്പോഴും, യാഫേത്യ സന്തതികൾ, കരിങ്കടലും, കാസ്പിയൻ സമുദ്രവും കടന്നു വടക്കോട്ടും, ആജിയൻ സമുദ്രം കടന്ന് പടിഞ്ഞാറോട്ട്, മെഡിറ്ററേനിയന്റെ വടക്കു ഭാഗത്തോളം വർദ്ധിച്ചു പെരുകി. കാലക്രമേണ പഴയ U.S.S.R., കിഴക്കൻ യൂറോപ്പ്, പടിഞ്ഞാറൻ യൂറോപ്പ്, ഇറാൻ, വടക്കെ ഇന്ത്യ മുതലായ സ്ഥലങ്ങളിൽ യാഫേത്യ സന്തതികൾ വസിച്ചുപോന്നു. പിന്നിട് ഇന്നത്തെ അമേരിക്കൻ രാഷ്ട്രങ്ങൾ, ആസ്ട്രേലിയ, തെക്കെ ആഫ്രിക്ക, ന്യൂസിലാന്റ് മുതലായ ആധുനിക രാഷ്ട്രങ്ങളും യാഫേത്യ സന്തതികളിൽ നിന്നും പൊട്ടിപുറപ്പെട്ടു. Indo-Eropean വംശജർ ലോകത്തിന്റെ വിവിധ ഭാഗങ്ങൾ കൈവശമാക്കി, ആധുനിക സമൃദ്ധിയുടെയെല്ലാം വിളനിലങ്ങളായി മാറി.




**രാജൻ തോമസ്**

പുരാതന ഗ്രീസായിരുന്നു ആധുനിക കലകളുടെയും സാഹിത്യത്തിന്റെയും, ശാസ്ത്രീയ, സാങ്കേതികതയുടെയും എല്ലാം ഉറവിടം. ഗ്രീസിന്റെ തത്വശാസ്ത്ര സമ്പന്നതയും, റോമിന്റെ ഐതിഹാസികതയും പ്രശ്തമാണല്ലോ.

(തുടരും)

# പാറയിൽ നിന്ന് തേൻ!



ജിജോ അങ്കമാലി

(...1-ാം പേജിൽ നിന്നും തുടർച്ച)

പാറ നിറഞ്ഞ വഴി ദുർഘടമാണ്. എന്നാൽ മധുരതരങ്ങളായ അനുഭവങ്ങളെ തരുന്ന പാതയാണ് പാറ നിറഞ്ഞ പാതകൾ.

യോസേഫിന്റെ ജീവിതം നോക്കുക. തന്റെ ജീവിതത്തിൽ പതിമൂന്നു വർഷക്കാലം പാറകളല്ലാതെ മറ്റൊന്നും തന്റെ വഴികളിലില്ലായിരുന്നു.




എന്നാൽ യോസേഫിന് പാറയിൽ നിന്നും തേൻ ലഭിച്ചു എന്ന് മുപ്പതു വയസ്സു മുതലുള്ള അനുഭവങ്ങൾ വിളിച്ചു പറയുന്നു.

രാജാവായ് അഭിഷേകം ചെയ്യപ്പെട്ടിട്ടും കുറ്റവാളിയെപ്പോലെ വേട്ടയാടപ്പെട്ട ദാവീദിന്റെ ജീവിതം നോക്കുക. എത്രയെത്ര പാറകൾ! ആ വക പാറകളിൽ നിന്നെല്ലാം തേൻ ലഭിച്ചതിന്റെ തെളിവാണ് തന്റെ തന്നെ സങ്കീർത്തനങ്ങൾ.

ഇയ്യോബിന്റെ ജീവിതം പാറയിൽ നിന്നും തേൻ ലഭിച്ചതിന്റെ മറ്റൊരു തെളിവാണ്. പൗലോസിന്റെ ജീവിതത്തിലും എത്രയോ പാറക്കൂട്ടങ്ങളെ തരണം ചെയ്യേണ്ടി വന്നു. ആ വക അനുഭവങ്ങളെല്ലാം മധുരങ്ങളാക്കി മാറ്റാൻ കഴിയുന്ന ദൈവം എത്ര വലിയവൻ.

പരീക്ഷകൾ, പരിശോധനകൾ, കഷ്ടതകൾ, പ്രയാസങ്ങൾ, രോഗങ്ങൾ, നഷ്ടങ്ങൾ ഇവയെല്ലാം നമുക്ക് എതിരായല്ല നമുക്കനുക്കൂലമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് നാം അറിഞ്ഞിരിക്കണം. സകലവും നന്മയ്ക്കായ് കൂടി വ്യാപരിപ്പിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം (റോമ.8:28). പാറകളെ മാറ്റുകയല്ല പിന്നയോ, പാറയിൽ നിന്നും തേനുളവാക്കുന്നവനാണ് നമ്മെ നടത്തുന്ന ദൈവം.

യേശുവിന്റെ ജീവിതം ഒന്നു നോക്കുക, ദാരിദ്രത്തിന്റേയും ഒറ്റപ്പെടലിന്റേയും ബാല്യം. നന്മ ചെയ്യാനൊരുങ്ങുമ്പോഴെല്ലാം തിദയായ് വ്യാഖ്യാനിക്കാനൊരുങ്ങി നിൽക്കുന്ന ജനസഞ്ചയം. പാപികളോട് ഇടപെട്ടാൽ 'ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ' എന്നു വിളിക്കും. കൂട്ടുകാരോടൊപ്പം ആഹാരം പങ്കിട്ടാൽ 'തീനിയും കുടിയനും' എന്നു പറഞ്ഞ് പരിഹസിക്കും. അത്ഭുതങ്ങൾ ചെയ്താൽ 'ഭൂതങ്ങളുടെ തലവനെക്കൊണ്ട് ചെയ്തു' എന്നു പറഞ്ഞു പരത്തും. എവിടേയും ദുഷി.

പക്ഷേ കഠിന ഇടങ്ങൾ വിട്ട് താൻ ഓടിയില്ല. തന്റെ ജീവിതത്തിലെ പാറകളും അതിൽ നിന്ന് വരുന്ന തേനും താനാസ്വദിച്ചു. അതു തന്നെ തൃപ്തനാക്കി. പാറ സമാനമായ ജീവിതാനുഭവങ്ങളിലൂടെ നടന്നു നീങ്ങിയ തന്നെ പാറ സമാനമായ കുന്നിൽ ക്രൂശിച്ചു. പാറയിൽ വെട്ടിയ കല്ലറയിലടക്കി. വലിയൊരു കല്ല് വച്ച് അടയ്ക്കുകയും ചെയ്തു. എന്നാൽ മൂന്നാം ദിനം ആയവയിൽ നിന്നെല്ലാം 'രക്ഷ' എന്ന തേനൊഴുകി താൻ ഉയിർത്തെഴുന്നേറ്റു. അതേ, പാറയിൽ നിന്നും തേൻ.

പ്രിയരേ, താങ്കളും പാറ സമാനമായ കഠിനാനുഭവങ്ങളിലൂടെ കടന്നു പോകുന്നവനാകാം. ക്ഷമയോടെ യഹോവ നല്ലവൻ എന്ന് രുചിച്ചറിയുക. കാരണം ഓരോരോ ജീവിതാനുഭവങ്ങളിൽ നിന്നും ദൈവം തേൻ പുറപ്പെടുവിക്കാൻ പോകയാണ്. അയതിന്റെ മധു നിന്നെത്തന്നെ അതിശയിപ്പിക്കും, തൃപ്തിപ്പെടുത്തും. കാരണം പാറയിൽ നിന്നുള്ള തേൻ കൊണ്ട് 'തൃപ്തിപ്പെടുത്തും' എന്ന് പറഞ്ഞവന് അത് ചെയ്യാനുള്ള കഴിവുണ്ട്. വെറുതെ ആർക്കും ദൈവം തേൻ തരില്ല. എന്നാൽ എല്ലാ പാറയിൽ നി ന്നും താൻ തേൻ തരികയും ചെയ്യും. നിങ്ങൾക്ക് തേൻ തരാനാണ് ദൈവം ജീവിത വീഥിയിൽ പാറ നിരത്തുന്നത്. 'പാറയിൽ നിന്ന് തേൻ' എന്നതാണ് ദൈവത്തിന്റെ പ്രമാണം. അത് ആസ്വാദകനെ തൃപ്തിപ്പെടുത്തുന്ന പ്രമാണമാണ്. ആകയാൽ ജീവിതാനുഭവങ്ങളിൽ നിന്ന് തേൻ പ്രതീക്ഷിക്കുക, പാറയിൽ നിന്നുള്ള തേൻ.

# FAMILY, OUR FIRST MISSION FIELD



**May Manoj**

*(Continued form last issue)*

## THE ROLE OF PARENTS:

Ephesians: 6:4-'Fathers, do not provoke your children to wrath: but bring them up in the nurture and admonition of the Lord'As Christian parents, Apostle Paul warns us not to discourage, disrespect or mistreat our children. Instead, we should bring them up in the nurture and admonition of the Lord. Again, Christ-like love should be our model in our relationship with our children. The Bible also says in Colossians: 3: 21-'Fathers, do not provoke or irritate or exasperate your children [with demands that are trivial or unreasonable or humiliating or abusive: nor by favoritism or indifference: treat them tenderly with loving kindness], so they will not lose heart and become discouraged or unmotivated [with their spirits broken, feeling inferior and frustrated]'. Let's stop and think for a moment! Are we ministering blessings into the lives of our children? Does our relationship with our children model Christ-like love? Do we follow the way of the devil by swearing, cursing and physically abusing our children? Are we led by traditions, law or by the Holy Spirit, by Christ likeness? Do you try to understand your children and listen patiently to their views and value their little contributions to your family? Do we encourage them to bring out their talents or force them to follow our own selfish motives to bring fame to us?

We need to listen closely to our children, in order to understand them better. When we understand their needs, it would help us in praying for them. We need to spend time with them in building them up, nourishing them, contributing to their emotional well-being regularly. We need to treat each other with respect and value, both within our family and outside, as our children observe us closely. We need to teach them and speak to them about how we would react in each situation of life. Let's practice what we preach. Our children would not follow our advice as much as our deeds or actions? Will we be confident enough to let our children follow in our footsteps? Are setting the right example to the future generation? Are we creating a legacy of Christ-like families for future generations? Let's examine our lives today. Let's ask the Holy Spirit to help us sow blessings into our family. Ask the Holy Spirit to use you as a family, in unity to bring glory to God's kingdom. Let's pray for the spiritual, emotional and physical health of every person of our family, before we minister to the world. Let every individual of our family be united in serving God with us. Let's pray for the unity and revival of families within churches. Let's pray for the manifestation of Christ -like love within our families. Let's not give the enemy a foothold within our families. If we allow the enemy a chance to get into our family, while we go around evangelizing the word, we are giving him an opportunity to paralyze us. So, let be on guard, be vigilant and wise! Let's watch and pray for our families, today! Let's intercede fervently for families to walk with Jesus, to live a life pleasing to God. Let's make sure we hold hands and pray in oneness of hearts with our families every day! Let's our families bring glory to God's name, everyday!



# ഉയിർപ്പ്/രൂപാന്തരങ്ങൾ

## വെളിപ്പാട് പുസ്തകം - ഒരു പഠനം 4



**ബോബി തോമസ് മാഞ്ഞൂരാൻ**

തന്റെ പ്രിയനോടുള്ള ഏകാഗ്രതയ്ക്കു ഭംഗം വരാതെ, കറ, ചുളുക്കം, വാട്ടം, മാലിന്യം ഒന്നു ഏശാത്തവളായി രാജാവിന്റെ രാജ്ഞിപദവിക്കനുയോജ്യമായി അടിമപ്പെണ്ണായിരുന്ന എസ്ഥേർ ഒരുങ്ങിയതുപോലെ സഭ (എസ്ഥേ.2), തന്നെത്താൻ (വെളി.19:7) ഒരുങ്ങുന്ന യുഗമാണ് ഈ കൃപായുഗം. 'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല'. വിവാഹനാളടുക്കുമ്പോൾ, കാന്തൻ/വരൻ, തന്റെ ഭവനത്തിൽ നിന്നും നിർണ്ണയിക്കപ്പെട്ട, തന്റെ നാട്ടിലുള്ള ഹാളിലോ, കല്യാണമണ്ഡപത്തിലേക്കോ അകമ്പടി സമേതനായി ഇറങ്ങിചെല്ലുന്നതുപോലെ, യേശുവും

**കാരണം അവൻ മേഘമണ്ഡലത്തിനും അപ്പുറം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി നിൽക്കുന്നു എന്നു മാത്രം, ഭൂമിയിൽ അന്നു അവശേഷിക്കുന്നവരുടെ കണ്ണുകൾക്ക് അഗോചരമായിരിക്കും ഈ സംഭംവം!**

ഇപ്പോൾ താൻ നിൽക്കുന്ന തന്റെ പിതാവിന്റെ വലഭാഗേ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു, കാത്തു നിൽക്കും. ഈ സമയത്ത് 'കാഹളം ധ്വനിക്കും, മരിച്ച പുതിയനിയമവിശുദ്ധന്മാരുടെ ആത്മാക്കൾ മടങ്ങി വന്ന് അവരവരുടെ കല്ലറകളിൽനിന്നും ശരീരത്തിൽ പ്രവേശിക്കുന്നതോടെ അഴിഞ്ഞുപോയ/ ദ്രവിച്ചുപോയ ശരീരങ്ങൾ ഉയിർത്ത്, തേജസ്സോടെ, ഇനിയും ദ്രവിക്കാതവണ്ണം അമർത്യരായി ഉയിർത്തെഴുന്നേറ്റു കല്ലറകൾക്കു പുറത്തേക്ക് വരും. ഉടനെ ആ സമയത്ത് മരിക്കാത്തവരായി, ജീവിച്ചിരിക്കുന്ന, വിശുദ്ധന്മാർ-ക്രിസ്തുവിൽ പ്രത്യാശ വെച്ചവർ - ഞൊടിയിടകൊണ്ട്/പെട്ടെന്ന് അദ്രവത്വമുള്ള, മർത്യമായ അവസ്ഥ മാറി അവരുടെ ശരീരവും രൂപാന്തരപ്പെടും.

ഇങ്ങനെ ക്രൂശിൽവച്ച് മാനസാന്തരപ്പെട്ട കള്ളൻ തുടങ്ങി 'കല്യാണനാൾ' വരെ ജീവിച്ചു മരിച്ചവരും മരിക്കാത്തവരും ഒരുമിച്ച്, സഭയാകുന്ന ഏക ശരീരമായി, മണവാളന്റെയടുത്തേക്ക്, അവന്റെ നാട്ടിലേക്ക്, (വീഡിയോകോച്ചിൽ പോകുന്നതുപോലെ) ആകാശമേഘത്തെ വാഹനമാക്കി എടുത്തുകൊള്ളപ്പെടും (will be Raptured). മേഘമണ്ഡലത്തിനപ്പുറം കാത്തുനിൽക്കുന്ന കാന്തനെ ചെന്നു കാണുന്ന, അവനുമായി സന്ധിക്കുന്ന അനർഘനിമിഷങ്ങളായിരിക്കും അവ!

ഈ സംഭവത്തെ യേശുവിന്റെ രണ്ടാം വരവിന്റെ രണ്ട് മുഖങ്ങളിൽ (Phase) ഒന്നാമത്തേതായി, രഹസ്യ പ്രത്യക്ഷത എന്നു പറയുന്നു; കാരണം അവൻ മേഘമണ്ഡലത്തിനും അപ്പുറം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി നിൽക്കുന്നു എന്നു മാത്രം, ഭൂമിയിൽ അന്നു അവശേഷിക്കുന്നവരുടെ കണ്ണുകൾക്ക് അഗോചരമായിരിക്കും ഈ സംഭംവം! (ചിലർ, കാലങ്ങളായി ഇതിനെ യേശുവിന്റെ 'മേഘപ്രത്യക്ഷത' എന്നു വിളിക്കുന്നത് തെറ്റാണ്, സഭയാണ് മേഘത്തിൽ കയറിപ്പോകുന്നത്, യേശുവല്ല, യേശു മേഘാരൂഢനായി വരുന്നത് ഈ സംഭംവം കഴിഞ്ഞ് ഏഴു വർഷങ്ങൾക്കുശേഷം മാത്രമായിരിയ്ക്കും വെളി.1:17). സത്യത്തിൽ രണ്ടാം മുഖത്തെ (Phase) യാണ് യേശുവിന്റെ മേഘപ്രത്യക്ഷത എന്ന് വചനാടിസ്ഥാനത്തിൽ വിളിക്കേണ്ടത്. പല പ്രത്യാശാ ഗാനങ്ങളും ഈ തിരിച്ചറിവില്ലാതെ രചിച്ചവയും അവ പാടുന്നവരും തിരിച്ചറിവില്ലാത്തവരുമാണെന്നത് ഖേദകരമായ സത്യമാണ്. ഇതിനു കാരണമുണ്ട്, രഹസ്യ പ്രത്യക്ഷതയും സഭയുടെ/കാന്തയുടെ ഉൾപ്രാപണവും കഴിഞ്ഞ് ഭൂമിയിൽ ഘോരമായ ന്യായവിധിയായിരിക്കും. അതു കഴിഞ്ഞേ മേഘപ്രത്യക്ഷതയുണ്ടാകൂ. അതുകൊണ്ട് മേഘാരൂഢനായി വരുന്ന യേശുവിനെയും കാത്തിരിക്കുന്നവർ മഹോപദ്രവത്തിൽ കൂടെ കടക്കേണ്ടിവരും എന്നതു വചനത്തിൽ സ്പഷ്ടമാണ്.

ഉൾപ്രാപണം ചെയ്ത ഒന്നാമത്തെ കൂട്ടരായ സഭ മാത്രമാണ് ക്രിസ്തുവിന്റെ മണവാട്ടി. ഇതിനു മുമ്പുയിർത്തവരോ മഹോപദ്രവകാലത്തിനുശേഷം ഉയിർക്കാനിരിക്കുന്നവരോ ആയ പഴയനിയമ വിശുദ്ധന്മാർ മണവാട്ടിയിൽ പെടില്ല. ഇന്ന് യേശു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തുണ്ട്. സഭയെ എതിരേൽക്കുവാൻ താൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതോടെ (1 തെസ്സ.4:16) മഹാപുരോഹിത ശുശ്രൂഷ തീരും, കൃപായുഗവും കഴിയും. സഭയുടെ ഉൽപ്രാപണവും നടന്നു കഴിഞ്ഞു ദൈവം യഹൂദനുമായിട്ടുള്ള ഇടപെടൽ മുമ്പ്, താൽക്കാലികമായി നിർത്തിവച്ചിരുന്നതിനെ പുനരാരംഭിക്കുകയും ചെയ്യും.

ദാനിയേൽ പ്രവചനത്തിൽ കാണുന്ന (9-ാം അദ്ധ്യായം) യിസ്രായേലിനും/യഹൂദനും യരുശലേം നഗരത്തിനും നിയമിച്ചിരുന്ന 70 ആഴ്ചവട്ടങ്ങളുടെ പ്രവചനത്തിലെ 69 ആഴ്ചവട്ടങ്ങൾ കൃത്യം ഹോശന്നാ നാളിൽ പൂർത്തിയായി. അന്നു അവർ യേശുവിനെ കൊല്ലുവാൻ/അഭിഷിക്തൻ ഛേദിക്കപ്പെടുവാൻ തീർപ്പു കൽപ്പിച്ചു (യോഹ.11:49-53, 56-57, മത്താ.21:9, 26:1,2,16). റോമർ 11:15-ൽ പറയുന്നപ്രകാരം അന്നു മുതൽ യഹൂദനും ഭ്രംശം (cast away) സംഭവിച്ചു. ഒലിവു മരത്തിൻ കൊമ്പായിരുന്ന യഹൂദനെ/യിസ്രായേലിനെ വെട്ടിമാറ്റി, തൽസ്ഥാനത്ത് ജാതികളാകുന്ന കാട്ടൊലിവിൻ കൊമ്പിനെ ഒട്ടിച്ചു (graft) ചേർത്തു. എന്നാൽ യഹൂദനെന്ന/യിസ്രായേലെന്ന കൊമ്പിനെ തീയിലിട്ടിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. പൗലോസ് എഴുതുന്നു 'അവരെ വീണ്ടും ഒട്ടിക്കയില്ലയോ' എന്ന് (റോമ.11:23-24). അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരേയും കൂട്ടി ഒട്ടിക്കും. അങ്ങനെയെങ്കിൽ നല്ല ഒലിവിൽ വസിച്ച്, നല്ല ഫലങ്ങളെ നൽകിയിരുന്ന കാട്ടൊലിവിൻ കൊമ്പിനേയും ചുമ്മാതെയങ്ങ് തള്ളികളയാൻ കഴിയില്ലല്ലോ, അതു വിശുദ്ധീകരിക്കപ്പെട്ടതാണല്ലോ (set apart)! രണ്ട് കൊമ്പുകൾക്ക് ഒരു സ്ഥാനത്ത് നിൽക്കാനും കഴിയില്ല. പിന്നെ സഭയാകുന്ന ഈ കാട്ടൊലിവിൻ കൊമ്പിനെ സ്വർഗ്ഗത്തിലേക്ക് എടുക്കുക എന്നതല്ലാതെ ഉപാധിയില്ല. അതുകൊണ്ടത്രേ 'യിസ്രയേലിന്റെ അംഗീകരണം വിശുദ്ധന്മാരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?' എന്നു പൗലോസ് ചോദിക്കുന്നത്. ഈ സത്യം തെളിയിക്കാൻ ഒലിവിന്റെ ഉദാഹരണം കൊണ്ടുവരുന്നു എന്നുമാത്രം. ഇന്നത്തെ സംഭവങ്ങളെ വചനാടിസ്ഥാനത്തിൽ പരിശോധിച്ചാൽ യിസ്രായേലിന്റെ അംഗീകാരത്തിനുള്ള കാലം അടുത്തു, സഭയുടെ ഉൾപ്രാപണത്തിന്റേയും. നാം ഉണരേണ്ട, കരിന്തിരി മുറിച്ച് ദീപത്തെ പാത്രത്തിലും എണ്ണ കരുതുവാൻ സമയമായി എന്നർത്ഥം! ചുരുക്കത്തിൽ തേജസ്ക്കരിക്കപ്പെട്ട ശരീരത്തോടെ എടുക്കപ്പെടുന്ന രണ്ടാം സംഘം സഭയാം കാന്തയായിരിക്കും.

*(തുടരും)*

---

**സങ്കീർത്തനം 119 ഒരു തെറ്റും കൂടാതെ പറഞ്ഞ നാൻസി വിനയ്ക്കും അക്സാ മെറി മാത്യുവിനും IPC Hebron PYPA യുടെ വകയായി പാസ്റ്റർ കെ.എം. ജോർജ് പാരിതോഷികം നൽകുന്നു PYPA പ്രസിഡന്റ് ബ്രദർ വിനോദ് ഐപ്പ് സമീപം**




Aksa Merry Mathew



Nancy Vinay

## കർത്താവിൽ നിദ്ര പ്രാപിച്ചവർ

**MARIAMMA SAMUEL (73)**
**Kizhakkedath, Pullad**
(M/o Br. Biju Samuel
Sharon Fellowship Church, Bahrain)



## HH Rhythm

## The Joy of being a Christian



Charles Abraham

The joy of being a Christian
Is that we have Jesus within
To pick us up when we fall
He loves us all, both great and small
He's always with us wherever we are
Even though sometimes we feel that He's far
He speaks to us through His Word
He is the Wonderful Counsellor and the Great Shepherd
He loves us with unconditional love
That's why He came down, and left His glory above
To die for sinners like you and me
So that we could be saved and be set free
He shed every drop of blood to save us from our sin
So all we have to do is believe in Him
Believe that He died and rose again
And then we can all be born again
Live for Him and follow His plans
He has promised us that no one can snatch us from His hands
So we should be thankful that we're His children
Coz when He comes back, He'll take us with Him


## ദൈവമക്കൾക്കൊരു സന്തോഷവാർത്ത

-പ്രഭാതപ്രാർത്ഥന-

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ
കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ
വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം
എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ
രാവിലെ 4:45 മുതൽ 5:45വരെ ,
സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ


## തക്ക തുണ

### HH Matrimonial

Seeking suitable alliance for Christian Pentecostal, (born again, baptized, and spiritual, fair, 25/165, M-Tech. qualified) girl, from parents of Pentecostal, Born again, baptized, with good spiritual life, Professionally Qualified Boys, working abroad.
Tel: 973 39517779
E-mail: roysbhn@gmail.com

32yrs / Male, Pentecost, working as JCB operator in Kerala seeks suitable proposals.
Tel: +973 38377321
0091 8089129076
E-mail: jibemon@gmail.com

## Looking for a Job

**Mechanical Engineer (DME)**
Position Searcing : Mechanical draftman
(Machinery and Fire fighting).
**Experience - 6 years**
Software known - Auto Cad, Catia V5, Ms Office, Adobe Photoshop, Adobe Premiere.
**Phone: 39034716, 37759872**
**E-mail: sumanpplr@gmail.com**

Looking for
**Teaching & Administration Vacancies**
Teaching (History, Economics)
Experience in Student Development
Classroom Management, Curriculum development
**Experience also in administrative roles**
**Phone: 36051151, 38418636**
**E-mail: Johngeorge1975@gmail.com**


**നിങ്ങൾ ഒരു ക്രൈസ്തവ എഴുത്തുകാരനോ, പ്രാസംഗികനോ, ഗായകനോ ആണോ ?**



**നിങ്ങളുടെ എഴുത്തുകൾ, സന്ദേശങ്ങൾ, ഗാനങ്ങൾ**
ലോകമെമ്പാടുമുള്ള മലയാളി ക്രൈസ്തവ വിശ്വാസി
സമൂഹവുമായി പങ്ക് വെയ്ക്കുവാൻ ആഗ്രഹിക്കുന്നുവോ ?
**ഇതാ GodsOwnLanguage.com നിങ്ങൾക്കായി നൽകുന്നു.**
**ഒരു സൗജന്യ പേജും, അൺലിമിറ്റഡ് സ്പേസും...!!**
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
www.GodsOwnLanguage.com godsownlanguage@gmail.com

# Dulux let's colour Bahrain

# NOW AVAILABLE IN BAHRAIN

## Call 77799900

www.duluxbahrain.com

Sales@duluxbahrain.com




Duluxpaintbh

Duluxpaintbh

33947000



STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian** Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914 Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative

PHOENIX MARKETING & CREATIONS W.L.L

**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only